Aikyadeepam

# ഐക്യദീപം

ജൂലൈ 2014

Since 1976 വില ₹ 10






# MAR EPHRAEM

## COLLEGE OF ENGINEERING AND TECHNOLOGY

**MARTHANDAM**

(Catholic Diocese of Marthandam)


Approved by AICTE, Delhi & Anna University, Chennai

### Courses

- B.E. Mechanical Engineering
- B.E. Civil Engineering
- B.E. Electronics & Communication Engineering
- B.E. Electrical & Electronics Engineering
- B.E. Computer Science & Engineering
- M.E. Computer Science & Engineering
- M.E. Applied Electronics
- M.E. Manufacturing Technology

### Fecilities

* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



***Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance**

FOR ADMISSION CONTACT:

**Mr. TONEY KURIEN** (Admission Officer): **9447413790, 09444713790 (T.N)**



# എഡിറ്റോറിയൽ

## editorial

**സൂര്യനുണരും** മുമ്പേ ഒരു ഭവനം ഉണരുന്നത് ഒരു അമ്മയുടെ സ്നേഹത്തിരിയുടെ വെളിച്ചത്തിലാണ്. സായന്തനത്തിന്റെ തണൽ മേഘം പൊതിയും മുമ്പേ ഒരു ഭവനം ശാന്തമാകുന്നത് ഒരു പിതാവിന്റെ വാത്സല്യത്തിന്റെ മടിയിലും. കൂടണയുന്ന പക്ഷികളെപ്പോലെ, ആകാശം കുങ്കുമം വിതറുന്ന സന്ധ്യകളിൽ കുഞ്ഞുങ്ങൾ ആ സ്നേഹത്തിന്റെ മരച്ചില്ലയിലേക്ക് ചേക്കേറും. ഓരോ ഭവനവും ഓരോ സ്വർഗ്ഗമാണ്. മണ്ണിന്റെ മണമുള്ള, കരുതലിന്റെയും സ്നേഹത്തിന്റെയും സുഗന്ധമുള്ള, ആരും ഓടിയണയാൻ കൊതിക്കുന്ന സ്വർഗ്ഗം. ഓർമ്മകളുടെ ചിത്രശലഭങ്ങൾ വട്ടമിട്ട് പറക്കുന്ന ഭൂമിയിലെ പറുദീസ.

ഒരുപക്ഷേ ഭൂമിയിലെ ഏറ്റം മനോഹരമായ ദൃശ്യം, കടൽക്കരയിൽ തോളോടുതോൾ ചേർത്ത് ഹൃദയങ്ങൾ അലിഞ്ഞ് കൈകൾ കോർത്തു നടക്കുന്ന അപ്പനും അമ്മയും ആ സ്നേഹത്തിന്റെ വിരൽ തുമ്പിൽ പിച്ച വയ്ക്കുന്ന കുഞ്ഞുങ്ങളും ആയിരിക്കും.

ഒരു വീടു പണിതുയർത്താൻ കല്ലും മണ്ണും മതി. എന്നാൽ അതൊരു ഭവനമാകണമെങ്കിൽ അവയോടൊപ്പം ഹൃദയവും ചേർത്ത് വയ്ക്കണം. ഇന്ന് നമ്മുടെ ഭവനങ്ങൾ കല്ലും മണ്ണും തീർത്ത, സ്നേഹം വറ്റി വരണ്ട വെറും വീടുകളായി മാറുന്നു, ഇഴയടുപ്പമില്ലാത്ത ബന്ധങ്ങളുടെ കുറെക്കാലത്തെ വാസസ്ഥലം മാത്രം. ലാഭകൊതിയുടെയും കച്ചവടത്തിന്റെയും തുലാസിൽ വച്ച് സ്നേഹത്തെയും ദാമ്പത്യത്തെയും മാതൃത്വത്തെയും പോലും അളക്കുമ്പോൾ അതെ തുലാസിൽ കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ വിലയും നിർണയിക്കുന്നു. ഒരു മരുഭൂമി കാറ്റ് നമ്മെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. ഒരു പെരുമഴയുടെ ശക്തിയേറിയ മഴത്തുള്ളികൾ നമ്മെ വല്ലാതെ നനക്കുന്നു. ഒരു പക്ഷേ ഈ കാറ്റിനെ ആ വീടുകളുടെ ഭിത്തികൾ അതിജീവിക്കില്ല. അല്ലെങ്കിൽ ഈ മഴയിൽ ആ ഭിത്തികൾ വിണ്ടുകീറി നിലം പതിക്കും വിധം നമ്മെ ഭയപ്പെടുന്നു. ഇനി ഈ ചുവരുകൾക്കുള്ളിൽ മുത്തശ്ശിക്കഥകൾ കേൾക്കില്ല.... അവയെല്ലാം പടിയിറങ്ങി പോയി കഴിഞ്ഞു അവരോടൊപ്പം. കാറ്റുപോയ ബലൂണുകൾപോലെ സ്നേഹബന്ധവും ബാല്യവും രക്തബന്ധവും കൂടി തകരുമ്പോൾ ഇനിയൊരു സ്വർഗ്ഗം പണിയാൻ നമുക്കാവുമോ?

അതെ..... ഇനിയും നമുക്ക് സ്നേഹത്തിന്റെ ഒരു സ്വർഗ്ഗം പണിയാം... പിരിയാനാവാത്ത സ്വർഗ്ഗം....ഒരു ആകാശഗോപുരം......ഒരു കൊച്ചു പറുദീസ. ഓടിയണയാം, നമുക്കെന്നും പിരിയാനാവാത്ത ഈ സ്വർഗ്ഗത്തിലേക്ക്, സ്നേഹത്തിന്റെയും കരുതലിന്റെയും നനവുവറ്റാത്ത ഈ തണലിടത്തിലേക്ക്. ഈ കൊച്ചു പറുദീസായുടെ ഭിത്തികൾ തകരാതെ ഹൃദയം ചേർത്തു വച്ചു പണിതുയർത്താം. ഒരിക്കൽ കൂടി.

# ഐക്യദീപം
*Aikyadeepam*

2014 ജൂലൈ പുസ്തകം 45 ലക്കം 7

▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com



03 *Editorial*





05 ഇടയശബ്ദം

06


08


12


14


18


24


**സ്ഥിരം പംക്തികൾ**
പ്രബോധനം,
കുടുംബവേദി,
ആരോഗ്യം, അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ,
വിശുദ്ധിയുടെ ലില്ലിപുഷ്പങ്ങൾ,
യൂത്ത് കോർണർ
സീൻ ബൈ സീൻ, ഉൾക്കണ്ണ്

06 **ഹൃദയത്തിന്റെ ഭാഷ**
ജയശ്രീ കിഷോർ

08 **സ്കൂളിലേക്ക് നടന്നും... വീട്ടിലേയ്ക്ക് ഓടിയും...**
ഫാ. രഞ്ജിത്ത് ആലുങ്കൽ

12 **Journey to the Unknown**
Rev. Dr. Saji George Mukkoot



14 **പരിശുദ്ധിയുടെ നക്ഷത്രം**
ജോമി കലയപുരം


18 **സ്ത്രീ പുരുഷ സ്നേഹം വൈവാഹിക ബന്ധത്തിൽ**
പ്രൊഫ. മാത്യു ഉലകംതറ

24 **കുടുംബത്തിലെ ആശയവിനിമയം**
ഡോ. എ നിർമ്മല



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Metropolitan Cathedral, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com

# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

**കുടുംബവർഷമായി** ആഗോളസഭ ആചരിക്കുന്ന പശ്ചാത്തലത്തിൽ കുടുംബവർഷപ്പതിപ്പായി ഇത്തവണ ഐക്യദീപം പ്രസിദ്ധീകരിക്കുകയാണ്. ഏതൊരു വ്യക്തിയും തന്റെ കുടുംബത്തെപ്പറ്റി അഭിമാനപൂർവ്വം ഓർക്കും. ഇന്ന കുടുംബത്തിലാണ് ഞാൻ പിറന്നത് എന്ന് അഭിമാനപൂർവ്വം പറയും. എവിടെയായിരുന്നാലും കുടുംബത്തിൽ മടങ്ങി എത്തണം എന്നത് വലിയ ആഗ്രഹമാണ്-പ്രതീക്ഷയാണ്. നമ്മൾ ജനിച്ചു എന്നതും വളർന്നു എന്നതും അല്ല നമ്മുടെ കുടുംബത്തെപ്പറ്റി ഇത്രയും ആവേശം കൊള്ളാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രത്യുത



കുടുംബ ബന്ധമാണ്, സ്നേഹമാണ്, സ്വാതന്ത്ര്യമാണ്, അഭിമാനം പകർന്നു തരുവാൻ തക്കവിധം ജീവിച്ച മുൻതലമുറയാണ്. നമുക്കു മനസിലാക്കാൻ കഴിയുന്നതിലുമധികം നമ്മുടെ ജീവിതത്തിനു തുറവിയും മനസ്സിന് ഉറപ്പും നൽകിയത് കുടുംബാന്തരീക്ഷമാണ്. പണ്ഡിതനെന്നോ പാമരനെന്നോ കുബേരനെന്നോ കുചേലനെന്നോ വ്യത്യാസമില്ലാതെ ഏവർക്കും തന്റെ കുടുംബം പ്രധാനപ്പെട്ടതാണ്.

ആധുനിക ലോകത്ത് കുടുംബങ്ങൾ ധാരാളം വെല്ലുവിളികളെ നേരിടുന്നു. വളരെ പ്രധാനമായും ബന്ധങ്ങളിലും, സ്നേഹത്തിലും, സ്വാതന്ത്ര്യത്തിലും ഒക്കെ വന്ന തകർച്ചകളാണവ. അതിരുകൾ ലംഘിക്കുന്നതിന് മടിയില്ലാതായിരിക്കുന്നു. സ്വാർത്ഥത വളർന്ന് സർവ്വതിനെയും നിയന്ത്രിക്കുന്നു. വിലപിടിപ്പുള്ളവ വലിച്ചെറിയുന്നതിനും വില കുറഞ്ഞവയെ തോളിലേറ്റുന്നതിനും അറപ്പില്ലാതായിരിക്കുന്നു. പണവും സുഖലോലുപതയും ആഡംബരവും ഇന്ന് പ്രധാന ഘടകങ്ങളായി തീർന്നിരിക്കുന്നു. മാതാപിതാക്കൾ തമ്മിലും കുട്ടികളും മാതാപിതാക്കളും തമ്മിലും ഉണ്ടാകുന്ന അകലങ്ങൾ ഭയാനകമാണ്. എല്ലാവർക്കും മറയ്ക്കാനും ഒളിയ്ക്കാനും ഒരുപാടു കാര്യങ്ങൾ ഉള്ളതുപോലെ തോന്നുന്നു. വ്യക്തിപൂജ കുടുംബത്തെ തകർത്തിരിക്കുന്നു.

എവിടെയോ വായിച്ചത് ഓർക്കുന്നു. ഒരു മിനിറ്റിൽ താഴെ നടത്തിയ വിഖ്യാതമായ ഒരു പ്രസംഗമാണ്. ജോലി, കുടുംബം, ആരോഗ്യം, സുഹൃത്തുക്കൾ, ദൈവം എന്നീ 5 പന്തുകൾ ഒരേ സമയത്ത് അമ്മാനമാടുന്നതുപോലെയാണ് ജീവിതം. ഇതിൽ ജോലി എന്ന പന്തു താഴെ വീണാൽ അത് തിരികെ ഉയരും; എന്നാൽ മറ്റു 4 പന്തുകളും താഴെ വീണാൽ അവ ഉടഞ്ഞു നശിക്കും. പഴയരീതിയിലേക്ക് കൊണ്ടുവരുവാൻ സാധിക്കാത്ത രീതിയിൽ അവ നാലും ഉടഞ്ഞു തരിപ്പണമാകും! അതായത് ഏറെ ശ്രദ്ധ ആവശ്യമായ നാലു കാര്യങ്ങളാണ് കുടുംബം, ആരോഗ്യം, സുഹൃത്തുക്കൾ, ദൈവം.

ദൈവത്തിന്റെ പ്രതിഛായയാണ് കുടുംബം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിഏക ദൈവത്തിന്റെ കൂട്ടായ്മ. ഭൂമിയിലെ ഓരോ കുടുംബവും ത്രിത്വത്തെ അനുകരിക്കണം. ത്രിതൈ്വക ദൈവം എന്നത് വിശ്വാസരഹസ്യം മാത്രമല്ല ജീവിതത്തിൽ പ്രായോഗികമാക്കുവാൻ ഒരു മാതൃക കൂടിയാണ്. കുടുംബത്തിന്റെ സമാധാനവും സന്തോഷവും എല്ലാവരുടെയും ഉത്തരവാദിത്തമായി

*(ശേഷം പേജ് 9)*



# ഹൃദയത്തിന്റെ ഭാഷ

**ഹൃദയത്തിന്** ഒരു ഭാഷയുണ്ടായിരുന്നത്രെ! വളരെ പണ്ട് സ്നേഹിക്കുന്ന ഹൃദയങ്ങൾക്ക് പറയാതെ തന്നെ പരസ്പരം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ഭാഷ. എന്റെ ബാല്യത്തിലാണ് ഞാനത് കേട്ടത്. പർവ്വതങ്ങൾ സംസാരിച്ചിരുന്ന കാലം... ഉരഗങ്ങൾക്ക് ചിറകുകൾ ഉണ്ടായിരുന്ന കാലം... അന്ന് ഹൃദയത്തിന്റെ ഭാഷ എല്ലാവർക്കും അറിയാമായിരുന്നത്രെ! ഇത് കേട്ടപ്പോൾ എനിക്ക് വിശ്വസിക്കാനായില്ല. അങ്ങിനെയാണ് ഞാൻ ചാഛിയമ്മയോട് (അമ്മമ്മ) ചോദിച്ചത് അന്നത്തെ എന്റെ എൻസൈക്ലോപ്പീഡിയ എന്റെ ചാഛിയമ്മയാണ്. സത്യത്തിൽ ഹൃദയത്തിന് ഒരു ഭാഷയുണ്ടോ? തലമൊട്ടയടിച്ച്, വെളുത്ത്, മെലിഞ്ഞ ചാഛിയമ്മ എഴുപതാമത്തെ വയസ്സിലും മുത്തുപോലെയുള്ള പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു “ഹൃദയത്തിനു ഭാഷയുണ്ടോ എന്നോ? അസ്സലായി. തീർച്ചയായും ഉണ്ട്. മനുഷ്യരുടെ മാത്രമല്ല ആ ഭാഷകൊണ്ട് നാം വളർത്തുന്ന മൃഗങ്ങളുടെ, പക്ഷികളുടെ, എല്ലാം ഭാഷ നമുക്കറിയാം. നമ്മെ സ്നേഹിക്കുന്നവർ, നാം സ്നേഹിക്കുന്നവർ എത്ര അകലെയാണെങ്കിലും അവരുടെ ചിന്ത, വിഷയം എല്ലാം നമുക്കറിയാം. നിനക്കറിയോ നിന്റെ അമ്മ അന്ന് കുഞ്ഞാണ് കുഞ്ഞെന്നു പറഞ്ഞാൽ ജനിച്ച് 28 ദിവസം പോലും പ്രായമാകാത്ത കുഞ്ഞ്. രാത്രിയിൽ അവൾക്ക് പാലും കൊടുത്ത് ഞാൻ കട്ടിലിന്റെ തലയ്ക്കൽ അങ്ങിനെ ചാരിയിരിക്ക്യ. നിന്റെ മുത്തച്ഛൻ അന്ന് മലായിലാ.... അന്നത്തെ മലായീ എന്നു പറഞ്ഞാൽ ഇന്നത്തെ അമേരിക്കയെക്കാൾ അങ്ങ് ദൂരയാ. നിന്റെ അമ്മയ്ക്ക് പാലും കൊടുത്തു കട്ടിലിൽ ചാരിയിരിക്കുന്ന ഞാൻ ആ ശബ്ദം വ്യക്തമായി കേട്ടു. നിന്റെ മുത്തച്ഛന്റെ “ദേവൂ എനിയ്ക്ക് തീരെ വയ്യ. ഒരു ഗ്ലാസ് വെള്ളം...” എന്റെ കയ്യിൽ നിന്ന് വെള്ളം വാങ്ങി കുടിക്കുന്നതിനു മുൻപേ കണ്ണുകൾ അടയുന്ന മുത്തച്ഛന്റെ മുഖം കണ്ട് ഞാൻ ഞെട്ടി. ഉറക്കെ കരഞ്ഞ എന്നെ എല്ലാവരും വഴക്കു പറഞ്ഞു, കളിയാ



ജയശ്രീ കിഷോർ

ക്കി... ഓരോരോ സ്വപ്നങ്ങള് കണ്ട് ആൾക്കാരെ പേടിപ്പിക്കുകയാണ് എന്നു പറഞ്ഞു. പിന്നെ എനിക്കുറങ്ങാനെ കഴിഞ്ഞില്ല. മുത്തച്ഛൻ എന്റെ കൺമുൻപിൽ നിന്ന് മറഞ്ഞുമില്ല. നിനക്കറിയോ പിറ്റേന്ന് ഉച്ചയായപ്പോഴെയ്ക്കും മലായീന്ന് കമ്പി വന്നു. ഇന്നലെ അർദ്ധരാത്രിയോടെ മുത്തച്ഛൻ മരിച്ചൂന്ന്. അതാണ് മോളെ ഹൃദയത്തിന്റെ ഭാഷ. ഇന്ന് നമുക്കതെല്ലാം കെട്ടുകഥകളായി മാറിയിരിക്കുന്നു. വിശ്വസിക്കാൻ പോലും കഴിയാത്ത പഴങ്കഥകൾ. ശിഥിലമാവുന്ന കുടുംബബന്ധങ്ങളുടെ, കെട്ടുറപ്പില്ലാത്ത ആത്മബന്ധങ്ങളുടെ വഴികളിലൂടെയാണ് നാം സഞ്ചരിക്കുന്നത് ഭാര്യാഭർത്തൃബന്ധത്തിൽ സമത്വമാണ് വേണ്ടത് എന്ന് നാം തെറ്റിദ്ധരിക്കുന്നു. സമന്വയമാണെന്ന സത്യം വിസ്മരിക്കുന്നു. ഒരുതുണ്ടു ഭൂമിക്കുവേണ്ടി കൊലവിളിച്ച് വെട്ടികൊല്ലുന്ന സഹോദരങ്ങൾ കഷ്ടം നമ്മിൽ നിന്നു ഹൃദയത്തിന്റെ ഭാഷ അന്യം വന്നു പോയിരിക്കുന്നു. മാനം വിറ്റാലും പണം നേടണം പ്രശസ്തി ഉണ്ടാവണം എന്നിവയിലേക്ക്, എത്തിച്ചേരുമ്പോൾ 'ജീവിത മൂല്യങ്ങൾ' വേഷം കെട്ടുന്ന വെറും പൊയ്കോലങ്ങളാണ് നമുക്കു ചുറ്റും പടം പൊഴിച്ചിടുന്നു. വിവാഹം നടക്കുന്നതിനെക്കാൾ വേഗത്തിൽ വിവാഹമോചനത്തിലേക്ക് വഴി മാറുമ്പോൾ നാം സ്വയം തോൽക്കുയാണെന്ന സത്യം തിരശ്ശീലയ്ക്ക് പിന്നിലാവുന്നു. ഇതിനിടയിൽ നാം മറന്നു പോകുന്ന വേറെ ഒരു സത്യം കുഞ്ഞുങ്ങളാണ്. അമ്മയും, അച്ഛനും കലഹിച്ച് സ്വന്തം ശരികളുടെ പട്ടുമെത്ത നെയ്യുമ്പോൾ നിരപരാധികളായ ഈ കുഞ്ഞുങ്ങൾ ഏകാന്തതയുടെയും, അനാഥത്വത്തിന്റെയും കളിയാക്കലുകളുടെയും അപകർഷധാബോധത്തിൽപെട്ട്, കെട്ട് പൊട്ടിപോയ പട്ടംപോലെ തനിയെ സഞ്ചരിക്കുന്നു. ഇവർ എവിടെ വേണമെങ്കിലും എത്തിച്ചേരാം. മയക്കുമരുന്നുകളുടെ... ക്രിമിനലുകളുടെ.... മാനസിക വൈകല്യങ്ങളുടെ ഏതെങ്കിലും തുരുത്തിൽ ഇവരെ കാണുമ്പോൾ നാം അമ്പരക്കേണ്ടതില്ല. ഓർക്കാൻ ഒരു നല്ല ബാല്യം പോലും കൈവശമില്ലാത്ത ഇവരിൽ നിന്ന് നാം ഇതിൽ കൂടുതൽ എന്തു പ്രതീക്ഷിക്കാൻ.

മാതാപിതാക്കളെ ഏതെങ്കിലും അമ്പലത്തിലോ, പള്ളിമുറ്റത്തോ നട തള്ളുന്നത് കാണുന്ന കൊച്ചുമക്കളിൽ നിന്ന് അതിനെക്കാൾ മെച്ചപ്പെട്ട എന്താണ് ഇവർ ആഗ്രഹിക്കുന്നത്. ഇന്ന് സ്നേഹം എന്നു പറയുന്നത് കുഞ്ഞുങ്ങളുടെ ആവശ്യങ്ങളും, അനാവശ്യങ്ങളും സാധിച്ചു കൊടുക്കലാണ്. അതിലപ്പുറം അവരോടൊപ്പം കഴിയാൻ മാതാപിതാക്കൾക്ക് സമയം ലഭിക്കാറുമില്ല. അധികാരം നമുക്ക് അലങ്കാരമാണ് അല്ലാതെ നല്ലതു ചെയ്യാനുള്ള അവസരമല്ല. നമ്മുടെ കുഞ്ഞുങ്ങളെ എൻഞ്ചിനീയറോ, ഡോക്ടറോ സകലകലാവല്ലഭന്മാരോ ആക്കാൻ നാം തലകുത്തി നിന്ന് ശ്രമിക്കുന്നു. ട്യൂഷൻ ക്ലാസ്സുകളിൽ നിന്ന് ട്യൂഷൻ ക്ലാസ്സുകളിലേക്ക് നാം ഓടിക്കുന്നു. എപ്പോഴെങ്കിലും അവരിൽ, ആത്മാർത്ഥത, സ്നേഹം, ആത്മീയത, കൃത്യനിഷ്ഠ, മുതിർന്നവരെ ബഹുമാനിക്കൽ എന്ന കാര്യങ്ങൾ ഓർമ്മിപ്പിക്കാറുണ്ടോ. വേണ്ട ഇതെല്ലാം പറഞ്ഞു കൊടുത്തു പഠിപ്പിക്കേണ്ട സദ്ഗുണങ്ങളല്ല. നമ്മിൽ നിന്ന് അവർ കണ്ടു പഠിക്കേണ്ട കാര്യങ്ങളാണ്. ഈ വക കാര്യങ്ങൾക്കായ് അവരെ പഴിക്കുമ്പോൾ ഇതെല്ലാം നമ്മിലുണ്ടോ എന്നും നമുക്ക് വിശകലനം ചെയ്യാം. ഇത് പണ്ട് ഒരു ഞണ്ടിന്റെ കഥപോലെയാണ്. അമ്മഞണ്ട് മകളോട് ഉപദേശിക്കുകയാണ്. "എല്ലാവരും മുന്നോട്ട് നടക്കുമ്പോൾ നീ മാത്രം എന്താണ്. പിറകോട്ട് നടക്കുന്നത്? നാണമില്ലേ നിനക്ക് മറ്റുള്ളവരെ കൊണ്ട് ഇങ്ങനെ പറയിപ്പിക്കാൻ? കഷ്ടം എനിക്ക് ഇങ്ങനെ ഒരു മകളാണല്ലോ ഉണ്ടായത്? ഉടൻ മകൾ പറയുന്നു. "അമ്മ ഒന്ന് മുന്നോട്ട് നടന്നു കാണിക്കൂ എന്നാൽ ഞാനും മുന്നോട്ട് നടക്കാം." അതുകൊണ്ട് ജീവിതമൂല്യങ്ങളും, ജീവിത കലയും ഒരു ചൂരൽ വായ്പ മാതാപിതാക്കളൊ, ഗുരുനാഥന്മാരോ പഠിപ്പിക്കേണ്ടതല്ല. അവരെ കണ്ട് കുട്ടികൾ പഠിക്കേണ്ടതാണ്. അതുകൊണ്ടു തന്നെ ശിഥിലമാക്കുന്ന കുടുംബബന്ധങ്ങളെക്കുറിച്ചോ, സ്നേഹം, ദയ എന്ന വികാരങ്ങളെക്കുറിച്ചോ ഘോരം, ഘോരം പ്രസംഗച്ചതു കൊണ്ടോ, എഴുതിയതു കൊണ്ടോ ഒന്നുംമാവില്ല. നഷ്ടപ്പെട്ടുപോയ ഹൃദയത്തിന്റെ ഭാഷ തിരിച്ചു പിടിക്കാൻ കഴിയണം. അപ്പാപ്പനു കുത്തിയ പാള അപ്പനാണെന്ന സത്യം വിസ്മരിക്കാതിരിക്കാൻ ശ്രമിച്ചാൽ കൊള്ളാം.

**ജീവിതത്തിൽ മൂല്യങ്ങൾക്ക് ഒരുപാട് സ്ഥാനമുണ്ട്. ജീവിത മൂല്യങ്ങളെ നാം വിസ്മരിക്കുമ്പോൾ നാം നമ്മെ തന്നെ സ്വയം വിസ്മരിക്കുന്നു എന്നതാണ് സത്യം. ജീവിതം വളരെ വേഗത്തിൽ കറങ്ങുന്ന ഒരു ഫാൻ പോലെയാണ്. കറക്കത്തിന്റെ ശക്തിയിൽ എല്ലാം ഒന്നായി തോന്നും. അതിലെ ലീഫുകളൊന്നും വേർതിരിച്ചു കാണാനാകില്ല.**

ജീവിതത്തിൽ മൂല്യങ്ങൾക്ക് ഒരുപാട് സ്ഥാനമുണ്ട്. ജീവിത മൂല്യങ്ങളെ നാം വിസ്മരിക്കുമ്പോൾ നാം നമ്മെ തന്നെ സ്വയം വിസ്മരിക്കുന്നു എന്നതാണ് സത്യം. ജീവിതം വളരെ വേഗത്തിൽ കറങ്ങുന്ന ഒരു ഫാൻ പോലെയാണ്. കറക്കത്തിന്റെ ശക്തിയിൽ എല്ലാം ഒന്നായി തോന്നും. അതിലെ ലീഫുകളൊന്നും വേർതിരിച്ചു കാണാനാകില്ല. എന്നാൽ പതുക്കെ പതുക്കെ അതിന്റെ വേഗത കുറയും. അന്ന് ഓരോ ലീഫുകളായി നമുക്കു വേർതിരിക്കാനാകും. പക്ഷേ അപ്പോഴേക്കും ഈ ജീവിതവും തീർന്നിട്ടുണ്ടാവും. അതുകൊണ്ടു തന്നെ സ്നേഹത്തിന്റെ, ആത്മാർത്ഥതയുടെ ഭാഷ നമുക്ക് കൈമോശം വരാതിരിക്കട്ടെ – അതെല്ലാം തിരിച്ചു പിടിക്കുവാൻ ഇനിയെങ്കിലും സാധിക്കട്ടെ!



# ലേക്ക് നടന്നും...





ഫാ. രഞ്ജിത്ത് ആലുങ്കൽ




ഏതാണ് നല്ല സ്കൂൾ? ഏത് സിലബസാണ് നല്ലത്? സി.ബി.എസ്.ഇ ആണോ? ഐ.സി.എസ്.ഇ ആണോ? സ്റ്റേറ്റ് സിലബസാണോ നല്ലത്? വീട്ടിൽ നിർത്തി പഠിപ്പിക്കുന്നതാണോ, ബോർഡിംഗിൽ ചേർക്കുന്നതാണോ നല്ലത്? വിദ്യാലയവും സിലബസുമായി ബന്ധപ്പെട്ട അനേകം സംശയങ്ങൾ ധാരാളം രക്ഷിതാക്കൾ പങ്കുവയ്ക്കുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അത്ര എളുപ്പം ഉത്തരം നൽകാവുന്നതല്ല ഈ ചോദ്യങ്ങൾ. ഓരോ കുട്ടിയുടേയും കഴിവും കുടുംബ പശ്ചാത്തലങ്ങളും സ്വപ്നങ്ങൾക്കുമനുസരിച്ച് ഉത്തരങ്ങൾക്കും മാറ്റമുണ്ടാകും.

ഏതാണ് നല്ല സിലബസ് അല്ലെങ്കിൽ സ്കൂൾ എന്നതിലുപരി എന്താണ് നല്ല വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് മാതാപിതാക്കൾക്ക് ബോദ്ധ്യമുണ്ടാകണം. വിദ്യഭ്യാസത്തെ പരീക്ഷക്ക് പരിശീലിപ്പിക്കുക എന്നതിലുപരി ഒരു കുട്ടിയുടെ സമഗ്രമായ വ്യക്തിത്വ വികാസം ആണ് എന്ന തിരിച്ചറിവ് ഏറ്റവും പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായ വ്യക്തിത്വവികാസം സാധ്യമാക്കുന്ന വിദ്യാലയമാണ് നല്ല വിദ്യാലയം. ഓരോ കുട്ടിയിലും അന്തർലീനമായ കഴിവുകളെ കണ്ടെത്തി, പരിപോഷിപ്പിച്ച്, പ്രകടിപ്പിക്കുവാൻ അവസരങ്ങൾ ലഭിക്കുന്ന സ്ഥലമാണ് നല്ല വിദ്യാലയം.



"നല്ല കുടുംബങ്ങളിൽ നിന്ന് നല്ല കുട്ടികൾ വരുന്നു എന്നതിനോട് ചേർത്ത് വായിക്കേണ്ടതാണ് പ്രശ്നകാരികളായ കുട്ടികൾ വരുന്നത് മിക്കപ്പോഴും പ്രശ്നങ്ങൾ ഉള്ള കുടുംബങ്ങളിൽ നിന്നാണ്."

# ലേക്ക് ഓടിയും...

### കുടുംബം പ്രഥമ വിദ്യാലയം

ഒരു കുട്ടിയുടെ മൂന്നു വയസുവരെയുള്ള വിദ്യാഭ്യാസം വീട്ടിൽ നടത്തിയ ശേഷമാണ് സ്കൂളിൽ ചേർക്കുക. ദാമ്പത്യ ബന്ധത്തിലെ ആഗ്രഹത്തെ ദൈവം ആശീർവദിക്കുമ്പോളാണ് ഓരോ കുട്ടിയും ജനിക്കുക. ആദ്യമായി സ്കൂളിൽ ചേർക്കാൻ കൊണ്ടുവന്ന കുട്ടിയുടെ പേര് ചോദിച്ചപ്പോൾ 'ഗോൾഡീന' എന്നു പറഞ്ഞതോർക്കുന്നു. വിശദമായി ചോദിച്ചപ്പോൾ വിവാഹശേഷം പന്ത്രണ്ട് വർഷങ്ങൾ കഴിഞ്ഞ് ജനിച്ച കുഞ്ഞായതുകൊണ്ട് നൽകിയ പേരാണെന്നു പറഞ്ഞു. വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ ജനിക്കുന്ന കുട്ടിയും നീണ്ട കാത്തിരിപ്പിനൊടുവിൽ ജനിക്കുന്ന കുട്ടികളും മാതാപിതാക്കളിൽ നിന്നാണ് പ്രഥമ പാഠങ്ങൾ അഭ്യസിക്കുന്നത്. "നല്ല കുടുംബങ്ങളിൽ നിന്ന് നല്ല കുട്ടികൾ വരുന്നു എന്നതിനോട് ചേർത്ത് വായിക്കേണ്ടതാണ് പ്രശ്നകാരികളായ കുട്ടികൾ വരുന്നത് മിക്കപ്പോഴും പ്രശ്നങ്ങൾ ഉള്ള കുടുംബങ്ങളിൽ നിന്നാണ്." നല്ല ഒരു അമ്മയോ അച്ഛനോ നൂറ് അദ്ധ്യാപകർക്ക് തുല്യമാണ് എന്ന യാഥാർത്ഥ്യം മറന്ന് നല്ല സ്കൂളിൽ ചേർത്താൽ നല്ല കുട്ടിയായി മാറും എന്ന ധാരണ മാതാപിതാക്കൾക്കിടയിൽ വ്യാപകമായി ഉണ്ട്. ശൈശവത്തിൽതന്നെ നടക്കേണ്ട വഴി അവനെ പഠിപ്പിക്കുക വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല (സുഭാ:22:6) ശിശുക്കളുടെ ഭാവി അവരുടെ മാതാപിതാക്കളിലാണെന്ന് നെപ്പോളിയൻ ബോണപ്പാർട്ടിന്റെ വാക്കുകൾ ശ്രദ്ധേയമാണ്.

### സ്കൂളിലേക്ക് നടന്ന് വീട്ടിലേക്ക് ഓടി...

വിദ്യാർത്ഥികൾ സാധാരണയായി സ്കൂളിലേക്ക് നടന്നും ക്ലാസ്സുകൾക്കുശേഷം തിരികെ പോകുമ്പോൾ ഓടിയും പോകുന്നു എന്നു കാണാറുണ്ട്. ക്ലാസ്മുറികളുടെ നാല് ചുവരുകൾക്കുള്ളിൽ ഡിറ്റേഷനും, സൈലൻസും, ഇംപൊസിഷനും മാത്രം കേട്ട് സഹിച്ചിരിക്കുന്ന ബാല്യങ്ങൾ തീർച്ചയായും





ക്ലാസ് കഴിഞ്ഞ് നടക്കുമ്പോൾ കാലിന് വേഗത കൂടും. എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ പുത്തൻ സാങ്കേതിക വിദ്യകൾ, കണ്ടും കേട്ടുമുള്ള പഠന രീതികളും ക്ലാസ് മുറികൾക്കു പുറത്തുള്ള വിശാല ലോകത്തിലെ കാര്യങ്ങളെ പരിചയപ്പെടുത്തലും വഴി വിദ്യാലയത്തിലേക്ക് നടന്നു വരുന്ന കുട്ടികൾ ഓടി എത്താൻ ശ്രമിക്കും. പഠിക്കാൻ പഠിപ്പിക്കുന്നതാണ് ശരിയായ പഠനം. താഴ്ന്ന ക്ലാസ് മുതൽ ശരിയായ പരിശീലനം ലഭിക്കുന്ന കുട്ടികൾ സ്വയം പഠിക്കാനുള്ള കഴിവ് നേടും. കുട്ടികളുടെ ജിജ്ഞാസ ഉണർത്തുന്നതും വാസനകൾ വളർത്തുന്നതുമായ രസകരമായ ആക്ടിവിറ്റികളിലൂടെയുള്ള പഠനം സ്കൂൾ അന്തരീക്ഷത്തെ കൂടുതൽ സജീവമാക്കും.

## മാതാപിതാക്കൾ + കുട്ടി + അദ്ധ്യാപകർ = വിദ്യാഭ്യാസം

'ബെർമുദാ ട്രയാങ്കിൽ' എന്നു കേട്ടിട്ടുണ്ടാകും. ഒരു സാങ്കല്പിക ത്രികോണമാണിത്. ശാസ്ത്രത്തിന് തൃപ്തികരമായ ഒരു വിശദീകരണം നൽകുവാൻ കഴിഞ്ഞിട്ടില്ലാത്ത ഈ ത്രികോണ സങ്കല്പത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു. ഫ്ളോറിഡായിൽ നിന്ന് ബെർമുദാ ദ്വീപിലേക്കും അവിടെനിന്ന് പ്യൂറ്റോറിക്കോ ദ്വീപിലേക്കും ആ ദ്വീപിൽ നിന്ന് തിരികെ ഫ്ളോറിഡായിലേക്കും ത്രികോണാകൃതിയിൽ കടലിൽ രേഖയുണ്ടെന്നാണ് പറയുന്നത്. ഈ സാങ്കല്പിക ത്രികോണ പ്രദേശത്ത് എത്തുന്ന കപ്പലുകൾ പെട്ടെന്ന് കാണാതാവുന്നു. ആ പ്രദേശത്തിനു മുകളിലൂടെ പോകുന്ന വിമാനങ്ങളും അപ്രത്യക്ഷമാകുന്നു. അത്ഭുതകരമായ ഈ പ്രതിഭാസം ഇന്നും ശാസ്ത്രത്തിനു വിശദീകരിക്കാനായിട്ടില്ല.

സ്കൂൾ വിദ്യാഭ്യാസത്തെ ബെർമുദാ ട്രയാങ്കിളുമായി ബന്ധപ്പെടുത്താൻ കഴിയും. മാതാപിതാക്കളും അദ്ധ്യാപകരും വിദ്യാർത്ഥികളും പരസ്പര പൂരകങ്ങളായ പ്രക്രിയയാണ് വിദ്യാഭ്യാസം. മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിലേക്കും അവിടെനിന്ന് വിദ്യാർത്ഥികളിലേക്കും തുടർന്ന് മാതാപിതാക്കളിലേക്കും എത്തി നിൽക്കുന്ന നേർരേഖകളുടെ സങ്കലനമാണ് വിദ്യാഭ്യാസം. ഇവിടെ ഓരോരുത്തർക്കും വളരെ പ്രാധാന്യമുള്ള പങ്ക് നിർവ്വഹിക്കാനുണ്ട്. ഈ ത്രികോണത്തിൽ കൂടി കടന്നുപോകുന്ന ഓരോ വിദ്യാർത്ഥിയിലുമുള്ള അപക്വതയും അപകർഷതാബോധവും അജ്ഞാനവുമാകുന്ന കപ്പലുകൾ അപ്രത്യക്ഷമാകണം. സമഗ്ര വ്യക്തിത്വത്തെ വികസിപ്പിക്കുന്ന വിശുദ്ധമായ ഈ ത്രികോണത്തിനു മുകളിലൂടെ പറക്കുമ്പോൾ അന്ധകാരത്തിന്റെയും തിന്മയുടെയും, അനാചാരങ്ങളുടേയും അസത്യത്തിന്റെയും വിമാനങ്ങൾ അപ്രത്യക്ഷമാവണം. നന്മയുടെ മൂല്യബോധവും, സമൂഹത്തോടും സഹജീവികളോടും പ്രകൃതിയോടുമുള്ള കടപ്പാടുകളും തിരിച്ചറിയാൻ വിദ്യാഭ്യാസം സഹായിക്കണം. സ്കൂളുമായും അദ്ധ്യാപകരുമായും നിരന്തരം നല്ലബന്ധം മാതാപിതാക്കൾക്കുണ്ടാകണം. കുട്ടികളുടെ പ്രത്യേകതകൾ അദ്ധ്യാപകരുമായി പങ്കുവയ്ക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും വേണം. ഏത് സ്കൂളിനെയും നല്ല സ്കൂളാക്കുന്നതിൽ മാതാപിതാക്കളുടെ ക്ഷമാപൂർവ്വമായ ഇടപെടലും ഉത്തരവാദിത്വബോധവും നിർണ്ണായകമാണ്.

തലയും കൈയും മാത്രം ഉപയോഗിച്ച് പുസ്തകപ്പുഴുക്കളായും പരീക്ഷക്ക് ഒരുക്കുന്നത് മാത്രമായും വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്. തലയും കൈയും ഹൃദയവും (Head, Hand and Heart) പരസ്പര പൂരകങ്ങളായി ബന്ധപ്പെടുന്ന 'ബർമുദാ ട്രയാങ്കിളായി' വിദ്യാഭ്യാസത്തെ കാണേണ്ടിയിരിക്കുന്നു. മതപഠനവും മൂല്യബോധവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു കുട്ടി പ്രാർത്ഥനയും, ആരാധനയും, ആചാരങ്ങളും, വ്രതാനുഷ്ഠാനങ്ങളും എല്ലാറ്റിലുമുപരി ദൈവികജ്ഞാനത്തിലും വളരുന്നത് വീടും ദൈവാലയങ്ങളുമായി ബന്ധപ്പെട്ടാണ്. അറിവിൽ നിന്ന് തിരിച്ചറിവിലേക്കും അക്ഷരങ്ങളിൽ നിന്ന് ആരാധനയിലേക്കും ഓരോ കുട്ടിയും വളരുക കുടുംബവും പള്ളിയും പള്ളിക്കൂടവും (Family, Church and School) പരസ്പര പൂരകങ്ങളായ മറ്റൊരു ബെർമുദാ ട്രയാങ്കിൾ തീർക്കുമ്പോഴാണ്.

## ഇടയശബ്ദം (5-ാം പേജ് തുടർച്ച)

കാണണം. അവരവരുടെ ഉത്തരവാദിത്ത്വം അവരവർ നിർവ്വഹിക്കുമ്പോൾ മാത്രമെ കുടുംബം മുമ്പോട്ടു പോകൂ. ഏറ്റക്കുറച്ചിലുകൾ അന്യോന്യം പരിഹരിക്കണം; എന്നാൽ ഉത്തരവാദിത്ത്വങ്ങൾ നിർവ്വഹിക്കേണ്ടതുതന്നെ.

മാതാപിതാക്കൾ തങ്ങളുടെ കുടുംബത്തിന് മുന്തിയ പ്രാധാന്യം നൽകണം. ജോലിയുടെയും സമുദായ - രാഷ്ട്രീയ സമ്മർദങ്ങളുടെയും പേരിൽ കുടുംബത്തിലെ അവരുടെ സാന്നിദ്ധ്യം കുറയുന്നു. ഇതു അപകടമാണ്. കുടുംബം പവിത്രമാണ്. ഒരാൾ കുടുംബത്തെ എങ്ങനെ പരിചരിക്കുന്നുവോ അതുപോലെ മാത്രമേ മറ്റു പ്രസ്ഥാനങ്ങളെയും പരിചരിക്കുവാനും സേവിക്കുവാനും സാധിക്കൂ. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനയും ഭക്ഷണവും, അൽപ്പസമയം ഒരുമിച്ചു കുടുംബകാര്യങ്ങൾ പറഞ്ഞു രസിച്ച് സന്തോഷിക്കുന്നതും വലിയകാര്യമാണ്. കുടുംബാംഗങ്ങൾ എല്ലാവരും ഈ സന്തോഷത്തിൽ പങ്കെടുക്കണം. മദ്യപാനം നമ്മുടെ കുടുംബങ്ങളെ കാർന്നുതിന്നുന്ന വലിയ വിപത്താണ്. ഇതുവഴിയുണ്ടാകുന്ന ധനനഷ്ടവും അപകടങ്ങളും അസമാധാനവും അസന്തുഷ്ടിയും തീർച്ചയായും വിചിന്തനം ചെയ്യണം. എത്ര കുടുംബങ്ങളാണ് കണ്ണീരിൽ കഴിയുന്നത്! സുഖേഛമാത്രം ഒരാൾ ശ്രദ്ധിക്കുമ്പോൾ ബാക്കിയുള്ളവരെയെല്ലാം കണ്ണീരിലാഴ്ത്തുകയാണ്. ഭവനം സ്വർഗ്ഗമാക്കുവാൻ ഏവരും ശ്രദ്ധിക്കണം.

കുടുംബത്തിന്റെ സമാധാനവും സന്തോഷവും നിലനിൽപ്പും കാക്കേണ്ടത് മക്കളുടെയും ഉത്തരവാദിത്തമാണ്. ദൈവം നമുക്കു തന്ന വലിയ നന്മയാണ് നമ്മുടെ ജീവൻ. അതു നാം മാതാപിതാക്കളിൽ നിന്നും സ്വീകരിച്ചതാണ്. ആയതിനാൽ നമുക്കു മാതാപിതാക്കളോട് വലിയ സ്നേഹവും ബഹുമാനവും വേണം. നമ്മുടെ പിഞ്ചുപ്രായത്തിൽ നമ്മുടെ സന്തോഷത്തിനും ആരോഗ്യത്തിനും നിലനിൽപ്പിനും വേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ചവരാണ് അവർ. നാം ഇപ്പോൾ ആരോഗ്യമുള്ളവരായിരിക്കാം. എന്നാൽ ചെറുപ്രായത്തിൽ അങ്ങനെയായിരുന്നില്ലല്ലോ. നാം ഓർക്കേണ്ടത് മാതാപിതാക്കളുടെ സ്നേഹനിർഭരമായ ശുശ്രൂഷയെയാണ്. അത് ഇല്ലായിരുന്നെങ്കിൽ നാം ഉണ്ടാകുമായിരുന്നില്ല. എവിടെയോ വായിച്ച ഒരു കഥ മനസ്സിലേക്കു വരുന്നു. പ്രായം ചെന്ന അപ്പൻ ഉമ്മറത്ത് ഇരിക്കുകയാണ്. മകൻ പ്രഭാതസൂര്യകിരണങ്ങൾ ഏറ്റ് കൊണ്ട് പത്രം വായിച്ചിരിക്കുന്നു. അപ്പൻ മകനോട് പത്രത്തിലെ ചില കാര്യങ്ങൾ ചോദിച്ചറിയുവാൻ ശ്രമിക്കുകയാണ്. മകൻ ആദ്യത്തെ രണ്ടു മൂന്നു ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു. പിന്നെ അപ്പനെ ശകാരിക്കുവാൻ തുടങ്ങി. അപ്പനിപ്പോൾ എന്തൊക്കെയാണ് അറിയേണ്ടത്. ഇവിടെ കുത്തിയിരുന്നാൽപ്പോരെ. മനുഷ്യർക്കു സമാധാനത്തോടെ ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്നൊക്കെ. അപ്പൻ മകനോടു പറഞ്ഞു: നീ നന്നേ ചെറുപ്പമായിരുന്നു. ഞാൻ പത്രം വായിക്കുമ്പോൾ എന്റെ മടിയിൽ ഇരിക്കണമെന്നതു നിന്റെ നിർബന്ധമായിരുന്നു. പുറത്ത് മരച്ചോട്ടിൽ തീറ്റി തിന്നാൻ വരുന്ന കാക്കയെക്കുറിച്ച് നീ ചോദിച്ചു. അപ്പാ അതെന്താ - ഞാൻ മറുപടി പറഞ്ഞു. ഒന്നല്ല - നീ ആവശ്യപ്പെട്ടപ്പോഴെല്ലാം. ഒരു 100 തവണയെങ്കിലും ചോദിച്ചുകാണും. ഞാൻ നിന്റെ ജിജ്ഞാസ കണ്ട് അപ്പോഴെല്ലാം ഉത്തരം തന്നു. അപ്പന്റെ വാക്കുകൾ മകന്റെ ഹൃദയത്തെ തപിപ്പിച്ചു. കണ്ണീർക്കണങ്ങളോടെ അവൻ അപ്പനൊരു മുത്തം കൊടുത്തു. ഇതെത്രയോ ശരി. നമുക്കു വേണ്ടി എത്ര തവണ അർത്ഥമില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ പറഞ്ഞു തന്നവരാണവർ. എത്ര നിർബന്ധങ്ങൾക്ക് അവർ വഴങ്ങി തന്നു!! നാം അവരെ ഓർക്കണമെന്നു പറയുമ്പോൾ ഓർക്കാൻ നമുക്കൊന്നും ഇല്ലേ? നമുക്ക് അമ്മയുടെ, അപ്പന്റെ സ്നേഹത്തിന്റെ ആഴം മനസ്സിലാകുകയില്ലെന്നോ?

മക്കളായ നാം വളർന്നു കഴിയുമ്പോൾ അവരോടു മല്ലടിക്കുകയും അവരെ അനുസരിക്കാതിരിക്കുകയും ഹൃദയം കൊണ്ട് വെറുക്കുകയും ഒക്കെ ചെയ്യുന്നുണ്ടോ? എന്നെക്കാൾ അനുജനെയും അനുജത്തിയെയും ഒക്കെ സ്നേഹിക്കുന്നു എന്ന് നമുക്കു തോന്നുന്നുണ്ടോ? പലപ്പോഴും ഇവ ഒക്കെ തോന്നലുകൾ ആവാം. മാതാപിതാക്കൾ തീർച്ചയായും കുട്ടികളുടെ ഇത്തരത്തിലുള്ള സംശയങ്ങൾക്കതീതമായി പ്രവർത്തിക്കണം. ആരെയെങ്കിലും കൂടുതൽ കരുതുന്നു എങ്കിൽ അവർ മറ്റുള്ളവരെക്കാൾ ആരോഗ്യത്തിലോ മറ്റുതരത്തിലോ കുറവുള്ളതുകൊണ്ടാവണം. മറിച്ച് ഒരിക്കലും കുട്ടികളോട് വേർതിരിവ് ഉണ്ടാവരുത്, പ്രകടിപ്പിക്കുകയുമരുത്.

മക്കൾ തീർച്ചയായും ദൈവപൈതങ്ങളായി വളരണം. നമ്മുടെ മാതാപിതാക്കൾക്ക് നാം വലിയ സന്തോഷവും സമാധാനവും ആശ്വാസവും ആവണം. നാം ഇന്ന് അനുഭവിക്കുന്ന സൗകര്യങ്ങൾ ഒന്നും തന്നെ അവർക്കില്ലായിരുന്നു. അവർ നമുക്കുവേണ്ടി ജീവിച്ചു. അവരുടെ താല്പര്യങ്ങൾ നമ്മുടെ ജീവിത വഴികളിൽ പ്രധാനപ്പെട്ടവയാണ്. നാം ജീവിത പങ്കാളിയെ സ്വപ്നം കാണുമ്പോഴും നമ്മുടെ കുടുംബവും വിശ്വാസവും പ്രധാനപ്പെട്ടവയായി കരുതണം.

അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സണ്റെ മനോഹരമായ ഉദ്ഘാടന പ്രസംഗം കേട്ട ആളുകൾ ചോദിച്ചു - അങ്ങേക്ക് ഈ അറിവുകൾ - ആദരവുകൾ എവിടെ നിന്നു ലഭിച്ചു. അദ്ദേഹം പറഞ്ഞു: "ഞങ്ങളുടെ കുടുംബത്തിലെ ഊണുമേശയിൽ നിന്ന്." ഇത് ഒരു അനുഭവമാണ്. നമ്മുടെ മക്കൾ പഠിക്കേണ്ടത് ഊണുമേശയിൽ നിന്നാണ്. അതിലെല്ലാം അടങ്ങിയിട്ടുണ്ട്. പങ്കുവയ്ക്കൽ, കാത്തിരിപ്പ്, ത്യാഗം, കരുതൽ, ചിരി, സ്നേഹം, പ്രാർത്ഥന - അങ്ങനെ എന്തെല്ലാം. ഈ ലക്കം ഐക്യദീപം നമുക്ക് ഒരു പുതിയ ദർശനം തരട്ടെ എന്നു പ്രാർത്ഥിക്കുന്നു. കുടുംബത്തിൽ നിന്നും ലഭിക്കുന്നവ മാത്രമെ നമുക്കുള്ളൂ. സമൂഹ സൃഷ്ടിയിൽ അവ പ്രധാനപ്പെട്ടതാണ്. നമ്മുടെ കുടുംബം നമുക്കു ലഭിച്ച ദാനമാണ്; നാം എപ്രകാരം ആയിത്തീരുന്നു എന്നത് കുടുംബത്തിനു നാം കൊടുക്കുന്ന സമ്മാനവും. ●

# Journey to the Unknown



Unknown

**Rev. Dr. Saji George Mukkoot**


"The LORD said to Abram: Go forth from your land, your relatives, and from your father's house to a land that I will show you. I will make of you a great nation, and I will bless you; I will make your name great, so that you will be a blessing. I will bless those who bless you and curse those who curse you. All the families of the earth will find blessing in you. Abram went as the LORD directed him, and Lot went with him (Gen 12: 1-4a NAB)."As scripture further describes, Abram was seventy-five years old when he left Haran and God blessed him abundantly in this God-given place. Abraham's life was a journey to the unknown.

The above scripture reference reminds me of a couple of key figures beloved to India whose feast days fall in the month of July. They are St. Thomas the Apostle and Servant of God Mar Ivanios. St. Thomas, the first evangelizer and the Apostle of India, and Mar Ivanios the Apostle of the Reunion Movement, replicate Abraham our patriarch inembracing the unknown, as reflected in scripture and tradition.

St. Thomas, informally called "Doubting Thomas" or "Didymus" which means "The Twin" is described as one of the twelve apostles. According to St. John's Gospel account, he questioned Jesus' Resurrection when first told of it, followed by his confession of faith as both "My Lord and my God" on seeing Jesus' wounded body.For further information, the historians mostly depend on the Acts of St. Thomas, a third century Syriac document, in which his visit to India is referred. According to this document, Thomas was at first reluctant to accept this mission, but the Lord appeared to him in a night vision and said,"Fear not, Thomas. Go away to India and proclaim the Word, for my grace shall be with you." But the Apostle still demurred, so the Lord overruled the stubborn disciple by ordering circumstances so compelling that he was forced to accompany an 'Indian' merchant, Abbanes, as a slave to his native place in 'India', where he found himself in the service ofGondophares, the king.

> The Malankara Catholic Church's impact in today's world and society is the direct result of Mar Ivanios' radical decision.

As the story continues, the Apostle's evangelistic work brought about many conversions throughout the kingdom, including the king and his brother. In addition to the countless conversions, the Apostle also built seven churches in Kerala, India. They still remain as historical monuments of his efforts. The story confirms St. Thomas' journey to the unknown,in total surrender to his master. Standing on this ground, his followers have been cherishing and nourishing this patrimony through many generations. Subsequently, history has presented somegreat characters who inestimably contributed to the Indian Church, including the outstanding visionaryServant of God Mar Ivanios, also known as the Neumann of India. Similar to St. Thomas, his later successor Mar Ivanioshas also realized his call toembrace the unknown to spread the Gospel message in the Indian soil.




Taking a puzzling and distinctive step was nothing but divine choice. An area which no one has explored to that extend until then was a revelation.As a pioneer in this effort, Mar Ivaniosresponded to the divine call to renew the Indian Church in a way fitting for India. His profoundly chose *Sanyasa,* the Indian form of monasticism,as the foundational principle for renewing the Church. How can a person take such a challenge unless it is of From God? As St. Thomas was deeply rooted in the Indian ethos, Mar Ivaniosdeepened the wisdom and experience of his own culture to successfully convey the Gospel message. We realize it was only a beginning point, for the vision grew and craved to fulfill our Lord's dream of one shepherd and one flock. At this point he decided to leave all his possessions aside, just surrendering to the Lord. Consequently, God's voice enabled him to take a drastic step to leave*mundan mala*of Bethany to achieve his higher goal, unity among St. Thomas Christians. Our Lord commanded to his disciples "Carry no money bag, no sack, no sandals; and greet no one along the way. Into whatever house you enter, first say, 'Peace to this household' (Luke 10: 4-5 NAB)." Mar Ivanios believed these words dauntlessly embraced the unknown.

The Malankara Catholic Church's impact in today's world and society is the direct result of Mar Ivanios' radical decision. Although he has lighted the lamp, we are entrusted to spread the light of unity to the ends of the earth. Embracing the unknown is vital in the effort of evangelization, especially as the Servant of God's canonization process is advancing.

Let us embrace the unknown by listening to our Lord "Do not be afraid any longer, little flock, for your Father is pleased to give you the kingdom.Sell your belongings and give alms. Provide money bags for yourselves that do not wear out, an inexhaustible treasure in heaven that no thief can reach nor moth destroy. For where your treasure is, there also will your heart be (Luke 12: 32-34 NAB)." Let us believe that the Lord will open many avenues for usto build up his Kingdom.



# പരിശുദ്ധിയുടെ നക്ഷത്രം



**ജോമി തോമസ് കലയപുരം**

അടിയുറച്ച പ്രാർത്ഥനാ ജീവിതം കൊണ്ടും അനിഷേധ്യമായ കർമ്മകുശലത കൊണ്ടും ഭാരതക്രൈസ്തവസഭയിൽ ഐക്യത്തിന്റെ ഉദയരശ്മികൾ ചൊരിഞ്ഞ മലങ്കര സൂര്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ സമാഗതമായിരിക്കുന്നു. മാർത്തോമ്മാ ശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തിലൂടെ രൂപം കൊണ്ട മലങ്കരസഭയുടെ നവോത്ഥാനം ലക്ഷ്യമിട്ട് ഐക്യത്തിന്റെ പാത കാട്ടിക്കൊടുത്ത പ്രവാചകൻ മാർ ഈവാനിയോസ് നമ്മെ സംബന്ധിച്ചിടത്തോളം വിശുദ്ധിയുടെ ഉദാത്ത മാതൃക തന്നെയാണ്.

കൂനൻകുരിശു സത്യത്തെത്തുടർന്ന് ഭിന്നിപ്പിന്റേയും വ്യവഹാരങ്ങളുടേയും പാത തുടരുന്ന മലങ്കര സഭയിൽ ആദ്ധ്യാത്മികതയുടെ നവോന്മേഷം വിതറി ചൈതന്യം നിറച്ച് ദൈവവിശ്വാസത്തിൽ ആഴപ്പെട്ട് ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ മുന്നേറാനുള്ള ക്രിയാത്മക പദ്ധതിയുമായി കടന്നുവന്ന മാർ ഈവാനിയോസ് എന്ന അവതാരപുരുഷൻ നമുക്കേവർക്കും അത്ഭുതവും ആദരവും ഉളവാക്കുന്ന ഒരു മഹദ് വ്യക്തിത്വമാണ്. താൻ ജനിച്ചു വളർന്ന സമുദായത്തിന്റെ ദുരവസ്ഥയ്ക്ക് പ്രതിവിധി ആലോചിച്ച് ഒരു യാഗപ്പശുവിനേപ്പോലെ ദൈവത്തിനു ബലിയായിതീരുവാൻ മാർ ഈവാനിയോസ് ജീവിതം സമർപ്പിച്ചു.

പുണ്യശ്ലോകനായ മാർത്തോമ്മാ ശ്ലീഹായാൽ സംസ്ഥാപിതമെന്നും, പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും

അഭിമാനിച്ചുവരുന്ന മലങ്കര സുറിയാനി സമുദായം ഇക്കാലത്തിനകം, അതിന്റെ കർത്തവ്യകർമ്മമേതോ ആ വിഷയത്തിൽ - സ്ഥാപന ഉദ്ദേശ്യമേതോ ആ കാര്യത്തിൽ - ഇദംപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായി കണക്കാക്കേണ്ടതുന്നുള്ളതാണ്. ക്രിസ്ത്വാബ്ദം 52–ാം ആണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവയ്ക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേനിലയിൽ തന്നെ ഇരിക്കുന്നതല്ലാതെ, അതുകൊണ്ട് നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്കു പ്രകാശവും പ്രസരിപ്പും ലഭിക്കുവാൻ ഇടയായിട്ടില്ലെന്നുള്ളത് സമ്മതിച്ചേ മതിയാകൂ (ഗിരിദീപം പേജ് 57)

ഇത്തരത്തിൽ അധഃപതനത്തിന്റെയും നിസംഗതയുടേയും വളർച്ചയില്ലായ്മയുടേയും കേന്ദ്രമായി മാറിയ സമുദായനേതൃത്വത്തെ ഞെട്ടിച്ചുകൊണ്ട് അതുല്യമായ ദൈവാശ്രയബോധവും അനുപമായ സഭാസ്നേഹവും കൈമുതലായി മലങ്കര സഭയുടെ നവീകരണം ലക്ഷ്യമിട്ട് ഒരു മാമുനി കടന്നുവന്നു. വിശ്വാസജീവിതത്തിൽ മലങ്കരമക്കളിൽ ഒരു വിപ്ലവം സൃഷ്ടിച്ചുകൊണ്ട് ഈ പ്രേഷിതൻ ആത്മീയതയുടെ ഒരു നിശബ്ദവിപ്ലവം മലങ്കരയിൽ ആകമാനം സൃഷ്ടിച്ചു. മാർത്തോമ്മാ ശ്ലീഹായ്ക്കും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനും ശേഷം ഭാരതം അടുത്തറിഞ്ഞ ഈ തൃതീയ അപ്പസ്തോലൻ - ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ആദ്ധ്യാത്മിക വിപ്ലവ സവിശേഷതകളെക്കുറിച്ച് അടുത്തറിയാം.

## 1. കൂദാശാധിഷ്ഠിത ജീവിതത്തിന് മുൻതൂക്കം നല്കി

ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയായ കൂദാശകളിൽ നിന്നും അകന്നു ജീവിക്കുന്നതാണ് മലങ്കരമക്കളുടെ ആത്മീയ പാപ്പരത്തത്തിനു കാരണമെന്നു മനസ്സിലാക്കിയ ദൈവദാസൻ വിശുദ്ധ കൂദാശകളുടെ അന്തഃസത്ത വെളിപ്പെടുത്തി കൂദാശാധിഷ്ഠിത ജീവിതം നയിക്കുവാനും തയ്യാറെടുപ്പിക്കുവാനും സമൂഹത്തിലേക്കിറങ്ങി. പ്രസംഗങ്ങളിലൂടെയും ഭവനസന്ദർശനത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും മറ്റും അദ്ദേഹം ഇതിനു നേതൃത്വം നല്കി. കൂദാശാശെമ്മാശ്ശൻ എന്ന പേര് സിദ്ധിച്ചതും ഇക്കാരണങ്ങളാലാണ്. അനുതാപത്തിന്റെ ജീവിതത്തിലൂടെ ആളുകളെ ദൈവത്തിന്റെ മക്കളാക്കാൻ ദൈവദാസൻ മുന്നിട്ടിറങ്ങി.

## 2. സന്യാസ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് എടുത്തുചാടി

യേശുവിന്റെ ആബ്ബാ അനുഭവത്തിൽ അധിഷ്ഠിതമായി ദൈവരാജ്യ രൂപീകരണത്തിന്, ക്രിസ്തുവിനെ അനുഗമിക്കുവാൻ - സമർപ്പിത ജീവിതത്തിന്റെ ആവശ്യകത മനസ്സിലാക്കി സന്യാസജീവിതം ദൈവദാസൻ തിരഞ്ഞെടുത്തു. ആദ്ധ്യാത്മികതയുടെ ശുഷ്ക്കതയ്ക്ക് സന്യാസം വഴി പരിഹാരമുണ്ടാക്കാമെന്ന് ഈ സഭാവിജ്ഞാനി മനസ്സിലാക്കി. ബഥനി ആശ്രമം - മലങ്കര സഭയുടെ ആദ്ധ്യാത്മിക നവീകരണത്തിന് ഒരു കൊടുങ്കാറ്റായി മാറി എന്നത് നമുക്കേവർക്കും അറിവുള്ള കാര്യമാണ്.

## 3. പാരമ്പര്യങ്ങളിലേക്കുള്ള മടങ്ങിപോക്ക്

ആത്മീയ പ്രതിസന്ധിക്ക് പരിഹാരം തേടിയുള്ള ദൈവദാസന്റെ പ്രയാണം പാരമ്പര്യങ്ങളുടെ തിരിച്ചുവരവിന് കാരണമാക്കി. മലങ്കരയിലെ കാതോലിക്കാ സ്ഥാപനം, സന്യാസസമൂഹ സ്ഥാപനം, സന്യാസിനി സമൂഹ സ്ഥാപനം തുടങ്ങി പാരമ്പര്യങ്ങളിലൂന്നി സഭാ നവീകരണത്തിന് ദൈവദാസൻ മുന്നിട്ടിറങ്ങി.

## 4. വി. കുർബ്ബാനയോടുള്ള അഗാധഭക്തി

ക്രിസ്ത്യാനിയുടെ ഇഹലോകജീവിതം പൂർണ്ണതയിലേക്കുള്ള തീർത്ഥയാത്രയാകുന്നു. ഈ തീർത്ഥയാത്രയിൽ വഴിമദ്ധ്യേ എല്ലായ്പ്പോഴും യേശുമിശിഹായുടെ ജീവനെ സമ്പാദിച്ചുകൊണ്ട് മുമ്പോട്ടു നടക്കേണ്ടതാകുന്നു. വഴിയാത്രയുടെ ഭക്ഷണം യേശുമിശിഹായുടെ ജീവനാകുന്നു. ആ ജീവനെ വി. കുർബ്ബാന വഴിയായി ക്രിസ്ത്യാനി അനുഭവിക്കുന്നു എന്ന ദൈവദാസന്റെ വാക്കുകൾ വി. കുർബ്ബാനയോടുള്ള അദ്ദേഹത്തിന്റെ ഭക്തി എടുത്തുകാട്ടുന്നു. ഈ ഭക്തി മലങ്കര സഭാമക്കളിൽ വളർത്തുന്നതിലും വളർത്തുവാനും ദൈവദാസൻ മുന്നിട്ടിറങ്ങി. വി. കുർബ്ബാന ഒരു ധ്യാനപഠനം എന്ന ഗ്രന്ഥം തന്നെ ഇതിനുള്ള മികച്ച തെളിവാണ്.

## 5. സത്യത്തെ സ്വീകരിക്കാനുള്ള തൃഷ്ണ

സഭയിലെ അന്തഃഛിദ്രത്തിനും അനൈക്യത്തിനും വ്യവഹാരങ്ങൾക്കും വിരാമം നല്കാൻ ഐക്യത്തിന്റെ പാതതന്നെയാണ് നല്ലതെന്നു തിരിച്ചറിഞ്ഞ ദൈവദാസൻ ആ തിരിച്ചറിവിന്റെ ദൈവികസ്വരത്തിനു കാതോർത്തു. പ്രേരിപ്പിച്ചവർ പിന്മാറിയിട്ടും എല്ലാം ഉപേക്ഷിച്ച് സത്യത്തെ ആശ്ലേഷിച്ച ദൈവദാസന്റെ പാത എത്ര ശരിയായിരുന്നുവെന്ന് 83 വർഷങ്ങൾക്കുശേഷം ദൈവം തന്നെ വെളിപ്പെടുത്തുന്നു. അഞ്ചിൽ നിന്നു അഞ്ചുലക്ഷത്തോളമുയർന്ന ഒരു ദൈവിക ജനത ആഗോളസഭയിൽ പാരമ്പര്യങ്ങളുടെ തനിമയിൽ പത്രോസിന്റെ പിൻഗാമിയുടെ കീഴിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഒരു മഹാജനതയായി രൂപാന്തരപ്പെടാൻ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ആത്മാർത്ഥമായ സത്യാന്വേഷണം കൊണ്ടു മാത്രമാണെന്ന കാര്യം ചാരിതാർത്ഥ്യം ഉളവാക്കുന്ന സംഗതിയാണ്.

മലങ്കരസഭയിൽ ഐക്യത്തിന്റെ പൊൻപ്രഭ ചൊരിഞ്ഞ് നവീകരണത്തിന്റെ വിപ്ലവം നയിച്ച ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ധന്യമായ ഓർമ്മകൾ നമുക്കെന്നും പ്രചോദാത്മകമാണ്. ആ പരിശുദ്ധിയുടെ നക്ഷത്രം കണ്ട് നമുക്ക് യാത്ര തുടരാം.

●





# ധന്യതയുടെ നിറവിൽ

**കോർ എപ്പിസ്കോപ്പമാരായി ഉയർത്തപ്പെടുന്ന റവ. ഡോ. തോമസ് കൊടിനാട്ടുംകുന്നേൽ, റവ. ഫാ. ഏബ്രഹാം ചാക്കോ നരിമറ്റത്തിൽ എന്നിവരിലൂടെ മലങ്കര സഭാ മക്കൾക്ക് ലഭിച്ച ആത്മീയ ചൈതന്യവും വിശ്വാസതീക്ഷ്ണതയും വിശ്വാസികളുടെ ഹൃദയത്തിൽ ദീപനാളമായി ജ്വലിച്ചുകൊണ്ടിരിക്കുന്നു.**



**ടോണി പടിഞ്ഞാറെമണ്ണിൽ**

2014 ജൂൺ 27 എന്ന ദിവസം തിരുവല്ല അതിരൂപതയുടെ ചരിത്രത്തിൽ ഇടം നേടുകയാണ്. അതിരൂപതയുടെ പ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന രണ്ടു വൈദികരെ കോർ എപ്പിസ്കോപ്പമാരായി ഉയർത്തുന്നു. അതോടൊപ്പം മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന് യുവജന പ്രസ്ഥാനത്തെ നയിച്ച് കേരള കത്തോലിക്കാ യുവജനപ്രസ്ഥാനമായ KCYM നെ ധീരതയോടെ നയിച്ച യുവജന മനസ്സുകളെ കീഴടക്കിയ അഡ്വ. ഏബ്രഹാം എം. പട്യാനി ഡൽഹി ന്യൂനപക്ഷ കമ്മീഷൻ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടുവെന്നതും അതിരൂപതയ്ക്ക് അഭിമാനമായി.

കോർ എപ്പിസ്കോപ്പമാരായി ഉയർത്തപ്പെടുന്ന റവ. ഡോ. തോമസ് കൊടിനാട്ടുംകുന്നേൽ, റവ. ഫാ. ഏബ്രഹാം ചാക്കോ നരിമറ്റത്തിൽ എന്നിവരിലൂടെ മലങ്കര സഭാ മക്കൾക്ക് ലഭിച്ച ആത്മീയ ചൈതന്യവും വിശ്വാസതീക്ഷ്ണതയും വിശ്വാസികളുടെ ഹൃദയത്തിൽ ദീപനാളമായി ജ്വലിച്ചുകൊണ്ടിരിക്കുന്നു.

അതിരൂപതാ യുവജനപ്രസ്ഥാനമായിരുന്ന യുവദീപത്തിന്റെ രൂപതാ ഡയറക്ടറായി ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ പ്രവർത്തിച്ചിരുന്ന കാലഘട്ടം തിരുവല്ല രൂപതാ യുവജനപ്രസ്ഥാനത്തിന്റെ സുവർണ്ണ കാലഘട്ടം എന്ന് വിശേഷിപ്പിക്കാവുന്ന വർഷങ്ങളാണ്. 'യുവദീപം' എന്ന പേരിൽ രൂപം കൊണ്ട അന്നത്തെ യുവജനപ്രസ്ഥാനത്തെ ശക്തമായ നേതൃത്വത്തിലൂടെ മലങ്കര സഭയിൽ വെളിച്ചം പകരുന്ന MCYM എന്ന പ്രസ്ഥാനമാക്കി വളർത്തിയതിൽ ബഹുമാനപ്പെട്ട അച്ചന്റെ പങ്ക് നിസ്തുലമാണ്.

ബഹു. അച്ചന്റെ ആവേശോജ്വലമായ സന്ദേശങ്ങളും പ്രസംഗങ്ങളും ക്ലാസുകളും ഒരു കാലഘട്ടത്തിൽ വിവിധ സഭാ യുവജനപ്രസ്ഥാനങ്ങൾക്ക് പ്രചോദനം പകർന്നിട്ടുണ്ട്.

അറിയപ്പെടുന്ന ഒരു സുവിശേഷ പ്രസംഗകൻ, ഏത് വിഷയത്തെപ്പറ്റിയും അനായാസം പ്രസംഗിക്കാൻ കഴിയുന്ന ഒരു വൈദികൻ എന്നിങ്ങനെ ക്രൈസ്തവ സഭയിൽ ഒരു കാലഘട്ടത്തിന്റെ ആവേശമായിരുന്നു ബഹു. കൊടിനാട്ടുംകുന്നേലച്ചൻ.

തിരുവല്ല രൂപതയുടെ വികാരി ജനറാൾ, കോർപ്പറേറ്റ് മാനേജർ, എസ്.ബി. കോളേജ് വൈസ് പ്രിൻസിപ്പാൾ, പുഷ്പഗിരി സി.ഇ.ഒ. എന്നീ സ്ഥാനങ്ങൾ വഹിച്ച ബഹു. കൊടിനാട്ടുംകുന്നേലച്ചന് പുതിയ സ്ഥാനലബ്ധിയിൽ അഭിനന്ദനങ്ങൾ നേരുന്നു.

അതിരൂപതാ വികാരി ജനറാൾ, സണ്ടേ സ്കൂൾ ഡയറക്ടർ, മൈനർ സെമിനാരി റെക്ടർ എന്നീ നിലകളിൽ തനതായ വ്യക്തിത്വം പുലർത്തിയ ബഹു. ഏബ്രഹാം ചാക്കോ നരിമറ്റത്തിൽ കോർ എപ്പിസ്കോപ്പയായി ഉയർത്തപ്പെടുന്നതിൽ അഭിനന്ദനങ്ങൾ നേരുന്നു.

ബഹു. അച്ചൻ തിരുവല്ല അതിരൂപതയിലെ പ്രധാന ഇടവകകളുടെ വികാരിയായും കുറേക്കാലം അമേരിക്കയിലും സേവനമനുഷ്ഠിച്ചിരുന്നു. ഹൈറേഞ്ച് മേഖലയിൽ ബിഷപ് ഹൗസ് ഉണ്ടായപ്പോൾ മുതൽ കട്ടപ്പന ജ്യോതിസ് സെന്റർ ഡയറക്ടറായും വൈദിക മേഖലാ ഡയറക്ടറായും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ആനവിലാസം ഇടവക വികാരിയായിരിക്കുമ്പോഴാണ് കോർ എപ്പിസ്കോപ്പയായി ഉയർത്തപ്പെടുന്നത്.

ഞങ്ങളുടെ ഇടവകയായ കടമാൻകുളം ഇടവകയുടെ വികാരിയായിരിക്കുമ്പോൾ ഏറ്റം അടുത്ത് ഇടപഴകുവാൻ സാധിച്ചു. ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഏകദേശം ഒരു വർഷത്തെ പരിപാടികൾ തയ്യാറാക്കി ആഴ്ചയിൽ രണ്ടു ദിവസങ്ങളിലായി ഇടവകയിൽപ്പെട്ട ഓരോ ഭവനത്തിലും സന്ധ്യാ പ്രാർത്ഥന നടത്തുകയും അതോടൊപ്പം വചന സന്ദേശം നൽകുകയും പതിവായിരുന്നു. ബഹു. നരിമറ്റം അച്ചൻ നൽകിയ ഓരോ ദിവസത്തെയും സന്ദേശം എഴുതി പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ അത് ഏറ്റവും നല്ല കൃതിയായി മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാകുമായിരുന്നു. ബഹു. അച്ചന്റെ കൃത്യനിഷ്ഠ ഏതു വിഷയത്തിലും ഉള്ള അറിവ്, പാണ്ഡിത്യം ഇതൊക്കെയും വിലപ്പെട്ടതാണ്. 2 മാസത്തിലൊരിക്കൽ സണ്ടേ സ്കൂൾ കുട്ടികൾക്ക്, യുവജനങ്ങൾക്ക്, സണ്ടേ സ്കൂൾ അദ്ധ്യാപകർക്ക്, ഇവർക്കെല്ലാം പ്രയോജനപ്പെടുന്ന ഒരു ക്ലാസ്, മോറൽ വാല്യൂ തുടങ്ങി വിവിധ വിഷയങ്ങളിൽ ബഹു. അച്ചൻ തന്നിരുന്നുവെന്നതും പ്രത്യേകം അനുസ്മരിക്കയാണ്. ഇടവകയിൽനിന്നും അരമനയിലേക്ക് ട്രാൻസ്ഫർ ആയപ്പോൾ ബഹു. അച്ചനോടൊപ്പം അച്ചന്റെ കാറിൽ 10 വയസ്സിൽ താഴെയുള്ള ഇടവകയിലെ കുഞ്ഞുങ്ങൾ മാത്രം. ഇടവക ജനങ്ങൾ എല്ലാവരും തന്നെ അവരവരുടെ വാഹനങ്ങളിലും മറ്റുമായി അരമനയിലേക്ക് പോയതും ഇപ്പോൾ ഓർക്കുകയാണ്.

കേരള ജനതയ്ക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു വൈദികനുണ്ടായിരുന്നു, ഫാ. ജോസഫ് വടക്കൻ. തൃശൂർ അതിരൂപതയിലെ വൈദികൻ. സാമൂഹ്യ – രാഷ്ട്രീയ – ആത്മീയ കാര്യങ്ങളിലെല്ലാം ജനത്തിന്റെ മുന്നിൽ സ്വന്തം പ്രതിച്ഛായകൊണ്ട് നിറഞ്ഞുനിന്ന അത്ഭുത പ്രതിഭാസം, അതായിരുന്നു ഫാ. വടക്കൻ. അദ്ദേഹം 1980 കളിൽ കേരള ജനതയുടെ സമഗ്ര നവോത്ഥാനത്തിനായി ഒരു കേരള യാത്ര നടത്തുകയുണ്ടായി. പ്രധാനമായും മദ്യനിരോധനം ഉൾപ്പെടെ ഒൻപത് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ കേരള യാത്രയ്ക്ക് തടിയൂർ ജംഗ്ഷനിൽ സ്വീകരണം കൊടുത്തപ്പോൾ ഞാനും ഉണ്ടായിരുന്നു. അന്നു നടന്ന സ്വീകരണ സമ്മേളനത്തിൽ ഫാ. വടക്കനെ സ്വാഗതം ചെയ്തുകൊണ്ട് ഒരു ബി.കോം വിദ്യാർത്ഥി പ്രസംഗിച്ചു. അത് ഏബ്രഹാം എം. പട്യാനി ആയിരുന്നു. സമ്മേളന സദസ്സിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് വിനയാന്വിതയായി സരസമായ, ലളിതമായ ഭാഷയിൽ ഫാ. വടക്കനെ സ്വാഗതം ചെയ്തുകൊണ്ട് ആ യുവാവ് കേരള യാത്രയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു.

മറുപടി പ്രസംഗത്തിൽ ഫാ. വടക്കൻ പറഞ്ഞത് ഇങ്ങനെയായിരുന്നു. "കഴിഞ്ഞ കുറേ ദിവസങ്ങളായി കേരളത്തിന്റെ വടക്കേ അറ്റം മുതൽ ഞങ്ങൾ കേരള യാത്ര നടത്തിവരികയാണ്. ഏകദേശം 100 –ൽ അധികം സ്വീകരണ സമ്മേളനങ്ങളും നടത്തപ്പെട്ടു. എന്നാൽ കേരളത്തിൽ അങ്ങോളം ഇങ്ങോളം ലഭിച്ച സ്വീകരണങ്ങളിൽ എന്റെ മനസ്സിനെ ഏറ്റവും സന്തോഷിപ്പിച്ച, സ്വാധീനിച്ച ഒരു സ്വാഗതപ്രസംഗം ഇതു മാത്രമാണ്. ഈ വിദ്യാർത്ഥി ഭാവിയുടെ ഒരു വാഗ്ദാനമായിത്തീരും എന്നത് പ്രസ്താവിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്." കേട്ടുനിന്ന ഞങ്ങളെ കോൾമയിർ കൊള്ളിക്കുന്ന വാക്കുകൾ. അന്നു മുതലേ ഏബ്രഹാം എം. പട്യാനിയുടെ പ്രവർത്തനങ്ങൾ സാകൂതം വീക്ഷിക്കുവാൻ അവസരം കണ്ടെത്തിയിരുന്നു.

ഫാ. വടക്കൻ ചെയർമാനായുള്ള 'സമഗ്രസേന' എന്ന പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് ആയിരുന്ന ശ്രീ. ജോൺ കച്ചിറമറ്റത്തോടൊപ്പം ഓർഗനൈസിംഗ് മെമ്പർ ആയി ശ്രീ. പട്യാനിയും പ്രവർത്തിച്ചിരുന്നു.

പിന്നീട് MCYM രൂപതാ പ്രസിഡന്റ്, KCYM വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. 1988–ൽ ഫ്രാൻസിൽവച്ചു നടന്ന ലോകയുവജന സമ്മേളനത്തിൽ നന്നേ ചെറുപ്പത്തിൽ തന്നെ പങ്കെടുക്കുവാൻ സാധിച്ചു.

തുടർന്ന് ആസ്ട്രേലിയ, ജർമ്മനി, റോം തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് വിവിധ സമ്മേളനങ്ങളിൽ സംസാരിച്ചു.

ഇപ്പോൾ സുപ്രീംകോടതിയിൽ അഭിഭാഷകനായി പ്രവർത്തിക്കുന്ന അഡ്വ. ഏബ്രഹാം എം. പട്യാനിയും ഭാര്യ അഡ്വ. മഞ്ജുവും അഭിഭാഷകവൃത്തിയിലേക്ക് പ്രവേശിക്കുവാൻ തയ്യാറെടുക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന രണ്ടു പെൺമക്കളും ഒരു മകനും അടങ്ങുന്നതാണ് കുടുംബം.

ഡൽഹി ന്യൂനപക്ഷ കമ്മീഷൻ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ഏബ്രഹാം എം. പട്യാനിക്ക് മലങ്കര സമൂഹത്തിന്റെ ആശംസകൾ നേരുന്നതോടൊപ്പം പടിപടിയായി ഭാവിയിൽ ഉന്നത സ്ഥാനങ്ങളിലേക്ക് ഉയരുവാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു. ●



# സ്ത്രീപുരുഷസ്നേഹം വൈവാഹിക ബന്ധത്തിൽ

പ്രൊഫ. മാത്യു ഉലകംതറ

ക്രൈസ്തവ വിശ്വാസത്തിന്റെ സാരസംഗ്രഹമാണ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പായുടെ ദൈവം സ്നേഹമാകുന്നു എന്ന പ്രഥമ വിശ്വലേഖനം. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനശില ഉറപ്പിച്ചിരിക്കുന്നത് ദൈവം സ്നേഹമാകുന്നു എന്ന വിശുദ്ധ യോഹന്നാന്റെ നിർവചനത്തിലാണ്. ദൈവത്തിനു മനുഷ്യനോടുള്ള നിരുപാധിക സ്നേഹവും, മനുഷ്യന്റെ പ്രതിസ്നേഹബാദ്ധ്യതയും അവയുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞുവരുന്ന മനുഷ്യവർഗത്തിന്റെ പരസ്പര സ്നേഹകർത്തവ്യവും സ്നേഹസാഫല്യമായ സ്വർഗ്ഗീയാനന്ദവുമെല്ലാം ഒരുമിച്ചു ചേർത്തുവയ്ക്കുമ്പോൾ ക്രൈസ്തവ വിശ്വാസത്തിന്റെ ആകെത്തുകയായി. സ്നേഹത്തിന്റെ നിയമവും വ്യവസ്ഥയുമല്ലാതെ ക്രൈസ്തവ ധർമ്മശാസ്ത്രത്തിനു മറ്റൊരടിത്തറയുമില്ല. മതവിശ്വാസം ഉപഭോഗസംസ്കാരത്തിന്റെയും തീവ്രവാദകലുഷിതമായ ഭിന്നതകളുടെയും സമ്മർദ്ദങ്ങളിൽപ്പെട്ട് ഞെരുങ്ങിത്തകരുന്ന ആധുനിക സാഹചര്യത്തിൽ പരമമായ ഈ സ്നേഹത്തിന്റെ കാഹളം ഉച്ചത്തിൽ മുഴക്കേണ്ടത് ആവശ്യമാണെന്നു മാർപ്പാപ്പ കരുതിയിട്ടുണ്ടാവണം.

മാനുഷികതലത്തിൽ പ്രത്യക്ഷപ്പെടുന്ന പലതരം സ്നേഹബന്ധങ്ങളിൽ ഏറ്റവും ഉയർന്നു നിൽക്കുന്ന സ്ത്രീപുരുഷ സ്നേഹത്തിലാണ് അദ്ദേഹം പ്രതിപാദനത്തിനു തുടക്കമിടുന്നത്. മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ഉത്പത്തി പുസ്തകവിവരണത്തിൽത്തന്നെ ദമ്പതീസ്നേഹ

ത്തിന്റെ അടിസ്ഥാനവും അഭേദ്യതയും ലക്ഷ്യവുമെല്ലാം സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. പുരുഷന്റെ മാംസത്തിന്റെ മാംസവും അസ്ഥിയുടെ അസ്ഥിയുമായ സ്ത്രീയോടു ചേർന്നിരിക്കാനുള്ള പുരുഷന്റെ നൈസർഗ്ഗികാഭിവാഞ്ഛ, പുരുഷന്റെ ഇണയും തുണയുമായി അവനോട് ചേർന്നു കഴിയാനുള്ള സ്ത്രീയുടെ ഉദ്യുക്തത എന്നിവയാണ് ദമ്പതീസ്നേഹത്തിൽ പ്രകടമാകുന്നത്. എന്നാൽ ഈ സ്നേഹത്തിന്റെ ഉറവിടം "നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" എന്ന പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹോദിതമായ തീരുമാനമാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന മനുഷ്യനെക്കുറിച്ചുള്ള കരുതലിൽ ദൈവം പ്രകടമാക്കിയ സ്നേഹമാണത്. അതിനാൽ ദമ്പതീസ്നേഹം ദൈവസ്നേഹത്തിൽ അധിഷ്ഠിതമാമെന്നു വരുന്നു.



**പുരുഷന്റെ മാംസത്തിന്റെ മാംസവും അസ്ഥിയുടെ അസ്ഥിയുമായ സ്ത്രീയോടു ചേർന്നിരിക്കാനുള്ള പുരുഷന്റെ നൈസർഗ്ഗികാഭിവാഞ്ഛ, പുരുഷന്റെ ഇണയും തുണയുമായി അവനോട് ചേർന്നു കഴിയാനുള്ള സ്ത്രീയുടെ ഉദ്യുക്തത എന്നിവയാണ് ദമ്പതീസ്നേഹത്തിൽ പ്രകടമാകുന്നത്.**

എന്നാൽ കാലക്രമേണ ദൈവസ്നേഹത്തിന്റെ അടിത്തറയിൽനിന്നകന്ന് ദാമ്പത്യത്തിന് വെളിയിലേക്ക് സ്ത്രീപുരുഷ ബന്ധത്തിന്റെ പ്രഥമഘടകമായ ലൈംഗികാകർഷണം വ്യതിചലിച്ചു. ചില മതദർശനങ്ങൾ തന്നെ ഈ വ്യതിചലനത്തിന് 'ഫെർട്ടിലിറ്റികൾട്ടു'കളുടെ രൂപത്തിൽ ന്യായീകരണം നൽകിത്തുടങ്ങുകയും ചെയ്തു. വ്യഭിചാരത്തിന് മതാചാരപരിവേഷം നൽകുന്ന ദേവദാസീസമ്പ്രദായങ്ങളും മറ്റും അങ്ങനെ ഉടലെടുത്തു. ശാരീരികതൃഷ്ണയുടെ അപഭ്രംശങ്ങൾക്ക് വിശുദ്ധിയുടെ പരിവേഷം നൽകാനുള്ള ശ്രമം ഇങ്ങനെ ഒരു വശത്തു നടന്നപ്പോൾ സഭ അതിനെ മറുവശത്തേക്ക് ആഞ്ഞു വലിച്ചു. ലൈംഗിക ചോദനകളെത്തന്നെ അപലപിക്കുകയും വംശനിലനില്പിനുവേണ്ടി മാത്രം അനുഷ്ഠിക്കാവുന്ന ഒരു പ്രവൃത്തിയായി ലൈംഗികസംയോഗത്തെ വീക്ഷിക്കുകയും ചെയ്യുന്ന ഒരു നിലപാടിലേക്കാണ് അത് ചില ആദ്ധ്യാത്മിക ചിന്തകരെ എത്തിച്ചത്. ലോകം, പിശാച്, ശരീരം എന്ന വൈരിത്രിതയത്തിൽ പിശാചിനോടൊപ്പം മനുഷ്യശരീരത്തെയും ആത്മാവിന്റെ ശത്രുവായി ചിത്രീകരിക്കുന്ന ഒരു വീക്ഷണം അങ്ങനെ രൂപം പ്രാപിച്ചു. പരസ്പര സംയോഗത്തിനായുള്ള ശാരീരികപ്രേരണതന്നെ ആത്മീയജീവിതത്തെ അപകടപ്പെടുത്തുന്ന ഒന്നായി ചിത്രീകരിക്കപ്പെട്ടു.

ഗ്രീക്കുഭാഷയിൽ ഈറോസ് എന്നു വിളിക്കപ്പെടുന്ന ദൈവദത്തമായ സ്ത്രീപുരുഷ സ്നേഹത്തിൽ (രതി എന്നതാണ് ഈറോസിനു ചേർന്ന സംസ്കൃതപദം) ക്രിസ്തുമതം വിഷംകുത്തിവച്ചു എന്നു ഫ്രെഡറിക് നീഷേയെപ്പോലുള്ള തത്ത്വചിന്തകന്മാർ കുറ്റപ്പെടുത്തുന്നതിന് അത് ഇടയാക്കി. ജീവിതത്തിലെ ഏറ്റവും അമൂല്യമായ ഒന്നിനെ ക്രൈസ്തവസഭ കൈപ്പാക്കിമാറ്റിയില്ലേ എന്നു നീഷേ ചോദിച്ചു. ഈ ചോദ്യത്തിലടങ്ങിയിരിക്കുന്ന പ്രാചീനധാരണകളെ മാർപ്പാപ്പ നിഷേധിക്കുന്നില്ല. സഭയുടെ അടിസ്ഥാനപരമായ നിലപാടും പ്രബോധനവുമായിരുന്നില്ല അതെന്നു സമർത്ഥിക്കുകയാണ് പ. പിതാവ് ചെയ്യുന്നത്. ഈറോസ് അഥവാ രതി എന്ന വികാരത്തിന് ഫെർട്ടിലിറ്റികൾട്ടു (ഫലപുഷ്ടിയുടെ ആരാധന) കളിലൂടെ കൃത്രിമമായ ദിവ്യത്വം നൽകി മനുഷ്യോചിതമല്ലാതാക്കിയതിനെയാണ് സഭ എതിർത്തിരുന്നത്. ക്ഷേത്രവേശ്യകളോട് മനുഷ്യവ്യക്തികളോടുള്ള ആദരവുപോലും പ്രകടിപ്പിക്കാതെ 'ദൈവിക ലഹരി' ഉണർത്താനുള്ള ഉപകരണങ്ങളായി മാത്രം കണ്ടിരുന്നതാണ് സഭയുടെ എതിർപ്പിനു വിഷയമായത്. മനുഷ്യാസ്തിത്വത്തിന്റെ പരകോടിയായ ദിവ്യസൗഭാഗ്യ പ്രാപ്തിക്ക് ഈറോസ് എന്ന വികാരത്തെ സുശിക്ഷിതമാക്കുകയും പവിത്രീകരിക്കുകയും ചെയ്യേണ്ടതുണ്ട്. സുശിക്ഷിതമായ ലൈംഗികാസ്വാദനം സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ മുന്നാസ്വാദനമായിത്തീരുമെന്നതാണ് എന്നും സഭയുടെ നിലപാട്. പഴയനിയമം മുതൽ വെർജിലിന്റെ കവിതവരെ ഉദ്ധരിച്ചുകൊണ്ട് സഭയുടെ ഈ നിലപാട് പാപ്പ വ്യക്തമാക്കുന്നു.

സഭയുടെ നിലപാട് ഇതാണ്. സ്നേഹത്തിന് എല്ലാ തലങ്ങളിലും ദൈവികതയുമായി ബന്ധമുണ്ട്. അത് ശാശ്വതികതയെ വാഗ്ദാനം ചെയ്യുന്നു. അനുദിനാസ്തിത്വത്തിൽ അതു ഒതുങ്ങുന്നില്ല. ഏറെ മഹത്തും വ്യത്യസ്തവുമായ ഒരു യാഥാർത്ഥ്യത്തെ അത് വാഗ്ദാനം ചെയ്യുന്നു. ശാരീരിക വാസനകൾക്ക് കേവലം കീഴടങ്ങലാകുമ്പോൾ ആ ശാശ്വതയാഥാർത്ഥ്യത്തിൽനിന്ന് അത് അകന്നുപോകും. വാസനകളുടെ പവിത്രീകരണവും പക്വതയിലേക്കുള്ള

വളർച്ചയും അതിനാവശ്യമാണ്. പരിത്യാഗത്തിന്റെ വഴിയിലൂടെ അത് കടന്നുപോകണം. ഈ വ്യവസ്ഥകൾ ഈറോസിനെ അഥവാ രതിയെ നിഷേധിക്കുകയോ അതിനു വിഷം കൊടുക്കുകയോ ചെയ്യുന്നില്ല; മറിച്ച്, അതിനെ സുഖപ്പെടുത്തുകയും യഥാർത്ഥ മഹത്വത്തിൽ പുനഃസ്ഥാപിക്കുകയുമാണ് ചെയ്യുന്നത്.

മനുഷ്യൻ ശരീരവും ആത്മാവുമുള്ള ഒരു ജീവിയാണ്. മനുഷ്യൻ യഥാർത്ഥ മനുഷ്യനാകുന്നത് ശരീരവും ആത്മാവും തമ്മിൽ പ്രഗാഢമായി ബന്ധപ്പെട്ടിരിക്കുമ്പോഴാണ്. ഈ ഐക്യപ്പെടൽ സാധിച്ചുകഴിയുമ്പോൾ രതിയുടെ വെല്ലുവിളിയെ നാം കീഴടക്കിക്കഴിഞ്ഞു. മനുഷ്യൻ കേവലം ആത്മാവാണെന്നു പറഞ്ഞ് ശരീരത്തെ മൃഗപ്രകൃതിയുടേതെന്നമട്ടിൽ തള്ളിക്കളഞ്ഞാൽ ആത്മാവിന്റെ മഹത്വവും ശരീരത്തിന്റെ മഹത്വവും നഷ്ടപ്പെടും. മറിച്ച് ശരീരത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ആത്മാവിനെ അവഗണിച്ചാലും ഇതേഫലം തന്നെയാണുണ്ടാവുക. ശാരീരികവും ആത്മീയവുമായ രണ്ടു മാനങ്ങളും ഒരുപോലെ സുശക്തമായി ഐക്യം പ്രാപിക്കുമ്പോളാണ് മനുഷ്യൻ പൂർണ്ണതയിലെത്തുന്നത്.

പ്രാപിക്കുന്നു. അപ്പോൾ ഈറോസ് ദിവ്യതയിലേക്കുയരുന്ന ആനന്ദമൂർച്ഛ സൃഷ്ടിക്കുകയും അത് സ്വർഗ്ഗീയാനന്ദത്തിന്റെ മുന്നാസ്വാദനം നൽകുകയും ചെയ്യുന്നു. ഏകോന്മുഖമായ ഒരു ആരോഹണവും അപരവ്യക്തിക്കായുള്ള സ്വയംദാനത്തിന്റെ (ത്യാഗത്തിന്റെ) അവരോഹണവും ഇതിലടങ്ങിയിരിക്കുന്നു. മഹാകവി കുമാരനാശാന്റെ ഭാഷയിൽ തപോവ്രത തുല്യമായ ഒരു വ്രതാനുഷ്ഠാനത്തിന്റെ മഹത്വത്തിലേക്കാണ് തീവ്രരതിയുടെ ആനന്ദം ദമ്പതികളെ എത്തിക്കുന്നത്.

*രതിനിത്യമൊരാൾക്കൊരാളിലായ്*
*സ്ഥിതിചെയ്താൽ സഖി പെണ്ണിനാണിനും*

*അതിലും വലുതില്ലഹോ വ്രതം* എന്ന ലീലാകാവ്യത്തിലെ വരികൾ ഈ ദർശനവുമായി ചേർന്നുപോകുന്നതാണ്. സ്വാർത്ഥതയും അഹന്തയുമാണ് ദിവ്യമായ രതിയുടെ ശത്രുക്കൾ എന്ന് ചിന്താവിഷ്ടയായ സീതയിൽ ആശാൻ പറയുന്നുണ്ട്. ത്യാഗനിർഭരമായ ദമ്പതീസ്നേഹത്തെ സംബോധനചെയ്തുകൊണ്ട് ആശാൻ പറയുന്നു:

*രതിമാർഗ്ഗമടച്ചുഹൃദയത്തിൽ നിൻ*
*ഹതിചെയ്യുന്നതു ഗർവ്വമാണുകേൾ.*



**മനുഷ്യൻ കേവലം ആത്മാവാണെന്നു പറഞ്ഞ് ശരീരത്തെ മൃഗപ്രകൃതിയുടേതെന്നമട്ടിൽ തള്ളിക്കളഞ്ഞാൽ ആത്മാവിന്റെ മഹത്വവും ശരീരത്തിന്റെ മഹത്വവും നഷ്ടപ്പെടും. മറിച്ച് ശരീരത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ആത്മാവിനെ അവഗണിച്ചാലും ഇതേഫലം തന്നെയാണുണ്ടാവുക. ശാരീരികവും ആത്മീയവുമായ രണ്ടു മാനങ്ങളും ഒരുപോലെ സുശക്തമായി ഐക്യം പ്രാപിക്കുമ്പോളാണ് മനുഷ്യൻ പൂർണ്ണതയിലെത്തുന്നത്.**

അങ്ങനെയാണ് ഈറോസിന് – രതിക്ക് – പക്വതയും മഹത്വവുമുണ്ടാകുന്നത്.

പഴയകാലത്തെന്നതുപോലെ ഇന്നും ഈ വെല്ലുവിളി സുശക്തമാണ്. ശരീരത്തിന് അമിതപ്രാധാന്യം നൽകുന്നവരിൽ നിന്നാണ് ഈ വെല്ലുവിളി ഉയരുന്നത്. ഈറോസിനെ – രതിയെ – വെറും സെക്സ് ആയി ആധുനിക ലോകം ചുരുക്കിയിരിക്കുന്നു. സെക്സ് ഒരു വിപണന വസ്തുവായി ഗണിക്കപ്പെടുകയും മനുഷ്യൻതന്നെ ഒരു വിപണന വസ്തുവായിത്തീരുകയും ചെയ്യുന്നു. സഭയുടെ വീക്ഷണത്തിൽ രതി നമ്മുടെ മുഴുവൻ അസ്തിത്വത്തിന്റെയും പൂർണ്ണപ്രകാശനമാകണം. ആത്മശരീരങ്ങളുടെ ദ്വന്ദാത്മക ഏകത്വമെന്ന അവസ്ഥയിൽ മനുഷ്യൻ അവന്റെ വാസനകളിലും കർമ്മങ്ങളിലും പവിത്രീകൃതനായി ദൈവികമായ ഒരു ശ്രേഷ്ഠത

ഞാനെന്നും എനിക്കെന്നുമുള്ള ചിന്ത ഉപേക്ഷിച്ച് മറ്റെയാളുടെ സുഖവും ഹിതവും മുൻനിർത്തിയുള്ള ആത്മദാനപരമായ ഒരു അനുഷ്ഠാനമെന്ന നിലയിലേക്ക് രതികർമ്മം ഉയരുമ്പോഴാണ് ഹൈന്ദവഭാഷയിൽ ബ്രഹ്മാനന്ദസഹോദരമായ ഒരാനന്ദം അതിൽനിന്നു ജനിക്കുന്നത്. ദൈവം തനിക്കു നൽകിയ ഇണയെ ആദരിക്കുകയും ആ ഇണയ്ക്കു വേണ്ടി ആത്മദാനം ചെയ്യുകയും ചെയ്യുമ്പോൾ സ്നേഹത്തിന്റെ ഉറവിടമായ ദൈവത്തിലേക്ക് ആകൃത്യം ഉയരുന്നു. അർപ്പണാത്മകവും ആത്മദാനപരവുമായ ദമ്പതീസ്നേഹത്തിനു നൽകുന്ന പ്രേമമെന്നും രതിയെന്നുമുള്ള വാക്കുകളുപയോഗിച്ചാണ് ഭാരതീയർ പരമമായ ഈശ്വരഭക്തിയെ ചിത്രീകരിക്കുന്നത്. മഗ്ദലനമറിയത്തിനു ക്രിസ്തുവിനോടുള്ള ഭക്തിയെ വള്ളത്തോൾ വർണ്ണിക്കുന്നത്,

*ഈശങ്കലായവൾക്കുള്ള രതിഭാവം*

*പേശലശുഭ്രമാം പ്രേമപൂരം* എന്ന വരികളിലൂടെയാണ്. മാർപ്പാപ്പ പഴയനിയമത്തിലെ ഉത്തമഗീതത്തിൽ ദർശിക്കുന്നത് ഈ രതിഭാവത്തിന്റെ പ്രതീകാത്മക ചിത്രീകരണമാണ്. വി. പൗലോസ് കർത്താവും സഭയുമായുള്ള ദാമ്പത്യത്തെക്കുറിച്ചു പറയുമ്പോഴും സ്ത്രീപുരുഷ പ്രേമത്തിന്റെ പരമോന്നതഭാവം പ്രകാശിതമാകുന്നുണ്ട്. ദാമ്പത്യബന്ധത്തിന്റെ – രതിയുടെ ഉത്തമമാതൃകയാണ് പഴയനിയമത്തിലും പുതിയ നിമയത്തിലുമുള്ള ഈ സിംബലുകൾ വഴി അവതരിപ്പിക്കപ്പെടുന്നത്. കർത്താവ് സഭയ്ക്കുവേണ്ടി തന്നെത്തന്നെ നൽകുന്നു. തന്റെ ശരീരവും രക്തവും അവൾക്കു ഭക്ഷണപാനീയങ്ങളാക്കിത്തീർക്കുന്നു. ഇതാണ് ഈറോസിന്റെ പാര്യന്തികരൂപമായ അഗാപ്പേ. രതിയുടെ പാരമ്യത്തിലുള്ള ആത്മത്യാഗത്തിന്റെ – സമ്പൂർണ്ണ സമർപ്പണത്തിന്റെ – ആനന്ദമൂർച്ഛ.

ഉത്തമഗീതത്തിലെ പ്രേമഗാനങ്ങളിൽ പ്രതിഫലിക്കുന്ന 'ദോദിം' എന്ന അന്വേഷണാത്മക പ്രേമത്തിൽനിന്ന് 'അഹബാ' അഥവാ അഗാപ്പേ എന്ന ദൈവികമായ സ്നേഹത്തിലേക്ക് അത് വളരുന്നു. അഗാപ്പേ എന്ന പദമാമ് ബൈബിൾപരമായ സ്നേഹസങ്കല്പത്തിന്റെ ലക്ഷണയുക്തമായ പ്രകാശനത്തെക്കുറിക്കുന്നതെന്നു മാർപ്പാപ്പ പറയുന്നു. മാർപ്പാപ്പയുടെ വാക്കുകൾ പകർത്താം: "അതു മേലിൽ സ്വാർത്ഥത അന്വേഷിക്കുന്ന ഒന്നായിരിക്കുകയില്ല. സന്തോഷത്തിന്റെ ഉന്മാദത്തിൽ മുങ്ങിത്താഴലായിരിക്കുകയില്ല. പകരം അത് സ്നേഹിക്കപ്പെട്ട വ്യക്തിയുടെ നന്മയെ അന്വേഷിക്കുന്നു. അത് പരിത്യാഗമായിത്തീരുന്നു." കവിവാക്യങ്ങളുപയോഗിച്ച് പറഞ്ഞാൽ അത് *ഒരാൾക്കൊരാളിലായ് സ്ഥിതിചെയ്യുന്ന* പരവർജ്ജനഭാവം കൈക്കൊള്ളുന്നു; എന്നേക്കുമുള്ളതായിത്തീരുന്നു; സമയമെന്ന മാനം ഉൾപ്പെടെ എല്ലാ മാനങ്ങളെയും മുഴുവൻ അസ്തിത്വത്തെയും ആശ്ലേഷിക്കുന്നു; അത് നിത്യതയെ ലക്ഷ്യം വയ്ക്കുന്നു.

ദാമ്പത്യജീവിതത്തെ ഒരു യാത്രയായിട്ടാണ് ഇവിടെ മാർപ്പാപ്പ ചിത്രീകരിക്കുന്നത്. അടച്ചുപൂട്ടിയ സ്വാർത്ഥതയുടെ അന്തർമുഖത്വത്തിൽനിന്ന് സ്വയം ദാനത്തിലൂടെയുള്ള വിമോചനം ലക്ഷ്യമാക്കി ചെയ്യുന്ന തുടർച്ചയായ ഒരു സഞ്ചാരം – ഒരു പുറപ്പാട്. തന്നെത്തന്നെ കണ്ടെത്തുവാനും അതിലൂടെ ദൈവത്തെ കണ്ടെത്തുവാനുമുള്ള ഒരു യാത്രയാണത്. നൈമിഷികമായ ഒരു ലഹരിയിൽ അത് അവസാനിക്കുന്നില്ല. കണ്ടെത്തലിനുവേണ്ടിയുള്ള ഒരു നഷ്ടപ്പെടുത്തലാണത്. ജീവൻ നിലനിർത്താൻ ശ്രമിക്കുന്നവൻ അത് നഷ്ടപ്പെടുത്തുമെന്നും ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് നിലനിർത്തുമെന്നുമുള്ള യേശുവിന്റെ വാക്കുകളാണ് ഈ യാത്രയിൽ സ്വാർത്ഥകമാകുന്നത്. കുരിശിൽ നഷ്ടപ്പെടുത്തുകയും ഉത്ഥാനത്തിൽ ശാശ്വതമായി വീണ്ടെടുക്കുകയും ചെയ്യുന്ന, മണ്ണിൽ വീണഴിഞ്ഞ് സ്വയം ശൂന്യമായി നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന ഒരു മഹാപ്രസ്ഥാനമായാണ് ദാമ്പത്യത്തെ കാണേണ്ടത്.

ഗ്രീക്കുഭാഷയിൽ ഈറോസ് ശാരീരികസ്നേഹത്തെയും അഗാപ്പേ വിശ്വാസാധിഷ്ഠിതമായ ആത്മീയസ്നേഹത്തെയും കുറിക്കുന്നതായി സങ്കല്പിക്കപ്പെടുന്നു. ആദ്യത്തേത് കൈയടക്കുന്ന സ്നേഹവും രണ്ടാമത്തേത് വിട്ടുകൊടുക്കുന്ന സ്നേഹവുമാണ്. ദാമ്പത്യത്തിൽ ഈറോസിൽനിന്ന് അഗാപ്പേയിലേക്കുള്ള വളർച്ചയുണ്ട്. അത് സ്വാഭാവികമാണ്. ശരീരത്തിൽനിന്ന് ആത്മാവിലേക്കുള്ള വളർച്ചയാണത്.

അകാലമൃത്യുവിനിരയായ തന്റെ ഭാര്യയെക്കുറിച്ചുള്ള ഓർമ്മകൾ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ച ശ്രീ. പാലാ കെ. എം. മാത്യുവിന്റെ ഒരു പുസ്തകമുണ്ട് – ഞങ്ങളുടെ കൊച്ചു ജീവിതം. അതിലദ്ദേഹം പറയുന്നു: "വിവാഹജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ ഞങ്ങൾ ശരീരംകൊണ്ടാണ് സ്നേഹിച്ചത്. പിന്നീട് ആത്മാവിൽ അത് ചെന്നുറച്ചു." എന്നു മാത്രമല്ല, ആ മഹതിയുടെ മരണം സമീപിച്ചപ്പോൾ തന്റെ ഭർത്താവിനെ ആരു നോക്കും എന്ന ഉത്കണ്ഠയായിരുന്നു അവരെ ഏറെ അസ്വസ്ഥയാക്കിയിരുന്ന വേദന എന്നും അദ്ദേഹം വിവരിക്കുന്നു. ഒടുവിൽ ഭർത്താവിനെ കർത്താവിന്റെ കരങ്ങളിലേല്പിച്ച് സമാധാനം കൈവരിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. ക്രൈസ്തവ ദാമ്പത്യത്തിന് ഉത്തമമാതൃകയായി ചൂണ്ടിക്കാട്ടാവുന്ന ആ പുസ്തകം മാർപ്പാപ്പയുടെ ദാമ്പത്യസ്നേഹസിദ്ധാന്തത്തോടു ചേർത്തുവച്ചു വായിക്കുന്നത് ഒരു നല്ല അനുഭവമായിരിക്കുമെന്ന് ആനുഷംഗികമായി ഞാനിവിടെ അനുസ്മരിച്ചുകൊള്ളട്ടെ. മാർപ്പാപ്പ പറയുന്നു: "ഈറോസ് ആദ്യം പ്രധാനമായും അത്യാഗ്രഹമുള്ളതും ആരോഹണം ചെയ്യുന്നതുമാണെങ്കിലും സന്തോഷത്തെക്കുറിച്ചുള്ള വലിയ വാഗ്ദാനത്തിന്റെ ഒരാകർഷണമാണെങ്കിലും അപരനിലേക്ക് അടുക്കുമ്പോൾ തന്നെപ്പറ്റിയുള്ള താത്പര്യം കുറഞ്ഞുകുറഞ്ഞു വരുന്നു. അപരന്റെ സന്തോഷത്തിനായി കൂടുതൽ കൂടുതൽ പരിശ്രമിക്കുന്നു. സ്നേഹിക്കപ്പെടുന്ന വ്യക്തിയിൽ കൂടുതൽ കൂടുതൽ താത്പര്യം കാണിക്കുന്നു. തന്നെത്തന്നെ നൽകുന്നു. അങ്ങനെ അഗാപ്പേ എന്ന ഘടകം ഈറോസ് എന്ന സ്നേഹത്തിലേക്ക് പ്രവേശിക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ ഈറോസിന്റെ ശക്തി ക്ഷയിച്ചുപോകും. സ്വന്തം പ്രകൃതി നഷ്ടപ്പെടുകപോലും ചെയ്യും. അപ്പോൾ ദാമ്പത്യം വിരസമാകും.

കൊടുക്കലും വാങ്ങലും ദാമ്പത്യത്തിലാവശ്യമാണ്. എപ്പോഴും കൊടുത്തുകൊണ്ടിരിക്കാൻ മനുഷ്യനു സാദ്ധ്യമല്ല. അവൻ സ്വീകരിക്കുകയും വേണം. സ്നേഹം നൽകുന്ന വ്യക്തി സ്നേഹത്തെ സമ്മാനമായി സ്വീകരിക്കുകയും വേണം. കൊടുക്കൽ വാങ്ങലുകളുടെ അനുപാതം തെറ്റുമ്പോൾ ബാലൻസ് നഷ്ടപ്പെടുകയും ദാമ്പത്യത്തിൽ വിടവുകളുണ്ടാകുകയും ചെയ്യും. വിടവു വർദ്ധിച്ചാൽ കുടുംബകലഹവും വിവാഹമോചനവുമൊക്കെയായിരിക്കും ഫലം. കിട്ടുന്നതിലേറെ കൊടുക്കാൻ ഓരോ വ്യക്തിയും ശ്രമിക്കണം. അങ്ങനെ ശ്രമിക്കണമെങ്കിൽ ഓരോ വ്യക്തിയും ജീവജലം പ്രവഹിക്കുന്ന


ഒരു ഉറവയായിത്തീരണം. അത്തരമൊരു ഉറവയായിത്തീരാൻ ജീവജലത്തിന്റെ ആദിഉറവയായ യേശുക്രിസ്തുവിൽനിന്ന് നിരന്തരം കുടിച്ചുകൊണ്ടിരിക്കണമെന്ന് മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു.

സകലജനത്തെയും സ്നേഹിക്കുന്ന ദൈവം തന്റെ സ്വന്തം ജനമായി ഇസ്രായേലിനെ തെരഞ്ഞെടുത്തതുപോലെയുള്ള ഒരു തെരഞ്ഞെടുപ്പാണ് വൈവാഹികബന്ധത്തിൽ നടക്കുന്നതെന്ന് മാർപ്പാപ്പ ഉദാഹരിക്കുന്നു. ലോകത്തുള്ള അസംഖ്യം പേരിൽനിന്ന് ഒരു പക്ഷേ മുൻപരിചയം പോലുമില്ലാത്ത ഒരാളെ തെരഞ്ഞെടുത്ത് സ്വന്തമാക്കുന്നു. അയാളുടെ വീഴ്ചകളെയും നന്ദികേടുകളെയും കുറ്റങ്ങളെയും കുറവുകളെയുമെല്ലാം ക്ഷമിച്ച് അയാളെ സ്നേഹിക്കുന്നു. അയാൾക്കുവേണ്ടി സ്വയം വിട്ടുകൊടുക്കുന്നു. പൂർണ്ണമായി ആത്മദാനം ചെയ്യുന്നു. അങ്ങനെയാണ് ഭർത്താവ് ഭാര്യയുടെയും, ഭാര്യ ഭർത്താവിന്റെയും വിശുദ്ധീകരണം നിർവഹിക്കുന്നത്. വി. പൗലോസ് അതിനെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഇണയുടെ വിശുദ്ധീകരണത്തിനായുള്ള ഈ വിട്ടുകൊടുക്കലിലൂടെ നടക്കുന്ന ഐക്യം ദൈവമനുഷ്യ ഐക്യത്തിന്റെ ഒരു ഐക്കൺ ആയി രൂപാന്തരപ്പെടണമെന്നാണ് മാർപ്പാപ്പ പറയുന്നത്. സ്ത്രീയും പുരുഷനും ഒന്നിച്ചായിരിക്കുമ്പോൾ മനുഷ്യത്വം പൂർണ്ണമാകുന്നു. ഈ ഒന്നിച്ചാകൽ വിവാഹത്തിലൂടെയാണ് നടക്കുന്നത്. ഈറോസ് അഥവാ രതിവാഞ്ഛ വിവാഹത്തിലേക്കു നയിക്കുന്നു. വിവാഹം അനന്യവും സുദൃഢവുമായ ഒരു ഉടമ്പടിയാണ്. ദൈവമനുഷ്യ ഉടമ്പടിയുടെയും ഐകൃത്തിന്റെയും ഒരു ഐക്കൺ ആണത്. ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുവാനാണ് ദമ്പതികൾ ശ്രമിക്കേണ്ടത്. ദൈവത്തിന്റെ സ്നേഹമാണ് ദാമ്പത്യസ്നേഹത്തിന്റെ മാനദണ്ഡം. സ്നേഹത്തിന്റെ മണ്ണിൽ വീണഴിയുന്ന ദാമ്പത്യത്തിന്റെ വിത്തുകൾ നൂറുമേനിയായി മക്കളിലൂടെ കുടുംബത്തിൽ ശാഖോപശാഖകൾ വീശി ഫലം പുറപ്പെടുവിക്കുന്നു. ദൈവകുടുംബത്തിൽനിന്നു മനുഷ്യകുടുംബത്തിലേക്കും മനുഷ്യകുടുംബത്തിൽനിന്നു ദൈവകുടുംബത്തിലേക്കുമുള്ള യാത്രയുടെ സംഗമസ്ഥാനവും വിശ്രമത്താവളവുമാണ് ദാമ്പത്യജീവിതം.

*കടപ്പാട് : കുടുംബജ്യോതി*

## നുറുങ്ങുവെട്ടം

**നന്മയുടെ** നുറുങ്ങുവെട്ടങ്ങൾ നമ്മുടെ ചുറ്റും ഇന്നും പ്രകാശിക്കുന്നുണ്ട്. കനത്ത അന്ധകാരം പടരുമ്പോൾ, ഒരു ചെറുവെട്ടത്തിന്റെ റാന്തലുംപേറി പറക്കുന്ന മിന്നാമിനുങ്ങുകളെപ്പോലെ ഇതാ ഒരു കൊച്ചു മിന്നാമിനുങ്ങ്. നന്മയുടെ ചെറുതിരി വെട്ടം തെളിയിച്ച ജോയൽ വർഗീസ് നമുക്കൊരു പ്രചോദനമാണ് ചോദ്യമാണ്? ഒരു അവധിദിവസത്തിൽ തന്റെ കുഞ്ഞനുജൻ ജുവലുമൊത്ത് വീടിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ, കാലവർഷത്തിന്റെ കുത്തൊഴിക്കിൽ പായുന്ന മണിമലയാറ്റിൽ വീണ 3 സ്കൂൾകുട്ടികളെ സഹായിക്കാനായ് ഓടിയെത്തിയത് ജോയലായിരുന്നു. ആരും അവനോട് സഹായം ചോദിച്ചില്ല. ആരും അവനെ നിർബന്ധിച്ചില്ല. അപകടത്തിൽപെട്ടവരുടെ കൂട്ടുക്കാർ ഭയപ്പെട്ട് എന്തുചെയ്യണമെന്ന് അറിയാതെ നിൽക്കുമ്പോൾ ജോയൽ, ആ സാഹചര്യത്തിന് അനുസരിച്ച് പ്രവർത്തിച്ചു. അറാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയ്ക്ക് ചെയ്യാനാവുന്ന രക്ഷാപ്രവർത്തനങ്ങൾ നമുക്കറിയാം. ജോയൽ അടുത്ത വീട്ടിലേക്ക് ഓടി ആളുകളെ വിവരം അറിയിക്കുകയും സ്വന്തം വീട്ടിൽ നിന്ന് ഫയർ ഫോഴ്സിലേക്ക് വിവരം അറിയിക്കുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. ഇത് അത്ര നിസാരമായി കണക്കാക്കാനോ അല്ലെങ്കിൽ തള്ളിക്കളയാനോ നമുക്കാവില്ല. കാരണം ഇതൊരു കുഞ്ഞിന്റെ ഹൃദയത്തിന്റെ നന്മയാണ്. നാം കണ്ടു പഠിക്കേണ്ട പാഠമാണ്. കാരണം അപകടങ്ങൾ നടക്കുമ്പോൾ അതിന്റെ ചിത്രമെടുക്കുന്നതും കൂടാതെ ചെറിയ അപകടമാണെങ്കിൽ പോലും ആദ്യം എത്രപേർ മരിച്ചു എന്നും ചോദിക്കുന്ന പ്രവണത ഏറിവരുമ്പോൾ ജോയലിന്റെ ഹൃദയത്തിന്റെ വിശാലത നമുക്ക് പ്രചോദനവും അതോടൊപ്പം നമ്മോട് ഒരു ചോദ്യവുമാണ്. നമ്മുടെ കുഞ്ഞുങ്ങളിലെ നന്മകളെ നമുക്ക് വളർത്തിയെടുക്കാം..... അവർ നാളെയുടെ വാഗ്ദാനങ്ങളാകും.... ജോയലിനെപ്പോലെ നന്മയുടെ പാഠങ്ങൾ നമുക്കും പഠിക്കാം.....



*തിരുവല്ലയ്ക്ക് അടുത്ത് കറ്റോട് പ്രദേശത്ത് പാറക്കുഴിയിൽ ശ്രീ. റെജി വർഗിസിന്റെയും സുജിയുടെയും മൂത്തമകനാണ് ജോയൽ. ശ്രീ. റെജി വർഗിസ് 22 വർഷങ്ങളായി തിരുവല്ല ബോധന സോഷ്യൽ സർവ്വീസ് സോസൈറ്റിയുടെ സജീവ പ്രവർത്തകനാണ്. ജുവൽ, അന്നക്കുട്ടി എന്നിവരാണ് ജോയലിന്റെ സഹോദരങ്ങൾ..*

# ജീവിതശൈലീരോഗങ്ങളും കുട്ടികളും







**Dr. S. Latha** MD, DCH
Professor Paediatric


ഒരാളുടെ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ ജീവിതശൈലികളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന രോഗങ്ങളെയാണ് ജീവിതശൈലീരോഗങ്ങൾ എന്നു പറയുന്നത്. ഇന്ന് ഈ പദം എല്ലാവർക്കും പരിചിതമാണ്. എന്നാൽ ആരോഗ്യകരമായ ജീവിതശൈലികളിലേക്ക് തിരിച്ചു പോകണമെങ്കിൽ ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടതുണ്ട്. രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ കുട്ടികളിലോ എന്ന് അത്ഭുതം കൂറിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാലിന്ന് അവയൊക്കെ കുട്ടികളിലും വളരെ സാധാരണമായിക്കഴിഞ്ഞു.

ഓടിക്കളിക്കുന്ന കുഞ്ഞുങ്ങളെ ചേർത്തുനിർത്തി "ദൈവമേ എന്റെ കുഞ്ഞിന്റെ നെഞ്ചുകണ്ടോ എല്ലെല്ലാം തെളിഞ്ഞു കാണാം. ഇതൊക്കെ ഒന്നു നികന്നു കാണുന്നതെന്നാണ്" എന്ന് വിലപിച്ചിരുന്നു പണ്ടത്തെ അമ്മൂമ്മമാർ. എന്നാൽ ഇന്ന് 8-9 വയസ്സു കഴിഞ്ഞാൽ ബ്ലൗസ് ഇട്ടു നടക്കേണ്ട ദേഹപ്രകൃതിയാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും.

അമിതവണ്ണം അല്ലെങ്കിൽ പൊണ്ണത്തടി എന്ന സ്ഥിതി വിശേഷമാണിത്. പണ്ട് കുട്ടികളിൽ വളരെ അപൂർവ്വമായിരുന്ന അമിതവണ്ണം ഇന്ന് 10-20% കുട്ടികളിൽ കാണപ്പെടുന്നു. ഗ്രാമപ്രദേശങ്ങളിലും താഴ്ന്ന വരുമാനക്കാർക്കിടയിലും കൂടി അമിതവണ്ണവും പൊണ്ണത്തടിയും കാണാം. ആവശ്യത്തിലേറെ, പ്രത്യേകിച്ച് ധാരാളം ഊർജ്ജമടങ്ങിയ ആഹാരം, വ്യായാമമില്ലായ്മ, വീട്ടിനകത്ത് ചടഞ്ഞു കൂടിയിരിക്കുന്ന പ്രകൃതം ഇവ കൊണ്ടുണ്ടാകുന്നതാണീ പൊണ്ണത്തടി.

നമ്മുടെ ജീവിതശൈലിയിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്നു നോക്കാം. ആഹാരം സുഭിക്ഷമല്ലാതിരുന്ന ഒരു കാലത്തിൽനിന്നും ആഹാര സമൃദ്ധമായ ഒരു കാലത്തിലേക്കു നാം വന്നു. കൃഷിയിലൂടെയുള്ള ഉല്പാദനം വർദ്ധിച്ചു. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതിനാൽ ലോകത്തെവിടെയും ലഭ്യമാകുന്ന ആഹാരസാധനങ്ങൾ കൈനീട്ടിയാൽ കിട്ടുന്ന സ്ഥിതിയായി. കുട്ടികളുടെ എണ്ണക്കുറവും, അമ്മമാർ ജോലി ചെയ്യുന്നതുകൊണ്ടുള്ള സാമ്പത്തിക മെച്ചവും കുട്ടികൾ, അവർ ചോദിക്കുന്നതെന്തും വാങ്ങിക്കൊടുക്കാനുള്ള താല്പര്യവും ആഹാരലഭ്യത വർദ്ധിപ്പിച്ചു. ആഹാരം സൂക്ഷിച്ചു വയ്ക്കാനുള്ള സൗകര്യങ്ങളും വർദ്ധിച്ചു. അച്ഛനും അമ്മയും ജോലിക്കു പോകുന്ന അണുകുടുംബങ്ങൾ അറിഞ്ഞും അറിയാതെയും പുറമെ നിന്നും ആഹാരം കഴിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിച്ചു. പലപ്പോഴും ഇത്തരം ഭക്ഷണങ്ങൾ 'Fast Foods' എന്നറിയപ്പെടുന്നവയാണ്. ഉപ്പും മധുരവും ഏറിയ, ധാരാളം എണ്ണയും കൊഴുപ്പുകളും അടങ്ങിയ, പോഷകങ്ങൾ കുറവുള്ള 'ചവർ ഭക്ഷണം' കുട്ടികളേവരും ഇഷ്ടപ്പെടുന്നു. പോഷക സന്തുലിതമല്ലാത്ത ഇത്തരം ആഹാരങ്ങൾ പൊണ്ണത്തടി മാത്രമല്ല, മറ്റുപല രോഗങ്ങൾ - കാൻസർ ഉൾപ്പെടെയുള്ള - ധാരാളം രോഗങ്ങൾക്കു കാരണമാകുന്നു.



വ്യായാമം ഇല്ലാത്ത അവസ്ഥയാണ് അടുത്തത്. മുമ്പൊക്കെ കളികളിലൂടെയും ഓടിയും നടന്നും സ്കൂളിലും മറ്റുള്ളിടത്തുമൊക്കെ പോകുന്നതിലൂടെയും കുട്ടികൾക്ക് ധാരാളം വ്യായാമം ലഭിക്കുമായിരുന്നു.

*(തുടരും)*

# കുടുംബത്തിലെ ആശയവിനിമയം

ഡോ. എ നിർമ്മല

ഞായറാഴ്ച വരുന്നതും നോക്കിയിരിക്കുന്നത് ഇന്നത്തെ പതിവു കാഴ്ചയാണല്ലോ. എല്ലാവർക്കും തിരക്കാണ്. അച്ഛനും അമ്മയ്ക്കും ജോലി. മക്കൾക്ക് പഠനവും ട്യൂഷനും. എങ്ങും തിരക്കോടു തിരക്ക്. അതൊരു ഫാഷനായി മാറിയിരിക്കുന്നു. അണുകുടുംബങ്ങളാണെങ്കിൽപ്പോലും എല്ലാവരും ഒരുമിച്ചു കൂടുന്നത്, ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നത് അപൂർവ്വമായി മാറിക്കൊണ്ടിരിക്കുന്നു. തമ്മിൽ തമ്മിൽ കാണാതെ, അച്ഛനെയും അമ്മയെയും കാണാതെ ഉറങ്ങുന്ന കുഞ്ഞുങ്ങൾ സാധാരണയായി വരുന്നു. ഐ.റ്റി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കടുത്ത ശമ്പളം കിട്ടുന്നുണ്ടെങ്കിലും, മക്കളുമായി ചെലവഴിക്കുവാൻ കിട്ടുന്ന സമയം തീരെ കുറവു തന്നെ. ഇത് തുടർന്നു പോയാൽ, നീണ്ടു പോയാൽ വേരറ്റുപോകുന്ന ആത്മബന്ധങ്ങൾ ആണെന്ന ബോധം നമുക്കു വേണം.

ജോലി വേണം, പണം വേണം, അത്യാധുനിക സൗകര്യങ്ങൾ-ഇന്റർനെറ്റും, കമ്പ്യൂട്ടറും-ഒക്കെ ഉപയോഗിക്കുകയും വേണം. വേണ്ടെന്നല്ല പറയുന്നത്. പക്ഷേ പരസ്പര സ്നേഹമില്ലെങ്കിൽ, ബന്ധങ്ങൾ ഇല്ലെങ്കിൽ ജീവിതം അർത്ഥം ഇല്ലാത്തതായി മാറും. ബന്ധങ്ങളെ ഊട്ടി വളർത്തുവാൻ നമുക്ക് എന്തൊക്കെ ചെയ്യാമെന്നു നോക്കാം.



ദിവസത്തിൽ ഒരു നേരമെങ്കിലും എല്ലാവരും ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നത് ശീലമാക്കണം. ആഹാരം കഴിക്കുമ്പോൾ ടി.വി വയ്ക്കരുത് നമ്മുടെ ശ്രദ്ധ മൊത്തം ടി.വിലായിരിക്കും. പിന്നെ ആകെ കിട്ടുന്ന ആ സമയം പോലും പാഴായിപ്പോകും. എപ്പോഴും കുട്ടികളുമായും വീട്ടിലുള്ളവരുമായും സംസാരിക്കുക. ഇതുകൊണ്ട് പലവിധ പ്രയോജനങ്ങളാണുള്ളത്. നമ്മുടെ ഓഫീസിൽ അനുഭവപ്പെട്ട പ്രയാസങ്ങളും അവ തരണം ചെയ്ത രീതികളുമൊക്കെ മക്കൾക്ക് അനുഭവമായി മാറുന്നു. തന്നെക്കാൾ പ്രായം കൂടിയ ആൾ പ്രശ്നങ്ങളെ സമചിത്തതയോടു കൂടി അഭിമുഖികരിക്കുന്നതും, പ്രശ്നങ്ങളുടെ മുമ്പിൽ വൈകാരികമായി പ്രതികരിക്കാതെ, അതായത് പൊട്ടിത്തെറിക്കാതെ, കാര്യങ്ങളെ സമഗ്രമായി അപഗ്രഥിച്ച് കൈകാര്യം ചെയ്യുന്നതുമൊക്കെ നാം വെറുതെ ഉപദേശിച്ചു കൊടുത്താൽ ഒട്ടും ഫലവത്താകില്ല. കാരണം ഇപ്പോഴുള്ള കുട്ടികൾക്ക് ഉപദേശങ്ങൾ സ്വീകാര്യമല്ല. മറിച്ച് അച്ഛന്റെയും അമ്മയുടെയും അനുഭവങ്ങൾ അവർക്കുണ്ടായ നേട്ടങ്ങൾ, പോരായ്മകൾ ഒക്കെ കേൾക്കുവാൻ അവർക്ക്



കുട്ടികളോടും ചർച്ച ചെയ്യേണ്ടതുണ്ട്. അപക്വമായ അഭിപ്രായങ്ങളെ പുച്ഛിച്ചു തള്ളുകയോ പരിഹസിക്കുകയോ ചെയ്യരുത്. എങ്കിൽ അവർ പിന്നീട് അഭിപ്രായം ചോദിക്കുമ്പോൾ പറയികയില്ല. ഇങ്ങനെ അവരുടെ അഭിപ്രായങ്ങൾ ആരായുന്നതുമൂലം അവരെ അംഗീകരിക്കുന്നതായി അവർക്കു തോന്നുകയും സന്തോഷിക്കുകയും ചെയ്യും. അഭിപ്രായത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ സാവകാശം അതു പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. തങ്ങൾക്കു കിട്ടുന്ന പ്രാധാന്യം മക്കൾക്കു വലിയ സന്തോഷമാകും.



വലിയ താൽപര്യമുണ്ടാവും. അനുഭവത്തിൽ കൂടിയുള്ള പഠനമാണ് എപ്പോഴും ഫലവത്താവുന്നത്. മാത്രമല്ല എല്ലാവർക്കും തെറ്റുപറ്റും. അത് സ്വഭാവികമാണ്. പക്ഷേ പറ്റിപ്പോയ തെറ്റ് ആവർത്തിക്കാതെ ഇരിക്കുകയാണ് വേണ്ടതെന്നു കുട്ടിക്ക് മനസിലാകും. ഉപദേശങ്ങളെക്കാൾ അച്ഛനമ്മമാരുടെ പ്രവർത്തനങ്ങളിലൂടെ കാര്യങ്ങൾ വ്യക്തമാകുന്നതാണ് ഏറ്റവും അനുയോജ്യം. അനുഭവിക്കാവുന്ന വിശ്വസിക്കാവുന്ന ഉദാഹരണങ്ങൾ അവർ വേഗം അനുകരിക്കും. ഇതൊക്കെ മനസിലാകണമെങ്കിൽ വീട്ടിൽ ആശയവിനിമയം നിർലോഭം നടന്നേ മതിയാകൂ. തികച്ചും യാന്ത്രികമായി മക്കളുടെ പഠനത്തെ മാത്രം തിരക്കി നടന്നാൽ പോരാ. അവരോട് കുശലങ്ങൾ ആരായണം. അവരുടെ അനുഭവങ്ങൾക്ക്–സ്കൂളിലെ കൊച്ചു കൊച്ചു സംഭവങ്ങൾ–കൗതുകത്തോടെ ചെവിയോർത്തിരിക്കുക. തമാശകൾ പറയണം. അവരുടെ കൂട്ടുകാരുടെ വിശേഷങ്ങൾ തിരക്കണം. നിറഞ്ഞ ഹൃദയത്തോടെ തന്നെ. അതുപോലെ വീട്ടിലെ പ്രധാനപ്പെട്ടതും അപ്രധാനവുമായ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ

അതുപോലെ പുസ്തകങ്ങളുടെ ഇടയിൽ നിന്നും കിട്ടാത്ത എത്രയോ പ്രധാനപ്പെട്ട ജീവിത പാഠഭാഗങ്ങൾ തീൻമേശയ്ക്കു ചുറ്റുമുള്ള ചർച്ചകളിൽ നിന്നും കുട്ടിക്ക് കിട്ടും. അനുഭവമാണ് ഏറ്റവും വലിയ ഗുരുവെന്ന് പഴമക്കാർ പറയാറുണ്ട്. ജീവിതത്തിൽ വൈവിധ്യങ്ങളായ വലുതും ചെറുതുമായ അനേകായിരം അനുഭവങ്ങൾ ഓരോ വ്യക്തിക്കും ഉണ്ടാകാറുണ്ട്. ഓരോ അനുഭവവും വ്യത്യസ്തദിശയിലുള്ളതായിരിക്കും. ഓരോ അനുഭവത്തിനും അതിന്റേതായ ഗുണവും ദോഷവുമുണ്ടായിരിക്കും. അനുഭവത്തിൽ എന്താണ് സ്വീകാര്യം, എന്താണ് വർജ്ജ്യം എന്ന് തീരുമാനിക്കേണ്ടത് സ്വന്തം വിവേചനശക്തി ഉപയോഗിച്ചാണ്. ഇവിടെയാണ് അനുഭവം ഗുരുവെന്ന മന്ത്രം ഉരുക്കഴിക്കേണ്ടത്. എന്തെങ്കിലും അനുഭവമുണ്ടാകുമ്പോൾ അതിന്റെ കാര്യകാരണങ്ങളും, അതുമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളും ഇടയ്ക്കിടെ ഓർമ്മിക്കുന്നത് നന്നായിരിക്കും.

*(ശേഷം പേജ് 28)*



## ഉള്ളതു പറഞ്ഞാൽ...

# ദേ .... ഇപ്പ ശരിയാക്കിത്തരാം....





**അഡ്വ. വിനോദ് മാത്യു വിൽസൺ**

ജൂൺ -5. ലോകപരിസ്ഥിതി ദിനം സമുചിതമായി ആഘോഷിച്ചു. കഴിഞ്ഞ വർഷം മരംനട്ട അതേ കുഴിയിൽ ഇത്തവണയും മരം നട്ട് പ്രകൃതി സ്നേഹം വിളിച്ചോതി.

364 ദിവസവും പ്രകൃതിക്കും പരിസ്ഥിതിക്കും ദോഷം വരുത്തിവച്ചിട്ട് ഒരു ദിവസംകൊണ്ട് എല്ലാം ശരിയാക്കാം എന്ന ചിന്ത... ഭൂമി ദേവിയാണ്.... അമ്മയാണ്... ഇത് പറഞ്ഞു പഠിപ്പിക്കുന്നവരും പഠിക്കുന്നവരും ശരിക്കും ഈ അമ്മയെ സ്നേഹിക്കുന്നുണ്ടോ? ഫോറസ്റ്റ് വകുപ്പിന് ഇഷ്ടംപോലെ ഫണ്ട് ഉണ്ട്. എങ്ങനെയെങ്കിലും ചിലവഴിക്കണം. നാട്ടിലെങ്ങും കുഴി എടുക്കും... മരവും നടും... കമ്പിവേലിയും കെട്ടും. പക്ഷേ അടുത്ത വർഷം ഇതേ സമയം നോക്കുമ്പോൾ വേലി മാത്രം മിച്ചം... വേലി തന്നെ വിളവു തിന്നുന്നു. കുളത്തുപ്പുവ എന്ന സ്ഥലത്ത് മരംനടീൽ മഹാമഹം നടന്നു. ഒറ്റ ദിവസംകൊണ്ട് ലക്ഷക്കണക്കിന് മരം നടുന്നു എന്ന് പത്രവാർത്തയും വന്നു. മരം വളർന്നപ്പോൾ പ്രശ്നമായി... മുകളിലൂടെ 11 കെ.വി. ലൈൻ പോകുന്നു.... മരങ്ങൾ കംപ്ലീറ്റ് വെട്ടി.... മരം വെച്ചപ്പോൾ മണ്ടന്മാർ മുകളിലേക്ക് ഒന്ന് നോക്കിയിരുന്നെങ്കിൽ ഈ നഷ്ടം ഉണ്ടാകുമായിരുന്നോ... നോക്കില്ല.... കാരണം ഫണ്ട്.... അത് പോകറ്റിൽ ആക്കണ്ടേ...

ചുറ്റുമതിൽ കെട്ടി വീടും വളപ്പും സംരക്ഷിക്കും. തെങ്ങിൻ മൂട്ടിൽവരെ ടൈൽസ് ഇടും. ഒരുതുള്ളി വെള്ളം വീഴാൻ പാടില്ല. കുഞ്ഞിന്റെ കാലിൽ മണ്ണു പറ്റാൻ പാടില്ല.... രോഗം വരും.... എന്നിട്ടാണ് പ്രകൃതിസ്നേഹം... എന്നും ചീത്ത വിളി മാത്രം നടത്തുന്ന ഭാര്യാഭർത്താക്കന്മാർ രാത്രി ആകുമ്പോൾ ഒറ്റക്കെട്ട്... പാത്തും പതുങ്ങിയും മാലിന്യം കവറിലാക്കി റോഡിലെറിയാൻ....

നെല്ല്.... അരിമണി... ഇതൊക്കെ എവിടുന്നാണ് ഉണ്ടാകുന്നതെന്ന് ഒരു ക്ലാസിൽ ചോദിച്ചപ്പോൾ "നെല്ല് മരത്തിൽ നിന്നാണ്" എന്നു പറഞ്ഞ കുട്ടിപിള്ളേരാണ് വളർന്നുവന്ന് പ്രകൃതി സ്നേഹം നടത്തേണ്ടത്.

കഴിഞ്ഞ വർഷത്തെ പരിസ്ഥിതി ദിനത്തിൽ കുറെ വൃക്ഷത്തൈ വിതരണം നടത്താമെന്നു കരുതി. തേക്കും മാവും ആഞ്ഞിലിയും ഒന്നു കിട്ടിയല്ല. കിട്ടിയത് കുറെ പേരയും നെല്ലിയും വേപ്പും. വിതരണം തുടങ്ങിയപ്പോൾ ആർക്കും ഒന്നും വേണ്ട.... കാരണം തേക്ക് വച്ചുപിടിപ്പിച്ചിട്ട് വേണം കുറച്ചു കാശ് ഉണ്ടാക്കാൻ എന്നു കരുതി വന്നവരാണ് ഏറെയും. വിഷമമായി...പെട്ടെന്ന് എന്റെ കൂടെ ഉണ്ടായിരുന്ന വിദ്വാൻ ഒരു കുബുദ്ധി പ്രയോഗിച്ചു... "ഇത് ഇന്തോനേഷ്യൻ പേരയാണ്. അര അടി പൊക്കം ആകുമ്പോൾ കായ്ച്ച് തുടങ്ങും" അവ

സാനം പേരക്കുട്ടികൾക്ക് വേണ്ടി അടിപിടിയായി. ഇതാണ് യഥാർത്ഥ പ്രകൃതിസ്നേഹം.

ബഷീറിന്റെ ഭൂമിയുടെ അവകാശികൾ മനുഷ്യൻ മാത്രമല്ല, ചെല്ലിയും ഓന്തും ചീവീടും പല്ലിയും പാറ്റയും ഉറുമ്പും അങ്ങനെ എല്ലാവരും.... ഉൽപ്പത്തി പുസ്തകം വായിച്ചാൽ മനസ്സിലാകും കാര്യങ്ങൾ.... ആദ്യം ദൈവം സൃഷ്ടിച്ചത് മനുഷ്യനെ അല്ല... അവസാനം ആണ് ഓർത്തത്, തോന്നിയത് ഈ ഇരുകാലികളെപ്പറ്റി... എന്നിട്ട് ഏൽപ്പിച്ച് കൊടുത്തു. എല്ലാം നോക്കി നടത്താൻ. പരിപാലിക്കാൻ.... സംരക്ഷിക്കേണ്ടവൻ സംഹരിക്കാൻ തുടങ്ങിയാൽ എന്താകും സ്ഥിതി...

സ്വർണ്ണവും പണവും കാറും തുടങ്ങി... എല്ലാം കൊടുക്കും മക്കൾക്ക് ജീവിക്കാൻ. അടുത്ത തലമുറക്കായി സമ്പാദിച്ച് കൂട്ടുകയാണ്... ആള് കാണിക്കാൻ ... അൽപ്പത്തം... അല്ലാതെ എന്തുപറയാൻ. ഭൂമിയെ മാത്രം സംരക്ഷിക്കില്ല. അമ്മയാണു പോലും... അമ്മയുടെ മുഖത്ത് ആരെങ്കിലും മാലിന്യം വലിച്ചെറിയുമോ? അമ്മയെ വെട്ടി മുറിവേൽപ്പിക്കുമോ? ഒരു ചൈനീസ് പഴമൊഴി ഉണ്ട്; "ഉണ്ടാക്കാൻ കഴിയാത്തതൊന്നും നശിപ്പിക്കരുത്."

എറണാകുളത്ത് ഫ്ളാറ്റ് കെട്ടിത്താമസിച്ചിട്ട് ഇടുക്കിയിലെ പരിസ്ഥിതിയെ സംരക്ഷിക്കണം എന്നുപറയുന്നതിൽ.... എ.സി.യിൽ കിടന്നുറങ്ങിയിട്ട് മരംവെച്ച് മഴപെയ്യിക്കണം എന്നു പറയുന്നതിൽ... ആൾക്കോരോന്ന് കാറ് വാങ്ങി ഓടിച്ചിട്ട് കാർബണിന്റെ അളവ് കുറയ്ക്കണം എന്നു പറയുന്നതിൽ.... എന്തു പ്രകൃതിസ്നേഹം? ●

# കുമ്പസാരം

**ജിനു കൊച്ചുപ്ലാംമൂട്ടിൽ**



നമ്മെ ക്രിസ്തുവാക്കുന്ന കൂടിൽ....
ഏറ്റുപറച്ചിലല്ല,
നമ്മെ തിരിച്ചറിയുകയാണവിടെ...
ശൂന്യതയുടെ നിഗൂഢതകളും
മൗനത്തിന്റെ ദുരന്തവും
പാറ്റിയെടുക്കുന്ന കടലിടുക്കാണത്,
'ഉടഞ്ഞ ശംഖിനെ ചുംബിക്കുന്ന' കടലിടുക്ക്.
എന്റെയും നിന്റെയും ഹൃദയകരങ്ങളെ
ഹസ്തദാനം ചെയ്യിക്കുന്ന
ഇടനിലക്കാരനുണ്ടവിടെ,
'സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിലെ ഇടനിലക്കാരൻ.'
(ഇനിയുള്ളത് നിനക്കു മാത്രം)
അപരനെ തിരിച്ചറിയാനാവാത്ത
നീയെനിക്കൊരു പരാജയ ചിഹ്നമാണ്.
പിന്നെയും പിന്നെയും കലഹിക്കുമ്പോൾ
കാൽവരിയിലെ മരങ്ങളും ദ്രവിക്കാത്ത
തടികളും കൂടിച്ചേർന്ന കൂട്
മിഴികളെ പൂവണിയിപ്പിച്ചുകൊണ്ട്
എന്നെ മാടിവിളിക്കുന്നു;
പോയിവന്നിട്ട് നമുക്കൊരുമിച്ച്
അത്താഴം കഴിക്കാം...
ഭൂമി അന്ധകാരമാകുമെന്ന തിരിച്ചറിവിനൊടുവിലെ
അന്ത്യത്താഴം....

# കുടുംബത്തിലെ ആശയവിനിമയം

(25 –ാം പേജ് തുടർച്ച)

ഒരു സൗഹൃദസംഭാഷണത്തിൽ പരസ്പരമുള്ള ചോദ്യങ്ങൾക്കു മറുപടി പറയുമ്പോൾ ചോദ്യവും മറുപടിയും സശ്രദ്ധം കേൾക്കാനുള്ള മനോഭാവം നമുക്കുണ്ടാകും. വളരെ ശ്രദ്ധിച്ചു കേൾക്കുന്ന ഒരു കാര്യത്തിന് മറുപടി പറയുമ്പോൾ അത് മനസ്സിൽ ഏറെനാൾ നിറഞ്ഞു നിൽക്കും. അലസമായ മറുപടികൾ സാധാരണ ഗതിയിൽ സൗഹൃദസംഭാഷണങ്ങളിൽ നിറയാറില്ല. ഉപദേശങ്ങൾ, പരിഭവങ്ങൾ, ശാസനകൾതുടങ്ങിയവ നമുക്കിഷ്ടപ്പെട്ട വ്യക്തിയിൽ നിന്നോ നമ്മൾ ബഹുമാനിക്കുന്ന ആളിൽ നിന്നോ ജ്യേഷ്ഠതുല്യനായ ആളിൽ നിന്നോ കേൾക്കുകയാണെങ്കിൽ ആ വാചകങ്ങൾക്ക് വലിയ പ്രാധാന്യം നമ്മൾ സ്വയമറിയാതെ തന്നെ കൊടുത്തുപോകും. അത് ജീവിതത്തിൽ ഏറെ സ്വാധീനിക്കുയും ചെയ്യും; മറക്കുകയുമില്ല.

മക്കളോട് നാം നമ്മുടെ ഓഫീസിലെ കാര്യങ്ങൾ പങ്കിടുന്നതുവഴി പലവിധ ഗുണങ്ങൾ ഉണ്ട്. നമ്മുടെ തന്നെ ടെൻഷൻ കുറയും. നമ്മുടെ പ്രശ്നങ്ങൾ വേറൊരാളുമായി, നമ്മളെക്കാൾ വളരെ പ്രായം കുറഞ്ഞ ആളാണെങ്കിൽപ്പോലും, നമുക്ക് ഒരാശ്വാസം ലഭിക്കും. മാത്രമല്ല ഇങ്ങനെ നിരന്തരം സംഭാഷണത്തിൽ ഏർപ്പെടുന്നതുകൊണ്ട് നമുക്കു അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ പറ്റും. ഏതു പ്രശ്നവും അത് സങ്കീർണ്ണമാകുന്നതിന് മുൻപു തന്നെ മനസ്സിലാക്കാൻ പറ്റും. പരിഹാരം കൊടുക്കുവാനും പറ്റും. അതുപോലെ മുതിർന്നവരെ പ്രത്യേകിച്ച് അച്ഛനമ്മമാരെ അനുകരിക്കുന്നതാണ് മക്കൾക്ക് ഏറ്റവും പ്രിയം. ഓരോരുത്തരും മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്നതു കണ്ടിട്ട് അതിനെ അനുകരിച്ചാണ് മക്കൾ പെരുമാറുന്നത്. അതിനാൽ ആദ്യം അച്ഛനുമമ്മയും നന്നായാലേ മക്കൾ നന്നാകൂ. ഉദാഹരണമായി, നമ്മുടെ ഉത്തമ സുഹൃത്തിനെ ഫോൺ വിളിച്ച് സംസാരിച്ചതിനുശേഷം ഉടനെ അവരെക്കുറിച്ച് ദൂഷ്യം പറയരുത്, നമ്മെക്കുറിച്ച് തന്നെ മക്കൾക്ക് മോശം അഭിപ്രായം ആയിരിക്കും ഉണ്ടാവുക.

അതുപോലെ അച്ഛനും അമ്മയും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അത് മക്കളുടെ മുൻപിൽ വച്ച് ആകരുത്. എപ്പോഴും വഴക്കും ബഹളവും കണ്ടുവളരുന്ന കുട്ടികൾ അപകർഷബോധവും അരക്ഷിതത്വവും ഉള്ളവരായിരിക്കും. അച്ഛനും അമ്മയും തമ്മിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ അത് അന്നന്നു തന്നെ തീർത്തുപോകണം. പറഞ്ഞാൽ തീരാത്ത പ്രശ്നങ്ങളില്ല. ഒന്നും മിണ്ടാതെ മുഖം വീർപ്പിച്ചു നടക്കുന്ന അമ്മയെയും അച്ഛനെയും കണ്ടുവളരുന്ന കുട്ടികളും അങ്ങനെ തന്നെയല്ലേ ആകൂ. അതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. കൊച്ചുകൊച്ചു പിണക്കങ്ങൾ സ്വാഭാവികമാണ്. പക്ഷേ അത് അപ്പോൾതന്നെ തീർക്കാതിരുന്നാൽ വലിയ പിണക്കങ്ങളായി മാറും. എല്ലാവരും എല്ലാം തികഞ്ഞവർ അല്ലല്ലോ. പോരായ്മകൾ തീർത്ത് മുന്നേറണം. സംഘർഷങ്ങളോ വിയോജിപ്പുകളോ നിലനിൽക്കുമ്പോൾ അതായത് കുടുംബാന്തരീക്ഷം പ്രക്ഷുബ്ധമാകുമ്പോൾ ഒന്നു ശാന്തമാക്കാനായി ഉല്ലാസയാത്രകളാകാം. ദൂരെയുള്ള സ്ഥലത്ത് പോകാൻ പറ്റിയില്ലെങ്കിൽ തൊട്ടടുത്തുള്ള പാർക്കിലോ കടപ്പുറത്തോ പോകാമല്ലോ.



അതുപോലെ തന്നെ എല്ലാവരോടും സന്തോഷത്തോടെ ഇടപഴകാൻ കുട്ടികൾ പഠിക്കുന്നതും കുടുംബത്തിൽ നിന്നു തന്നെ. ആദ്യം വീട്ടിൽ നിന്നു തുടങ്ങണം. കുട്ടി ആദ്യം ഇടപഴകുന്നതും വീട്ടുകാരുമായിട്ടാണല്ലോ. അവർ കണ്ടു വളരുന്നതും അതു തന്നെയാണ്. പണവും പഠനവും ഉണ്ടായാൽ എല്ലാമായി എന്നൊരു ചിന്ത ചെറുപ്പത്തിലേ കുട്ടികളിൽ വളർത്തരുത്. എല്ലാവരുമായി പൊരുത്തപ്പെട്ടുപോകാൻ നല്ല സ്വഭാവമുള്ള മക്കളായി വളർത്തുകയാണ് പ്രധാനം. മൂല്യബോധം വളർത്തണം. അതൊക്കെ കുട്ടികളിൽ വളർത്തണമെങ്കിൽ ഒരു കോച്ചിംങ് ക്ലാസിൽ വിട്ടാൽ അതൊന്നും കിട്ടില്ല. കുടുംബത്തിൽ നിന്നുമാണ് ലഭിക്കേണ്ടത്. നമ്മുടെ ജീവിതത്തിൽ നാം ആഗ്രഹിക്കുന്നതൊക്കെയും സാധിച്ചു കിട്ടണമെന്നില്ല. പക്ഷേ ഇപ്പോഴത്തെ അച്ഛനമ്മമാർ ഈ യാഥാർത്ഥ്യം കുട്ടികളിൽ നിന്നും മറച്ചുവയ്ക്കും. ചെറുപ്പത്തിൽ എല്ലാകാര്യങ്ങള സാധിച്ചു കൊടുക്കുന്നത് ഒരു ഫാഷനായി തീർന്നിട്ടുണ്ട്. ചില മാതാപിതാക്കൾ 'ഒരു കുറവും അറിയിക്കാതെയാണ് വളർത്തിയതെന്ന്' അഭിമാനത്തോടെ പറയുന്നത് കേൾക്കാം. കുട്ടികളോട് ചെയ്യുന്ന ക്രൂരതയാണിത്.

കുറവുകൾ അറിയിച്ചു വളർത്തിയില്ലെങ്കിൽ അവർക്ക് പിന്നീട് അവരുടെ ദാമ്പത്യജീവിതത്തിൽ, അടിപ തറും. കുറവുകൾ എങ്ങനെ അറിയിക്കണമെന്ന സംശയം ചെറുപ്പക്കാരായ മാതാപിതാക്കൾക്കു തോന്നാം. അവിടെയാണ് സംസാരത്തിന്റെ പ്രധാന്യം വരുന്നത്. ഒരു സാധനം ആവശ്യപ്പെടു മ്പോൾ സാമ്പത്തികമായി നമുക്ക് വാങ്ങിച്ചുകൊടു ക്കുവാൻ ബുദ്ധിമുട്ടില്ലെങ്കിലും സാമ്പത്തിക ഞെരു



ക്കമുള്ളതായി ഭാവിച്ചു ഫറയണം: "ഈ മാസം വിചാ രിച്ചിരിക്കാതെ ചില അധികചിലവുകൾ വന്നതിനാൽ അച്ഛന് വാങ്ങിത്തരാൻ പറ്റുന്നില്ല. അടുത്തമാസം വാങ്ങിത്തരാം." ഇങ്ങനെ പറയുന്നതുവഴി കുട്ടി കൾക്ക് അവരുടെ വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ് ലഭിക്കും. ഇഷ്ടമുള്ളത് എല്ലാം ആസ്വദിച്ചു വളരുന്ന കുട്ടിക്ക്, വിചാരിച്ച കാര്യങ്ങളോക്കെ നേടി യെടുത്തു വളരുന്ന കുട്ടിക്ക്, സങ്കീർണമായ പ്രശ്ന ങ്ങളെ അതിജീവിക്കുവാനുള്ള കഴിവ് കുറവാണ്. "തീയിൽ കുരുത്തത് വെയിലത്ത് വാടില്ല" എന്ന പഴ ഞ്ചൊല്ല് അവിടെ പ്രസക്തം. ചില മാതാപിതാക്കൾ വിചാരിക്കും, ഇതൊക്കെ പ്രത്യേകിച്ച് പറഞ്ഞു കൊടുക്കേണ്ട ആവശ്യമില്ല, മക്കൾ തനിയെ അനു മാനിച്ചുകൊള്ളും എന്ന്. ഇവിടെയാണ് തെറ്റ്. എല്ലാ കാര്യങ്ങളും വളരെ വിശദികരിച്ച് തന്നെ പറഞ്ഞു മനസിലാക്കികൊടുക്കണം. മാത്രമല്ല, ചെറുപ്പകാ ലത്ത് മാതാപിതാക്കൾ അനുഭവിച്ച ദുഃഖങ്ങളും അവർക്ക് പറഞ്ഞു മനസിലാക്കി കൊടുക്കണം. ഇന്നത്തെപോലെ യാതൊരുവിധ അമ്യൂസ്മെന്റ് പാർക്കിലോ കമ്പ്യൂട്ടർ ഗെയിമുകളോ പണ്ടു കാലത്ത് ഉണ്ടായിരുന്നില്ലല്ലോ. ഇതൊക്കെ പറഞ്ഞു മനസിലാക്കണം. തമാശരൂപേണ അവതരിപ്പിക്കാം, ഉപദേശരൂപത്തിൽ അല്ലാതെ. നല്ലതുപോലെ ചെറു പ്പത്തിലെ മാതാപിതാക്കളുമായി ആശയവിനിമയം നടത്തിവരുന്ന കുഞ്ഞിന് വലുതാകുമ്പോൾ ആൾക്കാരുമായി ഇടപഴകാനും കാര്യങ്ങൾ അവത രിപ്പിക്കാനും ഒരു പ്രത്യേക ലഭിക്കും. കുട്ടികളെ ടി. വിയ്ക്കു മുമ്പിലും കമ്പ്യൂട്ടറിനു മുമ്പിലും കൂടുതൽ നേരം ചടഞ്ഞ് ഇരിക്കുവാൻ അനുവദിക്കാതെ അവ രുമായി കൊച്ചുവർത്തമാനത്തിനു ഇടപെടാൻ മറ ക്കരുത് അതിന്റെ പ്രാധാന്യം അളവറ്റതാണെന്ന് വിസ്മരിച്ചുകൂടാ. കുട്ടികളുടെ സർഗ്ഗശക്തി വർദ്ധിപ്പി ക്കുന്നതിനും ആശയവിനിമയം പ്രധാന പങ്കു വഹി ക്കുന്നുണ്ട്. ജീവിതാനുഭവങ്ങളിൽ നിന്നാണ് ഉത്തമ മായ സ്വർഗ്ഗസൃഷ്ടികൾ രൂപം കൊള്ളുന്നത്. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഉണ്ടാകുന്ന വ്യത്യ സ്താനുഭവങ്ങഴിൽനിന്നു മനസിനെ സ്വാധീനിക്കു ന്നവയെ തെരഞ്ഞെടുത്ത് സ്വർഗ്ഗപ്രതിഭയുടെ ഉരക ല്ലിൽ പുതിയ രൂപഭാവങ്ങൾ ചമയ്ക്കുവാൻ കഴിയു മ്പോഴാണല്ലോ യഥാർത്ഥമായ ആവിഷ്ക്കാരം ഉണ്ടാ കുന്നത്. ആയതിനാൽ കുടുംബത്തിൽ ആശയവി നിമയത്തിന്റെ പ്രസക്തി പ്രധാനപ്പെട്ടതാണ്. ●

*കടപ്പാട് : കുടുംബജ്യോതി*

## അഭിനന്ദനങ്ങൾ



കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ ബൈബിൾ കമ്മീഷന്റെ 'ഡിപ്ളോമാ ഇൻ ബിബ്ളിക്കൽ സ്റ്റഡീസിൽ' ഉന്നത വിജയം നേടിയ ജയ്സ് കോഴിമണ്ണിൽ ഇരവിപേരൂർ. മലങ്കര കാത്തലിക് അസോസിയേ ഷൻ വെണ്ണിക്കുളം മേഖലാ സെക്രട്ടറിയും ലോക്കൽ സെൽഫ് ഗവൺമെന്റ് (L.S.G.D) ഇരവിപേരൂർ/ പുറമറ്റം ഗ്രാമപഞ്ചായത്ത് സെക്ഷൻ എൻജിനീയറിംഗ് വിഭാഗം ഓവർസിയറുമാണ്. തിരുവല്ല അതി രൂപതാ പാസ്റ്ററൽ കൗൺസിൽ മെംബർ 'ഐക്യദീപം' പത്രാധിപസ മിതി അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# വിശ്വാസം തകർക്കുന്നതാകരുത് വിശ്വാസ പരിശീലനം



**ബിനു കണ്ണന്താനം**
ട്രെയ്നർ & കൗൺസിലർ.

**ക്രൈ**സ്തവസഭ ഇന്ന് ഏറ്റവും കൂടുതൽ ആകുലപ്പെടുന്നത് ഇന്നത്തെ യുവജനങ്ങളുടെ പോക്കിനെപ്പറ്റിയാണ്. അറിവിന്റെ കാര്യത്തിലും ഐഡിയായുടെ കാര്യത്തിലും ഇന്ന് വളരെയേറെ മുന്നിലാണ് യുവതലമുറ എന്നത് സമ്മതിക്കാതെ നിവൃത്തിയില്ല. ഇന്ന് ലോകം കൈക്കുമ്പിളിലാണ്. പണ്ടൊക്കെ ഒരു കാര്യത്തിന്റെ വിശദാംശങ്ങളറിയാൻ വളരെ ശ്രമം ആവശ്യമായിരുന്നെങ്കിൽ ഇന്ന് എല്ലാം വിരൽത്തുമ്പിൽ ലഭ്യമാണ്. അതുമൂലം ഇന്ന് യുവതലമുറ മുൻതലമുറയെ അപേക്ഷിച്ച് മുന്നിലാണ്. ന്യൂ ജനറേഷൻ, മെട്രോ എന്നീ പേരുകളിലാണ് ഇവർ ഇവരേ വിശേഷിപ്പിക്കുന്നത്. മാതാപിതാക്കളൊക്കെ ഇവരുടെ മുമ്പിൽ "ഔട്ട്ഡേറ്റഡ്" വല്യപ്പനും വല്യമ്മയും ''കടുംവെട്ടുകൾ'' പണ്ടൊക്കെ കുട്ടികൾ മാതാപിതാക്കളെ പേടിച്ച് ജീവിച്ചു. ഇന്ന് മാതാപിതാക്കൾ കുട്ടികളെ പേടിച്ചു ജീവിക്കേണ്ട അവസ്ഥയാണ്. ആവശ്യപ്പെട്ടത് സാധിച്ച് കൊടുത്തില്ലെങ്കിൽ ആത്മഹത്യ അല്ലെങ്കിൽ ഒളിച്ചോട്ടം ഇതാണ് ന്യൂജനറേഷന്റെ ഒരു സ്റ്റൈൽ. മാതാപിതാക്കൾ ഇവർക്ക് വെറും ''എ.റ്റി.എം" കൾ മാത്രമാണ്. ചോദിക്കുമ്പോൾ പണം കൊടുക്കുവാനുള്ള ഒരു ഉപകരണം മാത്രം. ഈ യുവതലമുറ അവനവനിലേയ്ക്ക് മാത്രം ഒതുങ്ങിപ്പോകുന്നില്ലേ. ഈ ഒതുങ്ങിപ്പോക്കൽ ദൂരവ്യാപകമായ പ്രത്യാഘാതം സഭയ്ക്കും സമൂഹത്തിനും സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. സ്വന്തം കഴിവു കൊണ്ട് മാത്രം ആർക്കും ജീവിതത്തിൽ വിജയം വരിക്കാൻ കഴിയില്ല. ഓരോരുത്തരുടെ വിജയത്തിനു പിന്നിലും പല കരങ്ങളുടെയും പിൻബലമുണ്ടായിരിക്കും. മാതാപിതാക്കൾ, അദ്ധ്യാപകർ, സഹപാഠികൾ, സഭ, സമൂഹം ഇങ്ങിനെ പല പല കരങ്ങൾ. അപ്പോൾ യുവതലമുറ ഒന്ന് മനസ്സിലാക്കുക. നമ്മുടെ കഴിവുകൾ ഇവർക്കു കൂടി അവകാശപ്പെട്ടതാണ്. ഇവർക്കു വേണ്ടിയും ആ കഴിവുകളുടെ ചെറിയൊരു ശതമാനമെങ്കിലും ഉപയോഗിക്കാൻ തയ്യാറായില്ലെങ്കിൽ അത് അവനവനോടു തന്നെ ചെയ്യുന്ന നീതികേടായിരിക്കും.

ഇന്നത്തെ തലമുറയിൽ നല്ലൊരു ശതമാനവും സഭയിൽ നിന്ന് അല്പം അകന്നു നിൽക്കാൻ ആഗ്രഹിക്കുന്നവരാണ് എന്ന് തോന്നിപ്പോകാറുണ്ട്. ഇവരെ സഭയോടു ചേർക്കാൻ ശ്രമിച്ചാൽ "പ്ലാഞ്ഞിൽ" മീനെ പിടിക്കാൻ ശ്രമിക്കുന്നതുപോലെയാണ്. പിടികിട്ടുകയില്ല. കൈയ്യിൽ നിന്ന് ചാടിപ്പോകും. നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനം വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അമേരിക്കയിലെയും, യൂറോപ്പിലേയും അവസ്ഥയായിരിക്കും



ഏതാനും വർഷം കഴിയുമ്പോൾ നമുക്കും സംഭവിക്കുക. ചെറുപ്പക്കാർ പള്ളിയിൽ പോകാത്ത അവസ്ഥ. കുട്ടിക്കാകലത്ത് മനസ്സിൽ രൂപപ്പെടുന്ന ചിന്തകളാണ് അവന്റെ ജീവിതാവസാനം വരെയുള്ള ചിന്താഗതികളായി രൂപം കൊള്ളുന്നത്. യുവതലമുറയെ മനസ്സിലാക്കി അതിനനുസരിച്ച് ഉയർന്നു പ്രവർത്തിക്കാനും അവരുടെ സ്നേഹം പിടിച്ചു പറ്റുവാനും സാധിക്കുന്നവൻ ആയിരിക്കണം ഈ അദ്ധ്യാപകർ.

കുട്ടികളുടെ മനസ്സിൽ എന്നും പൂത്തുലയുന്ന മനോഹര പുഷ്പങ്ങൾ നിറയ്ക്കുവാൻ ഈ അദ്ധ്യാപകർക്ക് സാധിക്കണം. അല്ലാതെ അവരുടെ മനസ്സിൽ വിദ്വേഷവും പകയും അവഹേളനത്തിന്റെയും കാരിരുമ്പാണികൾ തറച്ചുകേറ്റുന്നവരാകരുത്. ഇന്നത്തെ ഭൂരിപക്ഷം അദ്ധ്യാപകരുടെ മുമ്പിലും രണ്ടുതരം വിദ്യാർത്ഥികളെ ഉള്ളൂ.പഠിക്കുന്ന കുട്ടി, പഠിക്കാത്ത കുട്ടി. അദ്ധ്യാപകൻ ആചാര്യനായി - ഗുരുവായി മാറണം. തന്റെ ക്ളാസിൽ ഒരു കുട്ടി പ്രശ്നമുണ്ടാക്കിയാൽ അവന്റെ പ്രശ്നം എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കണം. അല്ലാതെ ക്ലാസിലെഴുന്നേല്പിച്ച് നിർത്തി ചോദ്യം ചെയ്യലും സ്റ്റാഫ് റൂമിൽ കൊണ്ടുപോയി വിചാരണയുമാണ് ചെയ്യുന്നതെങ്കിൽ അവന്റെ കുഞ്ഞു മനസ്സിൽ വിദ്വേഷത്തിന്റെ ആണി തറയ്ക്കുകയാണ് ചെയ്യുന്നത്. ഓരോ കുട്ടിയും ഓരോ "ഡൈമണ്ട്" ആണ്. ഇവയെ എങ്ങനെ പോളീഷ് ചെയ്തെടുക്കുന്നുവോ അതിനനുസരിച്ച് ശോഭ കൂടിയും കുറഞ്ഞുമിരിക്കും. ഓരോ അദ്ധ്യാപകനും സ്വയം ഒരു ആത്മപരിശോധന നടത്തണം. ഒരു ടീച്ചർ എന്ന നിലയിൽ നിങ്ങൾ നിങ്ങൾക്ക് എത്രമാർക്ക് കൊടുക്കുന്നുവെന്ന്. ഇതിന് പലരീതികളും തേടാം. അതിൽ ഒന്നുമാത്രം സൂചിപ്പിക്കട്ടെ. സ്കൂളിന് പുറത്ത് ദൂരെയുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് നിങ്ങളുടെ സ്റ്റുഡന്റ് നിങ്ങളെ കാണുമ്പോൾ ടീച്ചറേ എന്നു വിളിച്ച് അടുത്തു വരാറുണ്ടോ. അതോ അവൻ കാണാത്ത മട്ടിൽ പോവുകയാണോ ചെയ്യുന്നത്. കുട്ടികൾ നിങ്ങളുടെ അരികിൽ ഓടിയെത്തിയാൽ നിങ്ങൾക്ക് എ പ്ലസ് കിട്ടി. മറിച്ചായാൽ വെറും സി. എവിടെയാണ് പിഴവു സംഭവിച്ചതെന്ന് സ്വയം മനസ്സിലാക്കി മുന്നേറുവാൻ ശ്രമിക്കുക. അതിനു സാധിച്ചില്ലായെങ്കിൽ പണി മതിയാക്കുക.

വിശ്വാസപരിശീലന അദ്ധ്യാപകർ ഒരു പ്രതിഫലവും പറ്റാതെ വളരെ ത്യാഗോജ്ജ്വലമായ സംഭാവനകളാണ് സഭയ്ക്കു നൽകുന്നതെന്നതിന് യാതൊരുവിധ സംശയങ്ങളുമില്ല. എന്നാൽ ആയിരം തേൻതുള്ളിയിൽ ഒരു മീൻതുള്ളി പോലെ ഒരു ചെറിയ ശതമാനം മുപ്പതും നാൽപ്പതും വർഷമായി ഒരു നേരമ്പോക്ക് എന്ന നിലയിൽ ഇതിനെക്കണ്ട് കാലഹരണപ്പെട്ടു പോയ വിദ്യാഭ്യാസ രീതികൾ അവലംബിക്കുന്നവരും കുട്ടികളുടെ ചെറിയ കുറ്റങ്ങളെ പർവ്വതീകരിക്കുകയും അവരുടെ പ്രശ്നങ്ങളിൽ അവർക്ക് തുണയാകുവാൻ സാധിക്കാതെ കഠിന ശിക്ഷ നല്കുന്നവർ വിശ്വാസ പരിശീലനം നല്കിയാൽ അവിശ്വാസികളുടെ എണ്ണം സഭയിൽ കൂടും എന്നതിന് സംശയമില്ല. കേരള പോലീസ് ഡിപ്പാർട്ട്മെന്റ് നടത്തിയ സർവ്വേയിൽ ഇരുപത് വയസ്സാകുന്ന ആൺകുട്ടികളിൽ 82 ശതമാനവും പെൺകുട്ടികളിൽ 76 ശതമാനവും മൂന്നു വർഷം ജയിൽശിക്ഷ കിട്ടുവാനുള്ള കുറ്റം ചെയ്തിട്ടുള്ളവരാണ്.

ഓരോ കുട്ടിയുടെയും മനസ്സിൽ ഒരു സന്യാസിയുണ്ട്. ഒരു കുറ്റവാളിയുമുണ്ട്. തിന്മയാകുന്ന കുറ്റവാളിയെ അവർച്ച ചെയ്ത് നന്മയാകുന്ന സന്യാസിയെ വളർത്തിയെടുക്കുവാൻ അദ്ധ്യാപകർക്ക് കഴിയണം. ദൈവസത്യങ്ങളും പ്രപഞ്ചസത്യങ്ങളും മറ്റും കഥയായും കാര്യമായും പറഞ്ഞ് കുട്ടികളുടെ മനസ്സിൽ പതിപ്പിച്ചുകൊടുക്കണം. "ടാങ്കിലുള്ളതേ ടാപ്പിൽ വരൂ"സ്നേഹവും നന്മയുമാണ് കുട്ടികളുടെ മനസ്സാകുന്ന ടാങ്കിൽ നിങ്ങൾ നിറച്ചെതെങ്കിൽ അവരിൽ നിന്നും പുറത്തോട്ട് സ്നേഹവും നന്മയും പ്രവഹിക്കും. വിദ്വേഷവും പകയുമാണ് നിങ്ങൾ പകർന്നു കൊടുത്തതെങ്കിൽ അതു തന്നെയായിരിക്കും അവരിൽ നിന്ന് പുറത്തേയ്ക്ക് വരിക.

●

## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9447617877**

**തീയതി: ജൂലൈ : 8, 9, 10 - 22, 23, 24**

**ആഗസ്റ്റ്: 5, 6, 7 - 19, 20, 21**


**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**സുരേഷ്. ജെയ്സി & ഫാമിലി, ഷാർജ**



# കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം !!



ST. BENEDICT

“തിരുസഭയ്ക്കും മനുഷ്യസമുദായത്തിനും നൂറ്റാണ്ടുകളായി അതുല്യനേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ആദരണീയവും ആശ്രമാധിഷ്ഠിതവുമായ സന്യാസ ജീവിതരീതി പാശ്ചാത്യവും പൗരസ്ത്യവുമായ സഭകൾ അതിന്റെ ആദിമചൈതന്യത്തോടുകൂടി സംരക്ഷിക്കട്ടെ. അത് അധികമധികം ശോഭിക്കുകയും ചെയ്യട്ടെ. ആശ്രമപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് വിനീതവും അതേസമയം വിശിഷ്ടവുമായ ശുശ്രൂഷ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് ആശ്രമസ്ഥരുടെ പ്രഥമവും പ്രധാനവുമായ ധർമ്മം.” (Vatican II, Religious Life, 9)

ആർഷഭാരതപാരമ്പര്യത്തിനും ജീവിതരീതിക്കും മലങ്കര ആരാധനാക്രമത്തിനും അനുരൂപമായി വി. ബെനഡിക്റ്റിന്റെയും വി. ബെർണാർഡിന്റെയും ആദ്ധ്യാത്മീകത പിന്തുടർന്ന ഇന്ത്യയിലെ ഏക ട്രാപ്പിസ്റ്റ് (O.C.S.O) സന്യാസാശ്രമത്തിൽ അംഗമായി ക്രിസ്തുവിനും തിരുസഭയ്ക്കും വേണ്ടി ലളിതവും ധ്യാനാത്മകവുമായ (Contemplative) സന്യാസജീവിതം നയിക്കുവാൻ താല്പര്യമുള്ള 20നും 35 നും മദ്ധ്യേ പ്രായമുള്ളവരും SSLC എങ്കിലും വിദ്യാഭ്യാസയോഗ്യതയുള്ളവരുമായ യുവാക്കൾക്ക് വാഗമൺ കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം! കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ നേരിൽ കാണുകയോ ചെയ്യുക.




**Postal Address: Acharya, Kurisumala Ashram,**
**Vagamon 685503, Kottayam, Kerala.**
**Telephone: 9961729917, 9944191029, 8281903158.**
**E-mail: Kurisumala1958@gmail.com**
**Website:KurisumalaAshram.org**



**ഫാ. ജോസ് തൈപ്പറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്
തിരുവല്ല അതിരൂപത

# കർത്താവിന്റെ രക്തത്തിൽ മുദ്രപതിച്ച കുടുംബങ്ങൾ



**വി**വാഹം സ്നേഹത്തിന്റെ കൂദാശയാണ്. കർത്താവിന്റെ സ്നേഹത്തിന്റെ തുടർച്ചയാണ് കുടുംബജീവിതം. ദൈവത്തിന്റെ സ്നേഹം മനുഷ്യനായി അവതരിക്കുന്നത് ഒരു കുടുംബത്തിലാണ്. യേശു മുപ്പതു വർഷക്കാലം വസിച്ചതും കുടുംബത്തിലെ സ്നേഹബന്ധങ്ങളുടെ മധ്യേയാണ് അതുകൊണ്ടാണ് നസ്രത്തിലെ കുടുംബം തിരുക്കുടുംബമായത്. ഈ കർത്താവുതന്നെ നമ്മുടെ കുടംബങ്ങളിലും ഇന്നും ജീവിക്കുന്നു. വിവാഹമെന്ന കൂദാശയിലൂടെ ഭാര്യ ഭർത്താക്കന്മാരെ കർത്താവ് തന്റെ വിശുദ്ധിയുടെ മുദ്രയാൽ അടയാളം നൽകി കുടുംബജീവിതത്തിലേയ്ക്ക് പ്രവേശിപ്പിക്കുന്നു. ഇത് ദമ്പതികൾ പരസ്പരം വിശുദ്ധീകരിക്കുവാനും തങ്ങൾക്കുണ്ടാകുന്ന മക്കളെ വിശുദ്ധിയുടെ മുദ്ര ചാർത്തി സ്വർഗ്ഗത്തിലെത്തിക്കാനുമാണ്. വി. കൂദാശകളിലൂടെ വചനത്തിലൂടെ കർത്താവ് നമ്മോടൊപ്പം കുടുംബത്തിൽ വസിക്കുന്നു.

പരസ്പരം വിശുദ്ധീകരിക്കാൻ മുദ്രയിടപ്പെട്ട ദമ്പതികൾ കുടുംബ ജീവിതത്തിലനേക വർഷങ്ങളായി മുന്നേറിയെങ്കിലും, ജീവിത പങ്കാളിയെയും, കുഞ്ഞുങ്ങളെയും, വിശുദ്ധീകരിച്ചോ? ഇപ്രകാരം വിശുദ്ധിയുടെ ജീവിതം നയിക്കുവാൻ തടസ്സമാകുന്നത് വിവാഹജീവിതത്തിന്റെ പവിത്രതയും, ലക്ഷ്യവും, ബുദ്ധി കൊണ്ടും, സമ്പത്തുകൊണ്ടും മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ്. കുടുംബബന്ധത്തിന്റെ ആത്മീയ ഭാവം ഹൃദയം കൊണ്ടേ മനസ്സിലാക്കാനാവൂ. വിവാഹത്തിലൂടെ ലഭിക്കുന്ന ദൈവകൃപയുടെ കണ്ണാടിയിലൂടെ മാത്രമേ കുടുംബ മഹത്വം ഉൾക്കൊള്ളാൻ സാധിക്കൂ, ഈ കൃപകളോട് ദമ്പതികൾ സഹകരിക്കുമ്പോഴാണ് കുടുംബ ബന്ധങ്ങളിൽ കർത്താവിന്റെ മുദ്ര തെളിഞ്ഞു കാണാൻ സാധിക്കുന്നത്.

വിവാഹത്തിന്റെ മഹത്വവും, ഉത്തരവാദിത്വവും ഏറ്റു വാങ്ങിയവരെന്ന നിലയിൽ, കർത്താവിന്റെ കൃയുടെ മുദ്രയുമായാണ് ദമ്പതികൾ ജീവിക്കുന്നത്. അത് കർത്താവിന്റെ തിരുരക്തത്തിന്റെ മുദ്രയാണ്. അടുത്ത തലമുറയിലേയ്ക്ക ഈ മുദ്ര പതിപ്പിച്ച് കർത്താവിലെത്തിക്കാൻ ഒരുക്കുകയാണ് കുടുംബ ജീവിതത്തിന്റെ ലക്ഷ്യം.

കുടുംബ മഹത്വം ഉൾക്കൊണ്ട് വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന കുടുംബം അനുഗ്രഹിക്കപ്പെടും. ഇതിനുദാഹരണം വി. ബൈബിളിലെ തോബിത്തിന്റെ പുസ്തകം 8-ാം അദ്ധ്യായത്തിൽ കാണാം. മണവറയിലേയ്ക്ക് പ്രവേശിച്ച തോബിയാസ് തനിക്കു ലഭിച്ച വിവാഹ ജീവിതത്തിന് ദൈവത്തിന് നന്ദി പറയുന്നു (തോബി 8:5). തുടർന്ന് ദൈവത്തിന്റെ തലമുറകൾ തോറുമുള്ള പദ്ധതികളെപ്പറ്റി അനുസ്മരിക്കുകയും ദൈവം ആദത്തെ സൃഷ്ടിച്ച് ഹവ്വായെ നൽകുകയും ചെയ്തെന്ന് പ്രാർത്ഥിച്ച്

അനുസ്മരിക്കുന്നു (തോബി: 8: 6). ദൈവമാണ് ജീവിത പങ്കാളിയെ തരുന്നതെന്ന് പ്രാർത്ഥനയിൽ ഏറ്റു പറയുന്നു. വിവാഹത്തിന്റെ അടിസ്ഥാന ലക്ഷ്യം സ്നേഹമാണെന്നും, ജഡികമായ അഭിലാഷമല്ലെന്നും, മണവറയിൽ അവൻ പ്രഖ്യാപിക്കുന്നു. തുടർന്ന് മരണം വരെ ഭാര്യയോടൊപ്പം ജീവിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിച്ച് ഭാര്യയായ സാറായുടെ കരങ്ങൾ ചേർത്തു പിടിച്ചപ്പോൾ അവൾ ആമേൻ എന്നു പറയുന്നു.... ഈ പ്രാർത്ഥന അവനെ മരണത്തിൽ നിന്ന് രക്ഷിക്കുന്നു. അവനുവേണ്ടി ഉണ്ടാക്കിയ ശവക്കുഴിയ്ക്കു പകരം മണവറയിൽ അവൾ ഉറങ്ങുന്നു. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം തകരുകയില്ലെന്ന് ഈ ഭാഗം നമ്മോടു സാക്ഷ്യപ്പെടുത്തുകയാണ്. അവിടെ തകർച്ചകൾക്കോ, അവിശ്വസ്തതകൾക്കോ, തിന്മയുടെ അന്ധകാര ശക്തികൾക്കോ സ്ഥാനമില്ല. ഇവയുടെ മധ്യത്തിലൂടെ മരണം വരെ ഒന്നിച്ചു നിൽക്കാനുള്ള കൃപ ലഭിക്കുന്നു. പ്രഭാതത്തിലും, പ്രദോക്ഷത്തിലും, വേദനയിലും, രോഗങ്ങളിലും, ഉയർച്ചകളിലും, താഴ്ചകളിലും, കുടുംബാംഗങ്ങൾ കരം ചേർത്ത് പ്രാർത്ഥിക്കുമ്പോൾ കുടുംബബന്ധം പരാജയപ്പെടുകയില്ല, മാത്രമല്ല അപ്പന്റെയും, അമ്മയുടെയും, വിരുദ്ധ ജീവിതം മക്കൾക്കും അടുത്ത തലമുറകൾക്കും അനുഗ്രഹമായ് മാറും. മാതാപിതാക്കൾ കർത്താവിന്റെ കൽപ്പന പാലിച്ചാൽ കർത്താവിനെ സ്നേഹിച്ചാൽ, മക്കളോട് ദൈവം അചഞ്ചലമായ സ്നേഹം പ്രകടിപ്പിക്കും (നിയമ. 7:8) മക്കളോട്, ആയിരമായിരം തലമുറയോട് കർത്താവു കരുണ കാണിക്കും. (പുറ 20:6).

ഒന്നിച്ചു കുടുംബ പ്രാർത്ഥന നടത്തുന്നതുപോലെ പ്രധാനപ്പെട്ടതാണ് ഒന്നിച്ചു ദേവാലയത്തിൽ പോകുന്നത്. വി. ബലിയിൽ പങ്കെടുക്കുന്നതും, വി. കുമ്പസാരത്തിന് സ്നേഹത്തോടെ പ്രേരിപ്പിക്കുന്നതും, വി. വചനം വായിക്കാൻ ഓർമ്മിപ്പിക്കുന്നതും, കുടുംബജീവിതത്തിന്റെ പരസ്പരമുള്ള സാക്ഷ്യമാണ്. അനുരജ്ഞന കൂദാശ സ്വീകരിക്കുന്ന മാതാപിതാക്കന്മാർ പശ്ചാത്തപിക്കുമ്പോൾ, മക്കൾക്കും പരി. ആത്മാവിനെ ലഭിക്കും (അപ്പ. 2:39). ഇതുവഴി കുടുംബത്തിൽ അനുരജ്ഞനം സാധ്യമാക്കാൻ സാധിക്കും. ദേവാലയത്തിൽ നിന്നും, വി. കുമ്പസാരത്തിലൂടെയും, വി. കുർബ്ബാനയിലൂടെയും ലഭിച്ച ദൈവകൃപ അപ്പനിലൂടെയും, അമ്മയിലൂടെയും ഒഴുകി കുഞ്ഞുങ്ങളിലെത്തുമ്പോൾ, പരസ്പരമുണ്ടാക്കിയ മുറിവുകൾ സൗഖ്യമാവുകയും കർത്താവിന്റെ രക്തത്താൽ മുദ്രപതിപ്പിച്ച തിരുക്കുടുംബങ്ങളായി മാറുകയും ചെയ്യും.

●

## അമ്മ മനസ്സ്



**സി. സോണിയ OSS**
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്,
തിരുവല്ല അതിരൂപത

# സഹനത്തിലൂടെ മഹത്വത്തിലേയ്ക്ക്

തിക്താനുഭവങ്ങളുടെ ഒരുപിടി ഓർമ്മകൾ നൽകുന്ന കുടുംബ കഥയാണ് ജോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നത്. ജോബ് നേരിടുന്ന ദുരിതങ്ങൾ സാമ്പത്തിക തകർച്ചയിലും, മക്കളുടെ മരണത്തിന്റ വേർപാടിലും ഒതുങ്ങി നിൽക്കുന്നില്ല. ആരോഗ്യം നഷ്ടപ്പെടുന്നു, കുടുംബത്തിലും, സമൂഹത്തിലും ഒരുപോലെ തിരസ്കൃതനാകുന്നു. എന്തിനേറെ താങ്ങും തണലുമാകേണ്ട ഭാര്യയിൽ നിന്നും കിട്ടുന്നത് നിന്ദനമാണ്. ജോബിന്റെ സ്നേഹിതന്മാരും, അദ്ദേഹത്തെ വെറുതെ വിടുന്നില്ല. അദ്ദേഹത്തിന്റെ ഈ ദുരന്തങ്ങൾക്ക് കാരണം അദ്ദേഹം തന്നെയാണ് എന്നാണ് അവർ വാദിക്കുന്നത്.

മരുഭൂമിയിലെ മുൾപ്പടർപ്പിൽ തീ കത്തുന്നതുപോലെ വേദനയുടെ അഗ്നി ജോബിന്റെ കുടുംബത്തെ കത്തിയെരിയിക്കുമ്പോൾ ജോബ് സ്വീകരിക്കുന്ന മനോഭാവം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. "അമ്മയുടെ ഉദരത്തിൽ നിന്ന് നഗ്നനായി ഞാൻ വന്നു. നഗ്നനായിത്തന്നെ ഞാൻ പിൻവാങ്ങും. കർത്താവ് തന്നു, കർത്താവ് എടുത്തു, കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ." (ജോബ് 1:21). എല്ലാ ദുരിതങ്ങളും ഏറ്റുവാങ്ങിക്കൊണ്ടുള്ള ജോബിന്റെ ജീവിതത്തിൽ നിരാശയോ, പഴിചാരലോ, പരാതിയോ ഒരിക്കൽ പോലും നാം കാണുന്നില്ല.



ജോബിനെപ്പോലുള്ള വ്യക്തികളും, കുടുംബങ്ങളും നമുക്ക് ചുറ്റും ഇന്ന് ഉണ്ട് ഒരു പക്ഷേ ആകസ്മിക മരണം, അപകടം, രോഗം, സാമ്പത്തിക തകർച്ച എന്നീ ദുരിതങ്ങൾ കുടുംബങ്ങളുടെ മേൽ ഇടിത്തീപോലെ വന്നു വീഴുമ്പോൾ, അന്യായമായി പീഡനങ്ങൾ ഏറ്റു വാങ്ങേണ്ടി വരുമ്പോൾ, ദൈവത്തെയും, അവിടുത്തെ അസ്ഥിത്വത്തെയും നാം സംശയിച്ചേക്കാം. നാം വിശ്വസിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്ന ദൈവം ഇത്ര ക്രൂരനാണോ എന്ന് നിശബ്ദമായെങ്കിലും, ചിന്തിച്ചു പോയേക്കാം. ഇത്തരം വികാരങ്ങൾ നമ്മെ ദൈവതിരുകരാക്കുന്നില്ലെന്ന സദ്‌വാർത്തയാണ് ജോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.


ജോബിനെപ്പോലെ ഈയവസ്ഥയിലൂടെ കടന്നു പോകുന്നവരോട് തീർച്ചയായും ദൈവം സംസാരിക്കുക തന്നെ ചെയ്യും. അവർക്ക് തന്റെ പദ്ധതിയെക്കുറിച്ച് അവിടുന്ന് ഉൾക്കാഴ്ച നൽകും. എല്ലാം നശിച്ചു എന്നു കരുതുമ്പോഴും ജീവന്റെ പുതുനാമ്പുകൾ അവരുടെ ജീവിതത്തിലുണ്ടാകും. അതാണ് ജോബിന്റെ പൂർണ്ണമായും നാമാവശേഷമാക്കപ്പെട്ട കുടുംബത്തിലും സംഭവിക്കുന്നത്.

അതിനാൽ എല്ലാം നഷ്ടപ്പെടുന്ന, തകർച്ചയിലൂടെ കടന്നു പോകേണ്ടി വരുന്ന സാഹചര്യങ്ങളിൽ ആത്മഹത്യയിലല്ല നാം അഭയം തേടേണ്ടത്. പരാതിയിലും, പരിഭവത്തിലും ജീവിതം തള്ളിനീക്കരുത്. വിദ്വേഷത്തിന്റെയും, വെറുപ്പിന്റെയും കുഴിയിൽ ചെന്നു വീഴരുത്. ഒരു കാര്യം ഓർക്കുക ഭൗതിക ദുരിതങ്ങൾ നമ്മെ വേട്ടയാടുമ്പോൾ നമ്മെ അവ വ്രണപ്പെടുത്തുന്നെങ്കിലും, തകർത്തു കളയുന്നില്ല. നമ്മുടെ മുറിവുകളെ ഉണക്കാനും മുറിവുകൾ മാരകമല്ലാതാക്കിതീർക്കുവാനും ശക്തിയുള്ളവനിൽ പൂർണ്ണമായും നമ്മെത്തന്നെ സമർപ്പിക്കുക. അപ്പോൾ കുടുംബങ്ങളിലെ സഹനം ലാഭകരമായിത്തീരും....

●

# ദീപ്തസ്മരണയിൽ

ഒരു പൂവ് വിരിഞ്ഞ് സുഗന്ധം പരത്തിയതിന്റെ ഓർമ്മകൾ സുഗന്ധം പോലെ ഓരോ ജൂലൈ15നും പരക്കുന്നു ഈ പാരിലാകമാനം. അതെ ഭാഗ്യചരിതനായ ഈവാനിയോസ് പിതാവിന്റെ പുണ്യസ്മരണകളെ നിലനിർത്താൻ നമുക്കൊരു ദിനം പോരാ. അക്കമിട്ടു നിരത്തി അദ്ദേഹത്തിന്റെ വീരോചിതമായ നിലപാടുകൾ നമുക്കൊരായുസ്സു മുഴുവൻ ധ്യാനിക്കാനാകും. മലമുകളിൽ നിന്നും താഴ്വാരങ്ങളിലേക്കിറങ്ങിയ ആ മഹാമുനി നമ്മെ കൂട്ടിക്കൊണ്ടുപോയത് കടലിന്റെ വിശാലതയിലേക്കാണ്. എല്ലാവർക്കും എല്ലാമായിത്തീർന്ന പിതാവ്. അനന്തപുരിയിൽ അദ്ദേഹത്തിന്റെ കബറിടത്തിലേക്കെത്തുന്ന ജനസഹസ്രങ്ങൾ പിതാവിന്റെ ജീവിത വിശുദ്ധിയുടെ സാക്ഷ്യങ്ങളാണ്. വഴിയിൽ പതിയിരുന്നു ദുരന്തങ്ങളെയെല്ലാം വകഞ്ഞുമാറ്റി ആ വന്ദ്യ പിതാവ് യാത്ര ആരംഭിച്ചു. സന്ന്യാസത്തിന്റെ ഗിരിശൃംഗങ്ങളിൽ വ്യാപരിച്ചു. നിർമ്മലമായ ജീവിത മനസാക്ഷികൊണ്ട് അനേകരെ ദൈവാനുഭവത്തിലേക്കാനയിച്ചു. കാലത്തിനു മുമ്പേ നടന്നു നീങ്ങിയ ആ കർമ്മയോഗിയുടെ പാദാരവിന്ദങ്ങളിൽ സഹസ്രപ്രണാമം. സങ്കടങ്ങളുടെ പെരുമഴക്കാലം ശിരസ്സിനു മുകളിൽ തോരാതെ പെയ്യുമ്പോഴും ദൈവാശ്രയ ബോധത്തിന്റെ തണലിൽ വിരാജിച്ച പിതാവ് ചരിത്രത്തിനു തന്നെ വലിയ ഇതിഹാസങ്ങൾ മെനഞ്ഞു തന്നു. അതിജീവനത്തിന്റെ കലയെ അഭ്യസിച്ച പുണ്യ ചരിതൻ ഇന്നു നമ്മുടെ ഓർമ്മകളെയും തൊട്ടു തലോടുന്നു. കാലം പിന്നിടുന്തോറും കാലാതിവർത്തിയായി അദ്ദേഹം ജനമനസ്സുകളിൽ ജീവിക്കുന്നു. ഈ ലോക ജീവിതത്തെ ധന്യമാക്കാൻ ജപിച്ചും തപിച്ചും കഴിയാൻ രൂപം നൽകിയത് ബഥനി ആശ്രമ പ്രസ്ഥാനമായിരുന്നു. പ്രാർത്ഥനയും ധ്യാന മനനങ്ങളുമായി ബഥനിയിൽ ജീവിച്ച ഈ കാഷായ




വസ്ത്രധാരി വലിയൊരു പ്രവാചകനാണെന്നു സഭയ്ക്കു മനസ്സിലായി. അതുകൊണ്ടാണല്ലോ

വിശുദ്ധിയുടെ പടവുകളിൽ ആ പുണ്യ പിതാവിനെ നാം പ്രതിഷ്ഠിക്കുന്നത്. ഓർമ്മയുടെ

പുസ്തകത്താളിൽ മായാതെ കാത്തു സൂക്ഷിക്കുന്ന സുദിനമാണ് ജൂലൈ 15. പുണ്യം പൂത്തുലയട്ടെ ഒരു ജന്മംകൊണ്ടു ഒരു ജനതയെ രൂപപ്പെടുത്തിയ മഹിതാചാര്യന് ബഥനിയുടെ പ്രണാമം. ബഥനിയെ ബഥനിയാക്കുവാൻ മാർ ഈവാനിയോസിന്റെ കർമ്മധീരത വളരെ സഹായിച്ചിട്ടുണ്ടെന്നു വാസ്തവം. ആകാശത്തേക്കു ഞാൻ മിഴികളുയർത്തിയപ്പോൾ നക്ഷത്രം എന്നോടു പറഞ്ഞു ഭൂമിയിൽ അവതരിച്ച മാർ ഈവാനിയോസ് മണ്ണിലല്ല മറിച്ച് മനസ്സിലാണു ജനിച്ചതെന്ന്. അതെ മഹത്ജന്മങ്ങൾ മണ്ണിലല്ല മനസ്സിലാണു പിറവിയെടുക്കുന്നത്. ഓരോ ജൂലൈ 15 ഉം നിന്റെ വ്യത്യസ്ഥ ദർശനങ്ങളുടെ ബഹിർസ്ഫുരണമാണ്. അത് ഓരോ പ്രഭാതത്തിലും പുതിയ കാഴ്ചകൾ സമ്മാനിക്കുന്നു. ജീവിതത്തിന്റെ വ്യത്യസ്ഥമായ നിലപാടുകൾ യഥാക്രമം ദൈവേഷ്ടത്തിനായി സജ്ജമാക്കിയൊരാചാര്യൻ നമ്മെ യാത്രയായിട്ട് വർഷം 61 കഴിഞ്ഞു. ഇനിയും ശ്രാദ്ധപ്പെരുന്നാളുകൾ കടന്നുവരും ഓരോ പുതിയ പ്രഭാതം പോലെ എന്നുമത് മനുഷ്യ മനസ്സുകളിൽ ദൈവം മനുഷ്യ പ്രപഞ്ചം വിരിയിക്കും. കാലമെത്ര ശ്രമിച്ചാലും ഈ ചരിത്രത്തെ തിരുത്തിക്കുറിക്കാനാവില്ല.

**Libin Varghese OIC**
**Bethany Ashram**



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

**2014 ജൂലൈ 6**
**പെന്തിക്കോസ്തിക്കുശേഷം നാലാം ഞായർ**
**ലൂക്കോസ് 6:27–36, 1 കോരി 10 : 14–22**

വിശാല ലോകത്തോടുള്ള എല്ലാ ക്രിസ്തുശിഷ്യരോടുമുള്ള ഉദ്ബോധനമാണ് 'സമതല പ്രസംഗം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ ഭാഗം. ശത്രുക്കളെയും സ്നേഹിക്കണമെന്നതാണ് ഇന്നത്തെ വായന പഠിപ്പിക്കുന്നത്. യേശു എന്നും – ഇന്നും – അനുവാചകരെ അഭിസംബോധന ചെയ്തുകൊണ്ടിരിക്കുകയാണ്.

വിശ്വാസത്തെ പ്രതി ശിഷ്യരെ പീഡിപ്പിക്കുന്നവരാണ് ശത്രുക്കൾ. ശത്രുസ്നേഹമെന്ന ഉദ്ബോധനം നൂതനം തന്നെയാണ് – പുതിയ വീഞ്ഞ് പുതിയ കുടത്തിൽ. പുതുമയാർന്നതും അസാധാരണവും അസ്വീകാര്യമെന്ന് തോന്നാവുന്നതുമായ നിർദ്ദേശം തന്നെ, സംശയമില്ല. പുതിയ നിയമത്തിലെ പ്രതികരണ പ്രത്യേകതയാണിത്. സ്നേഹിക്കുക, നന്മ ചെയ്യുക, അനുഗ്രഹിക്കുക, പ്രാർത്ഥിക്കുക – പുതിയ പാക്കേജിൽ 4 കാര്യങ്ങളടങ്ങിയിരിക്കുന്നു. അതീവ താത്പര്യത്തോടെ ചെയ്യേണ്ടവയാണിവ. ഡർബാനിൽ വെള്ളക്കാരന്റെ ചവിട്ടേറ്റ ഗാന്ധിജിക്ക് അതു സാധിച്ചു എന്നോർക്കുക. നമുക്കും അസാദ്ധ്യമല്ലതന്നെ.

നാല് ഉദാഹരണങ്ങളിലൂടെ വിവരണം തുടരുന്നു. പിന്നിൽനിന്ന് ചെകിട്ടത്തടിക്കുന്നവരോട് പ്രതികരിക്കേണ്ടവിധം ശ്രദ്ധേയമാണ്. അടി എന്നു പറയുമ്പോൾ ഒരു പക്ഷേ, അപ്പസ്തോലപ്രവർത്തനങ്ങളിൽ (14:19) പൗലോസിന് കിട്ടിയ അടിയുമാവാം – ചാകാറാകുന്നതുവരെ കിട്ടിയ അടി. മേലങ്കിയെന്നാൽ



ശീതകാല സംരക്ഷണമാണ്. അത് പിടിച്ചുപറിക്കുന്നവരെയും സ്നേഹിക്കണം. കണക്കുപറയാതെ ഔദാര്യം കാട്ടണമെന്ന് ഗ്രഹിക്കണം. അതിക്രമിച്ചു കയറി വസ്തുവകകൾ തട്ടിയെടുക്കുന്നവരോടും വിദ്വേഷം പാടില്ല. അവരെ സ്നേഹിക്കുകയും വേണം. ഇതാണ് മൗലികമായ സ്നേഹം. പ്രതികാരം ചെയ്യാതെ ദൈവസ്നേഹ മഹിമയിലേക്ക് അവരെ ആനയിക്കണം. ചുരുക്കത്തിൽ പഴയനിയമത്തിലെ പകരത്തിനു പകരം എന്ന നയമായിരിക്കരുത് ക്രിസ്തു ശിഷ്യരുടെ നയം. ഉപദ്രവം ഏറ്റുവാങ്ങുമ്പോഴും ശത്രുവിന്റെ നന്മ ആഗ്രഹിക്കണം, നന്മ പ്രകടിപ്പിക്കണം, അവരെ അനുഗ്രഹിക്കണം, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം. സമ്പൂർണ്ണ സ്നേഹത്തിന്റെ അടയാളമതാണ്. ക്രിസ്തുശിഷ്യരുടെ മുഖമുദ്രയും മുദ്രാവാക്യവും അതത്രേ.

പതിനെട്ടാം നൂറ്റാണ്ടു മുതൽ 'സുവിശേഷത്തിലെ സുവർണ്ണ നിയമം' (The golden rule of gospel) എന്നറിയപ്പെടുന്ന 31-ാം വാക്യം സുപ്രധാനമാണ് – നിങ്ങളോട് പെരുമാറണമെന്നാഗ്രഹിക്കുന്നതുപോലെ നിങ്ങൾ പെരുമാറണം. അപരൻ നമ്മെ സ്നേഹിക്കണമെന്നും, നമ്മെപ്പറ്റി നന്മ മാത്രം പറയുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും ആഗ്രഹിക്കാത്തവരായി ആരാണുള്ളത്? എല്ലാവരും ആഗ്രഹിക്കുന്നതുപോലെ അപരനോട് പെരുമാറാൻ കൂടി കഴിഞ്ഞാൽ ഭൂമിയിൽ സ്വർഗ്ഗം വിരിയിക്കാം. വലിയ വെല്ലുവിളിയാണ് സുവിശേഷം നമുക്കു മുന്നിൽ ഉയർത്തുന്നത്. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും ക്ഷമിക്കണമേ എന്ന പ്രാർത്ഥനയുടെ പൂരകനിയമമാണിത്.

വായനയുടെ രണ്ടാം ഭാഗം ഈ നിയമത്തിന്റെ വിശദീകരണമെന്നോണമാണ്. ലോകരീതിക്കും നീതിക്കും അതീതമായ സ്നേഹസമീപനമാണ് ശിഷ്യർക്കുണ്ടാകേണ്ടത്. കിട്ടുമെന്ന് പ്രതീക്ഷിച്ച് കൊടുത്താൽ, കാര്യം കാണാനുള്ള പ്രായോഗിക സ്നേഹം മാത്രമാകും. നൽകുന്നതാണ് ശ്രേയസ്കരം എന്നു പറഞ്ഞ കർത്താവിന്റെ വാക്കുകൾ നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കുന്നു (അപ്പ. 20:35) എന്ന് പൗലോസ് ഉദ്ധരിച്ചിരിക്കുന്ന ഭാഗമിതാണ്.

ദൈവത്തിന്റെ സവിശേഷ മേന്മയാണ് കരുണ. ഒരുവന്റെ നന്മ നോക്കിയല്ല കരുണ കാണിക്കേണ്ടത്. സവിശേഷ മേന്മയുള്ളവരാകുവാൻ ശിഷ്യരും കരുണാർദ്ര സ്നേഹം കാണിക്കണം. കരുണയും കരുതലും ഹൃദ്യതയും പെരുമാറ്റത്തിൽ പ്രകടമാകണം.

പഴയനിയമ ഉടമ്പടി: ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ. പുതിയ ഉടമ്പടി: നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ. കരുണ കാട്ടണമെന്നത് ഐശ്ചികമല്ല അനിവാര്യമാണ്.

ഇതൊക്കെ എങ്ങനെ സാധിക്കും? തനിക്കെതിരെ വെടി ഉതിർത്ത അലി അഗ്കയെ തടവറയിൽ സന്ദർശിച്ചു ക്ഷമ നൽകിയ ജോൺ പോൾ രണ്ടാമൻ പാപ്പ വിശുദ്ധിയിലേക്കാണ് നടന്നു കയറിയത്. തങ്ങളുടെ പ്രിയമകൾ സിസ്റ്റർ റാണി മരിയയുടെ ഘാതകൻ ധാരാസിംഗിനോട് നിരുപാധികം ക്ഷമിച്ചു എന്നു പറയുവാൻ ധീരത കാണിച്ച മാതാപിതാക്കന്മാരും വ്യത്യസ്ഥരല്ല. തന്റെ ഭർത്താവിനെയും രണ്ടു പിഞ്ചു കുഞ്ഞുങ്ങളെയും ചുട്ടുകൊന്ന പാതകിയോട് ക്രിസ്തീയ സ്നേഹം മുൻനിർത്തി ക്ഷമിച്ച മിസ്സിസ് ഗ്രഹാം സ്റ്റെയിനും ഈ കാലഘട്ടത്തിൽ ക്രിസ്തീയ ചൈതന്യം ഉണർത്തുകയായിരുന്നു. വിശുദ്ധരെല്ലാം തന്നെ സുവിശേഷ സുവർണ്ണ നിയമം പാലിക്കുന്നതിൽ വ്യഗ്രതയും ജാഗ്രതയും പുലർത്തിയവരാണ്. അവർ ക്രിസ്തീയ ജീവിത മാതൃകകളായി നിലകൊള്ളുന്നതും അതുകൊണ്ട് തന്നെ.

**ഫാ. ഏബ്രഹാം നടുവിലേടം**

## 2014 ജൂലൈ 13
## പെന്തിക്കൊസ്തിക്കു ശേഷം 5-ാം ഞായർ
## ലൂക്കോ 9:57-62 2 കോരി 6:14-18

അനുഗമനം എന്ന വാക്കിന്റെ അർത്ഥം കൂടെ നടക്കുക എന്നാണ്. ദൈവത്തെ അനുഗമിക്കുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ വഴികളിൽ ദൈവത്തോടൊപ്പം നടക്കുക. അവനവന്റെ വ്യക്തിതാത്പര്യങ്ങളിലൂടെ നടക്കുവാൻ ആഗ്രഹിക്കുന്നവൻ പലപ്പോഴും ചിന്തിക്കുന്നത് ആ വഴികളിൽ ദൈവവും കൂടെയുണ്ട് എന്നാണ്. അത്തരം തെറ്റിദ്ധരിക്കപ്പെട്ട മൂന്ന് അനുഗമനങ്ങളെ കുറിച്ചാണ് കർത്താവ് ഇവിടെ പരാമർശിക്കുന്നത്.

നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും. ഹൃദയ വിചാരങ്ങൾ അറിയുന്നവനാണ് ദൈവം. അവന്റെ ചിന്തയിലെ അനുഗമനത്തിന്റെ അർത്ഥം കർത്താവ് തിരിച്ചറിയുന്നു. മഹത്വത്തിന്റെ വലത്തു ഭാഗത്തിരിക്കുവാനുള്ള വ്യഗ്രതയും അപ്പം ഭക്ഷിച്ചു തൃപ്തിയായതിന്റെ അനുഭവവുമാണ് കർത്താവിനെ അനുഗമിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നത്. കുറുനരികളുടെ മാളവും ആകാശപറവകളുടെ കൂടും പ്രകൃതിയിലെ ബലഹീന ജീവികളുടെ സുരക്ഷാ സങ്കേതങ്ങളുടെ പ്രതീകമാണ്. അതുപോലും ഇല്ലാതിരിക്കുന്ന ലൗകീക അരക്ഷിതാവസ്ഥയിലാണ് യഥാർത്ഥ ആത്മീയ അനുഗമനം സാധ്യമാവുക. കർത്താവ് അവനെ ഓർമ്മിപ്പിക്കുന്നത്



അതാണ്.

ആദ്യംപോയി എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിച്ചാലും . ദൈവീകമായ കാര്യങ്ങൾ നമ്മുടെ മുൻഗണനാക്രമത്തിൽ എവിടെ നില്ക്കുന്നു എന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം ഭരമേൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ മാറ്റിവച്ച് വ്യക്തിതാത്പര്യങ്ങൾക്ക് പുറകേ പോകുന്നവൻ ദൈവീക വിളികളിൽ എങ്ങനെ പരാജയപ്പെടുന്നു എന്ന് ഈ പ്രതികരണം നമുക്ക് കാണിച്ചു തരുന്നു. മരിച്ചവർ മരിച്ചവരെ സംസ്കരിക്കട്ടെ എന്ന കർത്താവിന്റെ വാക്കുകൾ ഭൗതീകതയിൽ തത്പരരായിരിക്കുന്നവർക്ക് ആസന്നമായിരിക്കുന്ന ആത്മീയ മരണത്തെയാണ് സൂചിപ്പിക്കുന്നത്.

വീട്ടുകാരോട് വിടവാങ്ങൽ അനുവദിക്കണം. ദൈവം ഭരമേൽപ്പിക്കുന്ന കാര്യങ്ങൾ ഒക്കെതന്നെ കാലത്തിന്റെ തികവുകളിൽ പൂർത്തീകരിക്കപ്പെടേണ്ടതാണ്. അത് മറ്റെല്ലാത്തിനും ശേഷം ചെയ്യപ്പെടേണ്ടതോ മറ്റാരുടെയൊക്കെ അഭിപ്രായങ്ങൾക്കും ആശങ്കകൾക്കും വിധേയപ്പെടേണ്ടതോ അല്ല. ദൈവത്തിന്റെ വഴികളിൽ ആകുലതകൾക്കോ തിരിഞ്ഞു നോട്ടങ്ങൾക്കോ സാധ്യതയില്ല. അങ്ങനെയുള്ളവൻ ലോത്തിന്റെ ഭാര്യയെപ്പോലെ രക്ഷയുടെ ദൈവാനുഭവത്തിൽ നിന്ന് തിരസ്കൃതനാവും.


അനുഗമനം മുകളിൽ പറഞ്ഞ മൂന്നു മനോഭാവങ്ങളല്ല എന്നു പറയുന്നതിലും ഉചിതം എന്താണ് എന്നു പറയുന്നതാവും. കർത്താവിനെ അനുഗമിച്ച ശിമയോന്റെയും, അന്ത്രയോസിന്റെയും, യാക്കോബിന്റെയും, യോഹന്നാന്റെയും ജീവിതകഥകളിൽ അത് ഉണ്ട്. തത്ക്ഷണം വലകളുപേക്ഷിച്ച്, വഞ്ചിയുപേക്ഷിച്ച്, പിതാവിനെയും വിട്ട് അവനെ അനുഗമിച്ചു.

***ഫാ. തോമസ് പയ്യംപ്പള്ളിൽ***

**ജൂലൈ 20**
**പെന്തിക്കോസ്തിക്കുശേഷം ആറാം ഞായർ**
**വി. ലൂക്കോസ് 15: 1 – 7, 1 കോരി 12: 12 – 26**

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 15–ാം അദ്ധ്യായത്തിന്റെ ആദ്യത്തെ ഏഴുവാക്യങ്ങളാണ് ഇന്നത്തെ വിശുദ്ധ കുർബാനയ്ക്കുള്ള ഏവൻഗേല്യോൻ വായന. ഈ ഭാഗത്തെ വേദപണ്ഡിതർ ഏകകണ്ഠമായി വിശേഷിപ്പിക്കുന്നത് ഈ സുവിശേഷത്തിനുള്ളിലെ സുവിശേഷം എന്നാണ് നല്ല ഇടയന്റെ ഉപമയാണത്.

വിശുദ്ധ ലൂക്കോസ് രംഗസജ്ജീകരണം നടത്തുന്നത് യേശുവിനെ കേൾക്കാനും അവിടുത്തെ പ്രവർത്തികൾ വീക്ഷിക്കാനും എത്തുന്ന വലിയ ജനാവലിയെ അവതരിപ്പിച്ചുകൊണ്ടാണ്. അവരെ സുവിശേഷകൻ രണ്ടു വിഭാഗമായി തിരിക്കുന്നുണ്ട്. ചുങ്കക്കാരും പാപികളുമടങ്ങുന്ന ഇസ്രായേൽ സമൂഹത്തിലെ പുറംപോക്കിലുള്ളവർ ഒന്ന്. രണ്ടാമത്തെ കൂട്ടർ സമൂഹത്തിലെ വിശുദ്ധരും വിജ്ഞാനികളുമായി കണക്കാക്കപ്പെടുന്ന ഫരിസയർ. ആദ്യത്തെ കൂട്ടർ തങ്ങളോടു സ്നേഹപൂർവ്വം പെരുമാറുന്ന യേശുവിന്റെ വാക്കുകൾ കേൾക്കാനും തങ്ങളുടെ രോഗങ്ങൾക്കും, പ്രയാസങ്ങൾക്കും വിമുക്തി നേടാനുമാണ് വരുന്നത്. രണ്ടാമത്തെ കൂട്ടർ ഫരിസയർ യേശുവിനെ ഏതു വിധം വാക്കിൽ കുടുക്കാം എങ്ങനെ സമൂഹമദ്ധ്യേ അവഗണിക്കപ്പെട്ടവനാക്കാം എന്ന് പദ്ധതിയുണ്ടാക്കാനും ആണ്. അവർ ആദ്യം



വിമർശനം തുടങ്ങി. ഇവൻ പാപികളോടും ചുങ്കക്കാരോടുമൊത്ത് ഭക്ഷണം കഴിക്കുന്നു. യേശു കേൾക്കെ പറഞ്ഞതുകൊണ്ട് അവിടുന്ന് അതിന് കുറിക്കുകൊള്ളുന്ന ഉത്തരം പറയുകയാണിവിടെ. അവരെ തന്നെ കർത്താവിന്റെ സ്ഥാനത്തു നിർത്തി, നിങ്ങളിലാരുണ്ട് എന്ന് ചോദിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്.

നൂറ് ആടുകളുടെ ഇടയൻ അതിലൊന്ന് കൂട്ടം വിട്ടുപോയാൽ ബാക്കി തൊണ്ണൂറ്റൊമ്പതിനെയും മലയിൽ വിട്ടിട്ട്, മലയടിവാരത്തും പാറയിടുക്കിലും വെള്ളപ്പാച്ചിലിലുമെല്ലാം അന്വേഷിച്ച് കണ്ടെത്തുമ്പോൾ എന്തൊരു സന്തോഷമാകും. ഭയന്നും ക്ഷീണിച്ചും അവശനായ അതിന്റെ കൈകാലുകൾ കെട്ടി തോളിൽ വച്ചുകൊണ്ടുവന്നു. കുടുംബാംഗങ്ങളെയും നാട്ടുകാരെയും തന്റെ സന്തോഷത്തിൽ പങ്കുകാരാക്കാതെ ഏതിടയാനാണ് ജീവിക്കാൻ സാധിക്കുക എന്നും അവിടുന്ന് ചോദിക്കുന്നു. പാപം ചെയ്ത് ദൈവത്തെ വിട്ടുപോയ പാപി മനസ്തപിക്കുമ്പോൾ സ്വർഗ്ഗത്തിൽ ഉണ്ടാകുന്ന സന്തോഷവും ഇതും തമ്മിൽ താരതമ്യപ്പെടുത്തുകയാണ് യേശു ഇവിടെ. പാപിയെ ഉപേക്ഷിക്കുന്നതല്ല ദൈവത്തിന്റെ രീതി. മറിച്ച് അവനെ അനുതാപത്തിന് പ്രേരിപ്പിച്ചു വീണ്ടും തന്റെ സ്നേഹത്തിലേക്ക് ഒട്ടിച്ചു നിർത്തുന്നതാണ്.

തോളിൽ ആടിനെയുമായി നിൽക്കുന്ന നല്ലിടയന്റെ ചിത്രം ഒരു വാക്കിന്റെയും സഹായമില്ലാതെ നമുക്കു മനസ്സിലാക്കുന്ന ദൈവ കരുണയുടെ പാഠമാണ്. അതു ഞാനാണെന്നുകൂടെ സങ്കല്പിക്കാൻ സാധിച്ചാൽ ഒരു ധ്യാനം നടത്തിയ ഫലം നമുക്കുണ്ടാകും. യേശു തന്നെപ്പറ്റി പറയുന്നത് താൻ ആട്ടിൻതൊഴുത്തിന്റെ വാതിൽ ആണ് (യോഹ. 6:7–9). വാതിൽ കാവൽക്കാരനാണ്, നല്ല ഇടയനാണ് (വാ.11) എന്നൊക്കെ വിശുദ്ധ യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ വ്യക്തമാക്കുന്നുണ്ടല്ലോ.

ദൈവത്തെ ഇടയനായും ഇസ്രായേൽ സമൂഹത്തെ ദൈവത്തിന്റെ അജഗണമായും ചിത്രീകരിക്കുന്ന പാഠം, പൂർവ്വപിതാവായ യാക്കോബിൽ ആരംഭിക്കുന്നതാണ് എസക്കിയേൽ ദീർഘദർശിയുടെ ഗ്രന്ഥത്തിൽ നാനാവശങ്ങളും ചേർത്ത് ആ ബന്ധത്തെ വളരെ ആഴവും അർത്ഥവും ഉള്ളതാക്കി മാറ്റുന്നതു കാണാം (അദ്ധ്യായം 34). ഉത്തരവാദിത്തബോധം നഷ്ടപ്പെട്ട സമൂഹനേതാക്കൾ ശിക്ഷാർഹരാകുന്നതും, അവർക്കു പകരം തന്റെ അജഗണത്തെ താൻ തന്നെ നയിക്കുമെന്നും ഒരു സമയത്ത് ദൈവം പറയുന്നുണ്ട്. എന്റെ ആടുകളെ ഞാൻ തന്നെ നയിക്കും. വരാനിരിക്കുന്ന ദാവീദിനെ കൊണ്ട് (വരാനിരിക്കുന്ന രക്ഷകൻ) ഇടയശുശ്രൂഷ ഞാൻ നടത്തിക്കും എന്നും പ്രവചിക്കപ്പെട്ടിരിക്കുന്നു.

യേശുവിന്റെ അജഗണത്തിൽ ഉൾപ്പെട്ട് ജീവിക്കുന്ന നമുക്ക് ആ അവസ്ഥയിൽ സന്തോഷം ഉണ്ടായിരിക്കണം. മനസ്തപിക്കുന്ന പാപിയെ ഉപേക്ഷിക്കാത്ത ദൈവത്തിൽ പൂർണ്ണമായ വിശ്വാസം ഉണ്ടായിരിക്കണം. വിശ്വാസം നഷ്ടപ്പെട്ടവരുടെ തിരിച്ചുവര

വിനായി ക്ഷമയോടെ കാത്തിരിക്കണം; പ്രാർത്ഥിക്കണം. പോയതുപോട്ടെ എന്ന മനഃസ്ഥിതി യേശുവിന്റേതല്ല. അന്വേഷിച്ചു പിന്നാലെ പോകുന്ന ദൈവസ്നേഹം ആണ് നമുക്ക് വേണ്ടത്.

**ഫാ. തോമസ് പുതിയവീട്ടിൽ**

## 2014 ജൂലൈ 27
## പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ
## കൊളോ. 2, 12 – 15; വി. മത്തായി 12, 22 – 32

വിശുദ്ധ മത്തായിയുടെ സുവിശേഷം 12-ാം അദ്ധ്യായത്തിലെ 22 മുതലുള്ള പതിനൊന്നു വാക്യങ്ങളാണ് ഇന്നത്തെ വിശുദ്ധ കുർബ്ബാനയ്ക്കുള്ള സുവിശേഷഭാഗം. യേശുവിന്റെ ശത്രുക്കൾ ബുദ്ധിശൂന്യമായ ആരോപണങ്ങൾ അവിടുത്തേക്കെതിരെ ഉന്നയിക്കുന്നതും അവ രുടെ അപഹാസ്യത സാധാരണ മനുഷ്യർക്കുപോലും മനസ്സിലാകുന്ന ഭാഷയിൽ ഏതാനും ചോദ്യങ്ങളിലൂടെ യേശു വെളിവാക്കുകയും ചെയ്യുന്ന ഒരു സംഭവമാണത്.

കുരുടനും മുടന്തനുമായ ഒരു വ്യക്തി യേശുവിന്റെ പക്കൽ വന്നു സൗഖ്യം പ്രാപിക്കുന്നു. അയാൾ കാഴ്ചയുള്ളവനായി; സംസാരിക്കാൻ തുടങ്ങി. ഏതു മനുഷ്യനും അത്ഭുതവും സന്തോഷവും കൊണ്ടു നിറയുന്ന സംഭവം. സാധാരണ ജനങ്ങൾക്ക് അതു സാധിച്ചു. അവർക്കു കൂടുതലും സാധിച്ചു. അതൊരു അടയാളമായി കണ്ടു. അവർ പരസ്പരം ചോദിച്ചു. ഇവൻ തന്നെയല്ലേ വരാനിരിക്കുന്ന ദാവീദിന്റെ പുത്രൻ രക്ഷകൻ.

നന്മ കാണാൻ ശീലിച്ചിട്ടില്ലാത്ത യേശുവിന്റെ ശത്രുക്കളായി വേഷം കെട്ടിയ ഫരിസയർ ഒരു ജാള്യതയുമില്ലാതെ പറഞ്ഞു: ഇതിലെന്തുകാര്യം? അവൻ പിശാ



ചുക്കളുടെ തലവൻ ആയ ബൽസെബൂലിനെക്കൊണ്ടാണ് പിശാചുക്കളെ പുറത്താക്കുന്നത്. യേശുവും പെട്ടെന്നു പ്രതികരിച്ചു. ചോദ്യങ്ങളിലൂടെ അവരുടെ അഹന്തയെ വട്ടപൂജ്യമാക്കി. ഒന്നാമത്തെ ചോദ്യം: ഉള്ളിൽ ഭിന്നതയുണ്ടായാൽ ഏതു രാജ്യത്തിനാണ് ശക്തമായ ഒരു രാജ്യമായി നിലനിൽക്കാൻ സാധിക്കുക? രണ്ട്: ഏതു നഗരത്തിന് അഥവാ വീടിനാണ് ഉള്ളിൽ ഭിന്നതയുണ്ടായാൽ ഒറ്റക്കെട്ടായി നിൽക്കാനാകുക. മൂന്ന്: ഭിന്നതയുള്ള ഒരു രാജ്യത്തെ കീഴ്പ്പെടുത്താൻ മറ്റു രാജ്യങ്ങൾക്കു പ്രയാസം നേരിടുമോ? ഏറ്റം അവസാനമായി പിശാചിന്റെ തലവൻ ബേൽസബൂബിന് എതിരായി അവന്റെ തന്നെ കുട്ടിപ്പിശാചുക്കൾ തിരിഞ്ഞാൽ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? പ്രവർത്തിക്കും? തിരിച്ചവർക്ക് ഒരു പ്രഹരവും കൂടി അവിടുന്ന് നൽകി: ഞാൻ ഇതൊക്കെ ചെയ്യുന്നത് പിശാചുക്കളുടെ സഹായത്താലാണെങ്കിൽ ഇതേ പ്രവർത്തികൾ ചെയ്യുന്ന നിങ്ങളുടെ മക്കൾ പിശാചുക്കളുടെ സഹായത്താൽ തന്നെയാണോ അതൊക്കെ നടത്തുന്നത്. ഒരുത്തരവും അവർക്കുണ്ടാകുകയില്ലല്ലോ?


അവർക്കൊരു വലിയ ശിക്ഷയുടെ സാദ്ധ്യത കൂടെ അവിടുന്ന് പ്രഖ്യാപിക്കുന്നു. സത്യത്തിനെതിരായി ആത്മവഞ്ചന ചെയ്യുന്ന, പറഞ്ഞുപരത്തുന്ന നിങ്ങൾ ചെയ്യുന്നത് ആത്മാവിനെതിരായ പാപമാണ്. അത് മനഃപൂർവ്വം ചെയ്യുന്നതാകയാൽ മാനസാന്തരപ്പെടാൻ സാധിക്കയില്ല. അങ്ങനെ അവ മോചനമില്ലാതെ മാറും. രണ്ടു ലോകങ്ങളിലും ക്ഷമ കിട്ടാത്ത പാപം ആയി അതുമാറും.ആത്മ വഞ്ചന അനുതാപത്തെ തടയുന്ന ക്രൂരതയാണല്ലോ?.

പരദൂഷണം സ്വഭാവമാക്കിയ ഫരിസയർ ചിലപ്പോൾ നമ്മൾക്കും പ്രേരണ നൽകിയേക്കാം. പ്രഭാഷകന്റെ പുസ്തകം 28-ാം അദ്ധ്യായം 13 മുതൽ 26 വരെ വാക്യങ്ങൾ പരദൂഷണത്തിന്റെ പലവിധമായ ഫലങ്ങളെ എടുത്തു കാണിക്കുന്നുണ്ട്. വ്യക്തിഹത്യ, കുടുംബശൈഥില്യം, സാമൂഹ്യാസ്വസ്ഥത, ആത്മീയ നഷ്ടങ്ങൾ തുടങ്ങിയവ. 13-ാം വാക്യം തുടങ്ങുന്നതിങ്ങനെ: “പരദൂഷകനും ഏഷണിക്കാരനും ശപിക്കപ്പെട്ടവർ.” 16-ാം വാക്യത്തിൽ പറയുന്നതിങ്ങനെ: “അപവാദത്തിനു ചെവി കൊടുക്കുന്നവൻ സ്വസ്ഥത അനുഭവിക്കുകയോ സമാധാനത്തിൽ കഴിയുകയോ ചെയ്യുകയില്ല.” 23-ാം വാക്യം: “കർത്താവിനെ പരിത്യജിക്കുന്നവർ അതിന്റെ പിടിയിൽ അമരും.” അതുകൊണ്ട് പരദൂഷണം അതായത് അപരനെപ്പറ്റി മോശമായതൊന്നും നമ്മുടെ നാവിൽനിന്നു പുറപ്പെടാതിരിക്കട്ടെ. മറിച്ച് മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുവാനും മറ്റുള്ളവരിൽ നന്മ കാണാനും നമുക്ക് ഈ സുവിശേഷഭാഗം പ്രേരണയാകട്ടെ.

**ഫാ. തോമസ് പുതിയവീട്ടിൽ**



# കറ്റാർ വാഴ



സിജി മാത്യു,ബോധന, തിരുവല്ല.

**ഔഷധതോട്ടങ്ങൾ** നിർമ്മിക്കുമ്പോൾ നമ്മൾ ഭംഗിയുള്ളതുമാത്രമല്ല തിരഞ്ഞെടുക്കേണ്ടത്. നമ്മുടെ ചുറ്റുപാടുകളിൽ ഉള്ള എല്ലാ സസ്യങ്ങളും ഔഷധഗുണമുള്ളതാണ് എന്ന് നമ്മൾ തിരിച്ചറിയണം. കറ്റാർ വാഴ നല്ല ഒരു ഔഷധസസ്യമാണ്. നമ്മൾ ഇതിന്റെ ഗുണം എന്താണന്ന് മനസിലാക്കിയില്ലായെന്നു മാത്രം. പെൺകുട്ടികൾ ഉള്ള മാതാക്കൾ മാത്രമേ കറ്റാർവാഴയെക്കുറിച്ച് കുറച്ചെങ്കിലും ചിന്തിക്കാറുള്ളൂ എന്നുള്ളതാണ് വാസ്തവം. പണ്ടു മുതൽക്കെ കറ്റാർ വാഴയും ബ്രഹ്മിയും മുടി തഴച്ചു വളരുന്നതിന് നല്ല ഔഷധമാണെന്ന് മനസിലാക്കിയിരുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയിൽ നമ്മുടെ ആയുർവ്വേദം പുറകിലായി. എന്നാൽ അടുത്ത കാലയളവുകളിൽ ആയുർവ്വേദം മുന്നോട്ടുവരുന്നു എന്ന് സന്തോഷം നല്കുന്നു.

കറ്റാർ വാഴയുടെ പോളയാണ് ഔഷധമായി ഉപയോഗിക്കുന്നത്. മനുഷ്യശരീരത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ, വയറുവേദന, സ്ത്രീകൾക്ക് ആർത്തവസമയത്തുണ്ടാകുന്ന വയറുവേദനയ്ക്കും കറ്റാർവാഴയുടെ നീര് രാവിലെയും വൈകിട്ടും അഞ്ച് മില്ലി മുതൽ പത്ത് മില്ലി വരെ സേവിക്കുന്നത് വയറുവേദനയ്ക്ക് ശമനം ഉണ്ടാക്കിയിരുന്നു. ശരീരത്തിനുണ്ടാകുന്ന ക്ഷതങ്ങൾക്ക് കറ്റാർവാഴ നീരും കോഴിമുട്ടയും ചേർത്ത് ഔഷധമായി സേവിച്ചിരുന്നു. കൂടാതെ കുഴിനഖത്തിന് കറ്റാർവാഴയുടെ നീരും പച്ച മഞ്ഞളും കൂടി അരച്ച് കുഴിനഖത്തിൽ വച്ച് കെട്ടിയാൽ ശമനം ഉണ്ടാകും.

പ്രമേഹരോഗികൾ ഇപ്പോൾ കറ്റാർ വാഴയുടെ നീര് സേവിച്ച് രോഗശമനം ഉണ്ടാകുന്നു. ക്യാൻസർ രോഗികളായിട്ടുള്ളവർ കറ്റാർവാഴയുടെ നീരും ശുദ്ധമായ ചെറുതേനും ചേർത്ത് നല്ല ഔഷധമായി ഉപയോഗിക്കുന്നു.

മുടി സദൃദ്ധിയായി വളരുന്നതിന് കറ്റാർവാഴ നീലയമരി, നെല്ലിക്ക, കൈയ്യൊന്നി, തുളസി, പനിക്കൂർക്ക, കിഴുങ്ങാനെല്ലി, മൈലാഞ്ചി, ചെമ്പരത്തി മുതലായ ഔഷധ സസ്യങ്ങളുമായി ചേർത്ത് ശുദ്ധമായ വെളിച്ചെണ്ണയിൽ കാച്ചി ഉപയോഗിക്കുന്നത് നന്നായിരിക്കും. കൊച്ചുകുട്ടികൾക്ക് ജലദോഷം, പനി തുടങ്ങിയ രോഗങ്ങളിൽ നിന്നും ശമനം ഉണ്ടാകും.

കറ്റാർവാഴയുടെ പോള ഇടിച്ച് പിഴിഞ്ഞെടുത്ത് ഉണക്കിയെടുക്കുന്ന ഔഷധമാണ് ചെന്നിനായകം. കറ്റാർവാഴ നീര് തലയിൽ തെക്കുന്നതു വളരെ നല്ലതാണ്. തലയ്ക്ക് തണുപ്പു ലഭിയ്ക്കുന്നു. കണ്ണിനു നല്ല സുഖകരമായ അവസ്ഥ ലഭിക്കുന്നു. വാതം, വിഷം, കഫം, ജ്യരം, ഗ്രന്ഥിവീക്കം, തീപ്പൊള്ളൽ, രക്തപിത്തം ഇവയെ ശമിപ്പിക്കാൻ കറ്റാർവാഴ നീരിനു കഴിയും.

രോഗ പ്രതിരോധ ഗുണമുള്ള ഔഷധസസ്യങ്ങളിൽ കറ്റാർ വാഴയുടെ ഗുണം ഒന്നു വേറേ തന്നെയാണ്. പലമാറാരോഗങ്ങളും പിടിപെട്ടിട്ടുള്ള മനുഷ്യരുടെ ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി നഷ്ടമാകുന്നു. ഈ നഷ്ടമാകുന്ന രോഗപ്രതിരോധശേഷി വീണ്ടെടുക്കുവാൻ കറ്റാർവാഴയുടെ നീരിന് സാധിക്കും.ദിവസവും 2 മില്ലി എങ്കിലും കറ്റാർ വാഴ നീര് കുടിക്കുന്നതു ശരീരത്തിന് നന്നായിരിക്കും. നമ്മുടെ പ്രപഞ്ചത്തിൽ വസിക്കുന്ന ഈ ചെറു ഔഷധസസ്യം ഔഷധങ്ങളുടെ കലവറയാണ്. ഈ ചെടിയും നമ്മുടെ തോട്ടത്തിലെ അംഗമാക്കിയാൽ അതു നമ്മൾക്കും വരും തലമുറകൾക്കും ആരോഗ്യവും സമ്പത്തും നിലനിർത്തും എന്നുള്ളതിന് സംശയമില്ല.




# വിശുദ്ധ ഇഗ്നേഷ്യസ് ലെയോള

**ആൻസി തോമസ്, പുല്ലാട്**

സ്പെയിനിൽ അസ്പെയിസിയാ പട്ടണത്തിനടുത്തുള്ള ലെയോളാപ്രഭു കുടുംബത്തിൽ 12 മക്കളിൽ ഇളയവനാണ് ഇഗ്നേഷ്യസ്. അമ്മയുടെ മരണശേഷം അമ്മാവിയുടെ സംരക്ഷണയിലായിരുന്നു അവർ വളർന്നത്.പിതാവ് ഭാതീക പുരോഗതി കാംക്ഷിച്ച് തദനുസൃതമായ പരിശീലനം അവനു നൽകിയിരുന്നു. ഒരമ്മാവനാണ് അവനെ എഴുത്തും വായനയും പഠിപ്പിച്ചത്.

യുദ്ധക്കളത്തിൽ വച്ചുണ്ടായ അപകടം അദ്ദേത്തെ മാനസാന്തരത്തിന്റെ വഴിയിലേക്ക് എത്തിച്ചു. സ്പെയിൻ രാജ്യത്തിന്റെ ഒരു പ്രവിശ്യയായ നവോറ പിടിച്ചെടുക്കാൻ ഫ്രെഞ്ചു സൈന്യം ആക്രമിച്ചപ്പോൾ അവരെ എതിർത്ത് നിന്നു കാവൽ സേനയുടെ ജീവനായി മാറി ഇഗ്നേഷ്യസ്. എന്നാൽ ശത്രുക്കളുടെ തോക്കിൽ നിന്നു വരുന്ന വെടിയുണ്ടകൾ ഏറ്റ് ഇളകിയ ഒരു കല്ല് വലതുകാലിൽ ചെന്നുമുട്ടി അതിനെ തകർത്തു. ആശുപത്രികിടക്കയിലായ ഇഗ്നേഷ്യസിനെ അംഗവൈകല്യം ഒഴിവാക്കാൻ അസ്ഥികളിൽ ശസ്ത്രക്രിയ നടത്തി. കാലിന്റെ നീളം കൂട്ടാൻ ഒരു ഇരുമ്പുയന്ത്രം കാലിൽ ഉപയോഗിച്ചു. ആ കിടക്കയിൽ അദ്ദേഹത്തിനെ വായിക്കാൻ കിട്ടിയത് ലുഡോൾഫ് എഴുതിയ ക്രിസ്തു ചരിത്രവും വിശുദ്ധ ന്മാരുടെ ജീവചരിത്രവുമാണ്. അവ വായിക്കാതെ നിവർത്തിയില്ലായിരുന്നു. വായനയ്ക്കു ശേഷം സ്വന്തം ഇഷ്ടത്തിനനുസരിച്ച് ജീവിക്കുന്ന തന്റെ ജീവിതവും ദൈവത്തെ പിഞ്ചെല്ലുന്ന അവരുടെ ജീവിതവും തമ്മിലുള്ള അന്തരം കണ്ട് വിസ്മയിച്ചു. അവനും ഇവനും പുണ്യപ്പെടാമെങ്കിൽ എനിക്ക് എന്തുകൊണ്ട് ആയിക്കൂടാ എന്ന് ചിന്ത അദ്ദേഹത്തിൽ വന്നു. വിശുദ്ധരെ പിന്തുടരാൻ ഇഗ്നേഷ്യസ് തീരുമാനിച്ചു.



ആശുപത്രി വിട്ട് ഇറങ്ങിയ ഇഗ്നേഷ്യസ് പുതിയ ഒരു മനുഷ്യനായി. പട്ടുവസ്ത്രങ്ങൾക്ക് പകരം ചാക്കുകൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ചു. തന്റെ പട്ടുവസ്ത്രങ്ങൾ ഒരു യാചകർക്കു നൽകി. വാളും പരിചയും ദൈവമാതാവിന്റെ മുമ്പിൽ സമർപ്പിച്ചു. രാത്രി മുഴുവൻ ആൾത്താരയുടെ മുമ്പിൽ പ്രാർത്ഥിച്ചു. വി. കുർബാന സ്വീകരിച്ചതിനുശേഷം മൻറെസ്സാ എന്ന ഗുഹയിൽ താമസമാക്കി. ആന്തരീകമായി ഒരുങ്ങുകയായിരുന്നു ഇഗ്നേഷ്യസ്. ഗുഹയിലെ പ്രാർത്ഥനയുടെ ഫലമായി "ആത്മീയാഭ്യാസങ്ങൾ" എന്ന പുസ്തകം രചിച്ചു. എന്നാൽ പുണ്യവാന്മാരുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന പോലെ പരീഷണങ്ങൾ ഇഗ്നേഷ്യസും സഹിക്കേണ്ടി വന്നു.

പിന്നിടുള്ള അദ്ദേഹത്തിന്റെ ജീവിതം ദൈവകൃപനിറഞ്ഞതായിരുന്നു. ഇഗ്നേഷ്യസ് വിശുദ്ധനാടുകൾ സന്ദർശിക്കാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം പാലസ്തീനായിൽ എത്തി. തന്റെ ദൗത്യത്തിന്റെ പ്രാരംഭമായിരുന്നു ഈ വിശുദ്ധനാടു സന്ദർശനം. തന്റെ പ്രവർത്തനരംഗം പാലസ്തീനായയാണെന്ന് തിരിച്ചറിഞ്ഞു. എന്നാൽ ഫ്രാൻസിസ്കൻ സന്യാസികൾ അനുകുലിച്ചില്ല ഇഗ്നേഷ്യസ് മടങ്ങി പോകണമെന്ന് ആവശ്യപ്പെട്ടു.

മടക്കയാത്രയിൽ ഇഗ്നേഷ്യസ് തിരിച്ചറിഞ്ഞു പാലസ്തീനയല്ല താൻ സ്ഥാപിക്കാൻ പോകുന്ന സഭയുടെ ആസ്ഥാനമെന്ന്. ബർസൊലോണയിൽ താമസിക്കുന്ന കാലത്തു പ്രാർത്ഥനയ്ക്കും പഠനത്തിനും വേണ്ടി ഒട്ടേറെ സമയം വിനയോഗിച്ച ഇഗ്നേഷ്യസിനെ ധാരാളം ശത്രുക്കളും ഉണ്ടായി. പട്ടണത്തിനു വെളിയിൽ അയഞ്ഞ ജിവിതം നയിച്ചിരുന്ന ഒരു സന്യാസിനി ഭവനമുണ്ടായിരുന്നു. സൽപേരില്ലാത്ത യുവാക്കളുടെ സന്ദർശനമാണ് ഇതിന് കാരണമായത്. ഇഗ്നേഷ്യസ് എന്നും അവിടെ വന്ന് ആൾത്താരയുടെ മുമ്പിൽ പ്രാർത്ഥിക്കാൻ തുടങ്ങി. ദിവസങ്ങളോളം ഇതുകണ്ട സന്യാസിനികൾ പ്രാർത്ഥനയുടെ തീഷ്ണത മനസിലാക്കി തങ്ങളുടെ തെറ്റുകൾ തിരുത്തി പശ്ചാത്തപിച്ചു.

പാരിസ് സർവ്വകലാശാലയിൽ നിന്നും ബൗദ്ധിക കവചത്തിന്റെ ഉടമമായി. സന്ന്യാസസഭ സ്ഥാപിക്കുന്നതിനുള്ള ആധാരശില പാകിയെന്ന് അദ്ദേഹത്തിന് ബോധ്യമായി. ആർബാ മെത്രാനിൽ നിന്നും ഇഗ്നേഷ്യസും ശിഷ്യന്മാരും തിരുപ്പട്ടം സ്വീകരിച്ചു. പ്രേഷിതവേലയ്ക്കായി നടന്ന അവരെ ചക്രവർത്തിയുടെ അംബാസഡർ അവർ മെത്രാൻ പദവിക്കും ചുവന്ന തൊപ്പിക്കും നോട്ടമിടുന്നവരാണ് എന്ന് കുറ്റപ്പെടുത്തി. ഈ അനുഭവവം കൊണ്ട് ഇഗ്നേഷ്യസും തന്റെ സഭയിലുള്ളവരോ ബഹുമതികൾ സ്വീകരിക്കില്ലെന്ന് ദൃഡപ്രതിജ്ഞയെടുത്തു.

ഇഗ്നേഷ്യസ് ലോകത്തോട് വിടവാങ്ങുന്നതിനു മുമ്പ് മാർപാപ്പയിൽ നിന്നും ഈശോ സഭയ്ക്ക് അംഗികാരം നേടി. വിശുദ്ധന്റെ അന്ത്യം സാധാരണ മട്ടിലായിരുന്നു. മരിക്കുമ്പോൾ 65 വയസായിരുന്നു. ഈശോസഭയ്ക്ക് 13 പ്രോവിൻസുകളും 1600 അംഗങ്ങളും ഉണ്ടായിരുന്നു. വിശുദ്ധന്റെ തിരുനാൾ ജൂലൈ 31നാണ്.

# YOUTH
## യൂത്ത് കോർണർ



**ഫാ. ജോർജ്ജ് വലിയപറമ്പിൽ**
എം. സി. വൈ. എം അസി. ഡയറക്ടർ, തിരുവല്ല അതിരൂപത

വ്യക്തിത്വത്തെ വാർക്കുന്ന മൂശയാണ് കുടുംബം. വ്യക്തികൾ രൂപപ്പെടുന്നത് കുടുംബത്തിന്റെ സാഹചര്യങ്ങളിൽ നിന്നാണ്. ഓരോ വ്യക്തിയുടെയും ജീവിതശൈലിക്കും സ്വഭാവരീതിക്കും ഒക്കെ അവന്റെ കുടുംബ സാഹചര്യത്തെ അനുസരിച്ച് ആയിരിക്കും രൂപപ്പെടുക.

തിരക്കിട്ട ജീവിതയാത്രയിൽ കുടുംബ ജീവിതം നയിക്കാൻപോലും മറന്നുപോകുന്ന വിവാഹിതരെ കണ്ടിട്ടുണ്ട്. തങ്ങളുടെ പ്രിയപ്പെട്ടവർക്ക് അപ്പനായോ അമ്മയായോ സഹോദരനായോ സഹോദരിയായോ തീരാൻ പോലും കഴിയാത്ത അനേകം ആളുകൾ നമ്മുടെയിടയിൽ ഉണ്ട്. ഈ യാഥാർത്ഥ്യത്തിന്റെ പിന്നിൽ അറ്റുപോകുന്ന കുടുംബ ബന്ധങ്ങളുടെയും മനുഷ്യബന്ധങ്ങളുടെയും ഒരു ശൃംഖല തന്നെ ഉണ്ട് എന്ന് നാം മനസ്സിലാക്കണം. ഒരുപക്ഷേ, സമയ പരിമിതിയാണ് ഇതിന് നമ്മെ പ്രേരിപ്പിക്കുന്നത് എന്നതായിരിക്കും നമ്മുടെ ന്യായീകരണം.



മണ്ണിനോടും വന്യമൃഗങ്ങളോടും മല്ലടിച്ച് മരം കോച്ചുന്ന തണുപ്പത്ത് മക്കൾക്കുവേണ്ടി മാത്രം ജീവിച്ച മാതാപിതാക്കളുടെ ജീവിതം ഇന്ന് പഴങ്കഥയായി മാറിയിരിക്കുകയാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ അരവയറുമാത്രം നിറച്ച് ജീവിച്ചിരുന്ന അപ്പന്മാരും ആരോടും ആവലാതിപ്പെടാതെ അടുക്കളയുടെ അറ്റങ്ങളിൽ ജീവിതം തള്ളി നീക്കിയ അമ്മമാരുടെ ജീവിതവും ഇന്ന് മുത്തശ്ശി കഥകളായി വഴിമാറിയിരിക്കുകയാണ്. അങ്ങനെ ഒരു കാലം ഇല്ലായ്മപ്പെട്ടുപോയതിന്റെ ദുഃഖം നമ്മുടെ കുടുംബങ്ങളെ അലട്ടുന്നുണ്ട്. കാരണം അന്ന് സ്നേഹബന്ധങ്ങൾക്കും കുടുംബബന്ധങ്ങൾക്കും വില ഉണ്ടായിരുന്നു. പരാതികളും പരിഭവങ്ങളും പാരവയ്പുകളും ഒന്നും അന്ന് ഉണ്ടായിരുന്നില്ല. ഇന്നോ? സ്വന്തം സഹോദരിയെ പീഡിപ്പിക്കാൻ മടിക്കാത്ത സഹോദരൻ... മക്കളെ അന്യനെ വിൽക്കാൻ മടിക്കാത്ത മാതാപിതാക്കൾ... ഭർത്താവിനെ കൊല്ലാൻ കൊട്ടേഷൻ കൊടുക്കുന്ന ഭാര്യ... ഇങ്ങനെ തുടരുന്നു രക്തബന്ധങ്ങളുടെ കഥ...

ഒരു കാലത്ത് ഒന്നിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവും സംസാരവും ഒക്കെയാണ് നമ്മുടെ കുടുംബജീവിതത്തിന് ഓജസ്സ് പകർന്നു തന്നിരുന്നെങ്കിൽ ഇന്ന് ഭിന്നിപ്പിന്റെ ചിന്ത, വേർപിരിയലിന്റെ ആവേശം പകരുന്ന സീരിയലുകളും സിനിമകളും ഒക്കെയാണ് നമ്മുടെ കുടുംബ ജീവിതത്തെ നയിക്കുന്ന ചാലക ശക്തികൾ.

നാളെയുടെ കുടുംബങ്ങളിൽ വിശുദ്ധിയുടെ പരിമളം വീശുന്ന, പുണ്യത്തിന്റെ മുളകൾപൊട്ടുന്ന, ആത്മീയതയുടെ നിറച്ചാർത്തുള്ള പൂന്തോട്ടങ്ങൾ നിർമ്മിക്കാൻ നിയോഗം ഏറ്റെടുക്കേണ്ട യുവതലമുറയെ... നമുക്ക് നമ്മുടെ ജീവിതമാകുന്ന വയലുകൾ നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന നല്ല നിമിഷങ്ങളായി ഒരുക്കാം. കണ്ണീരിന്റെ ഉപ്പായിരിക്കട്ടെ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് രുചി പകരേണ്ടത്. നന്മയ്ക്കായുള്ള ദാഹമായിരിക്കട്ടെ വിശുദ്ധ കുടുംബജീവിതമാകുന്ന നീർത്തടം കണ്ടെത്തുവാൻ നിങ്ങളെ പ്രാപ്തരാക്കുന്നത്.

സീൻ by സീൻ



# പോസ്റ്റ്മെൻ ഇൻ ദ മൗണ്ടൻസ്

"പോസ്റ്റ്മെൻ ഇൻ ദ മൗണ്ടൻസ്" എന്ന ചൈനീസ് ചിത്രം തീർത്തും ലളിതവും കഥാവിഷ്കാരത്തിൽ ഒട്ടും സങ്കീർണതകൾ ഇല്ലാത്തതുമായ ചിത്രമാണ്. വിരമിച്ച മദ്ധ്യവസയ്കനായ പോസ്റ്റുമാനും, ആ ജോലിയിൽ തന്നെ പ്രവേശിക്കുന്ന യൗവനക്കാരനായ തന്റെ മകനും അദ്ദേഹത്തിന്റെ ഭാര്യ, നിഷ്കളങ്കരായ ഗ്രാമീണർ ഇവരാണ് ഈ ചിത്രത്തിലെ കഥാപാത്രങ്ങൾ.

മലമുകളിൽ ഗ്രാമത്തിലേക്ക് കത്തുകൾ വഹിച്ചുപോകുന്ന മദ്ധ്യവസ്കനായ പോസ്റ്റ്മാൻ ആരോഗ്യകാരണങ്ങളാൽ ജോലിയിൽ നിന്ന് വിരമിക്കുകയാണ്. യഥാർത്ഥത്തിൽ അദ്ദേഹത്തിന് ആരോഗ്യപ്രശ്നങ്ങൾ ഒന്നും തന്നെയില്ല എന്നത് ചിത്രം പുരോഗമിക്കുമ്പോൾ പ്രേക്ഷകർ തിരിച്ചറിയുന്നു. തനിക്ക് കലശലായ മുട്ട് വേദനയുണ്ട് എന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും, 'ആ മലയുടെ മുകളിലേക്ക് കയറി പോകുന്നത് യൗവനക്കാരനായ മകനേക്കാൾ വേഗത്തിലാണ്. പിന്നെ ഒരു വൃദ്ധയായ സ്ത്രീയോട് അദ്ദേഹം സംസാരിക്കുമ്പോൾ താൻ ഇപ്പോൾ വൃദ്ധനായിരിക്കുന്നു എന്ന സൂചിപ്പിക്കുകയും, അപ്പോൾ അന്ധയായ വൃദ്ധ പറയുന്നത് "നിനക്ക് നാൽപത്തിയൊന്ന് വയസ് ആയതല്ലേ ഉള്ളൂ". ഈ സംഭാഷണങ്ങൾ വ്യക്തമാക്കുന്നത് അദ്ദേഹത്തിന് അധികം പ്രായമില്ലെന്നും അധികാരികൾ ആ പോസ്റ്റമാനെ നിർബന്ധിച്ച് വിരമിപ്പിച്ചതാണ് എന്നാണ്.

തന്റെ പുത്രൻ കത്തുകളുമായി പോകാൻ ഒരുങ്ങുമ്പോൾ വേണ്ട നിർദ്ദേശങ്ങൾ ആ പിതാവ് മകന് നൽകുന്നു. ഏകദേശം 230 മൈൽ അകലെ യാത്ര ചെയ്യാൻ പോകുന്ന മകനോട് യാത്രയിൽ അവൻ പാലിക്കേണ്ട സമീപനങ്ങളെക്കുറിച്ച് ആ പിതാവ് അവനെ ഓർമിപ്പിക്കുന്നു. മൂന്ന് ദിവസത്തെ യാത്രയാണ് മലയുടെ മുകളിലുള്ള വഴിയിലൂടെ അവന്റെ ഒപ്പം വഴികാട്ടിയായി പോകാൻ കൂട്ടുകാരനായ നായ് വിസമ്മതിക്കുമ്പോൾ, അവന്റെ പിതാവ് അവസാനമായി ഒരിക്കൽകൂടി തന്റെ മകനോടൊപ്പം പോകുന്നു. മകൻ കത്തുകൾ അടങ്ങിയ



ഫാ. എൽദോ മോഴശ്ശേരിൽ




ഭാണ്ഡക്കെട്ട് പുറത്ത് വച്ച് യാത്ര പോകാൻ തുടങ്ങുന്നു. അമ്മയോട് മകൻ യാത്ര ചോദിക്കുമ്പോൾ, വഴിയിൽ വച്ച് മലിനജലം കുടിക്കരുതെന്ന് ആ അമ്മ മകനെ ഉപദേശിക്കുന്നു. ഇത് കേൾക്കുന്ന പിതാവ് തന്റെ ഭാര്യയെ പരിഹാസപൂർവം നോക്കിയിട്ട് 'എന്തൊരു സ്നേഹം' എന്ന് പറയുന്നു. ആ ഒരു നോട്ടത്തിൽ പുരുഷന്റെ പരുക്കമായ സ്വഭാവ സവിശേഷത കാണാം. അമ്മയെ സംബന്ധിച്ച് മകൻ എത്ര വളർന്നാലും അവൻ ആ അമ്മയ്ക്ക് ഒരു കുഞ്ഞോമന മാത്രം. ആ പിതാവ് മലയുടെ മുകളിലേക്ക് കയറി. പുരുഷൻ എന്നത് വേദനയ്ക്കും, ലാളനയ്ക്കും അപ്പുറം അവന്റെ മേധാവിത്വം തെളിയിച്ചവനാണ്. അവൻ കാടിനെയും മൃഗജന്തുക്കളെയും തന്നെത്തന്നെയും ജയിച്ചവനാണ്. അവനെ സംബന്ധിച്ചിടത്തോളം അവന്റെ മകൻ അമ്മയുടെ നിഴലിൽ വളർന്നവനാണ്. പിതാവിന്റെ പ്രത്യേകതകൾ അവന് അന്യമാണ്. ഈ ഒരു യാത്രയിലൂടെ അവന്റെ പിതാവിന്റെ പ്രത്യേകതകളും അവൻ തിരിച്ചറിയുന്നു.

വർഷങ്ങളായിട്ട് ആ മനുഷ്യൻ ഈ മലമുകളിലൂടെ യാത്ര ചെയ്ത് ആ ഗ്രാമത്തിലേക്ക് പോകുകയും അനേകർക്ക് സന്തോഷത്തിന്റെയും ചിലപ്പോൾ ദുഃഖത്തിന്റെയും സന്ദേശം പ്രദാനം ചെയ്തിട്ടുണ്ട്. പലരും അദ്ദേഹത്തിന്റെ വരവും കാത്ത് കണ്ണും നട്ട് കാത്തിരിക്കുന്നു. തന്റെ ജോലിയുടെ മാഹാത്മ്യവും ശ്രേഷ്ഠതയും ആ മനുഷ്യൻ തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ അവസാനത്തെ ദൗത്യത്തിൽ അദ്ദേഹത്തിന് ഒരു ആഗ്രഹമുണ്ട്. തന്റെ സേവനങ്ങൾക്ക് താൻ അംഗീകരിക്കപ്പെടണമെന്ന്.

ആ ഗ്രാമത്തിലുള്ള ആബാലവൃദ്ധം ജനങ്ങൾ വിരമിക്കുന്ന പോസ്റ്റ്മാനെ ഉചിതമായ രീതിയിൽ യാത്രയാക്കുന്നു. പുതിയ പോസ്റ്റ്മാനെ സ്വാഗതം ചെയ്യുന്നു. അവർ മുന്നോട്ട് വീണ്ടും നടക്കുന്നു.

വൃദ്ധയും അന്ധയുമായ ഒരു വല്യമ്മയുടെ വീട്ടിൽ അവർ രണ്ടുപേരും പ്രവേശിക്കുന്നു. ആ മുതിർന്ന പോസ്റ്റ്മാൻ ആ വൃദ്ധയുടെ കൊച്ചുമകൻ അയച്ചുകൊടുത്ത് പണം നൽകുന്നു. പിന്നീട് കൊച്ചുമകന്റെ കത്ത് വായിച്ചു കേൾപ്പിക്കുന്നു. ഭാഗം, ആ മനുഷ്യൻ തന്റെ പുത്രനെക്കൊണ്ട് വായിച്ചു കേൾപ്പിക്കുന്നു. അവർ ആ വൃദ്ധയോട് യാത്ര പറഞ്ഞ് പുറപ്പെടുമ്പോൾ ആ പിതാവിനെ മകൻ കുറ്റപ്പെടുത്തുന്നു. കാരണം മകൻ അയച്ച കത്തെന്നു പറഞ്ഞ് ആ വൃദ്ധയെ വായിച്ചു കേൾപ്പിച്ച കത്ത് അദ്ദേഹം തന്നെ എഴുതിയതാണ്. ഇതിന് ന്യായീകരണമായി അദ്ദേഹം പറയുന്നത് ഈ കത്താണ് ആ വൃദ്ധയായ സ്ത്രീയെ ജീവിപ്പിച്ചു നിർത്തുന്ന ഏക ഘടകം. ആ വൃദ്ധയായ അമ്മൂമ്മ, തന്റെ കൊച്ചുമകനെ സ്വപ്രാണനെപ്പോലെ സ്നേഹിച്ചിരുന്നു.



അവന്റെ അമ്മയുടെ മരണത്തിനു ശേഷം ആ വല്യമ്മയാണ് അവനെ വളർത്തിയത്. ആ ഗ്രാമത്തിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം ഉന്നതമായി ജയിച്ചതും അവരുടെ കൊച്ചുമകനാണ്. അവൻ അങ്ങനെ വളരെ കണ്ണീരോടും സങ്കടത്തോടും നഗരത്തിലെ സർവ്വകലാശാലയിലേക്ക് പോയി. പിന്നീട് ഒരു ഉയർന്ന സർക്കാർ ഉദ്യോഗസ്ഥനായി. പക്ഷേ അവൻ പിന്നെ ഒരിക്കലും തന്റെ ഗ്രാമത്തിലുള്ള വീട്ടിൽ വന്നിട്ടില്ല. തന്റെ പിതാവ് മരിച്ചു എന്ന് അറിഞ്ഞിട്ടുപോലും. പക്ഷേ എല്ലാ മാസവും കൃത്യമായി അവൻ വല്യമ്മയ്ക്ക് പണം അയച്ചു കൊടുത്തിരുന്നു. ആ പോസ്റ്റ്മാന്റെ മകൻ അദ്ദേഹത്തോട് ചോദിക്കുന്നത് "അവൻ പഠിത്തമുള്ളവനല്ലേ, അവനോട് വല്യമ്മയെ കരുതണമെന്ന് പറഞ്ഞു കൂടേ'' എന്ന് പറയുമ്പോൾ ആ പോസ്റ്റ്മാൻ മകനോട് പറയുന്നത് "അവൻ ഒരു സർവ്വകലാശാലയിലെ വിദ്യാർത്ഥി അല്ലേ അവനെ പഠിപ്പിക്കാൻ നമുക്ക് കഴിയുമോ?" എന്നാണ്. ഇത് വളരെ പ്രസക്തമായ ഒരു വാചകമാണ് ഈ സിനിമയിലെ. ഈ സിനിമയുടെ "താക്കോൽ





വാചകം" എന്നൊക്കെ വിളിക്കാം. "The learned cannot be taught" പഠിച്ചവനെ പഠിപ്പിക്കാൻ കഴിയില്ലല്ലോ. ആ അച്ഛനും മകനും തങ്ങളുടെ ഈ യാത്രയിലൂടെ അനേകം കാര്യങ്ങൾ പഠിക്കുന്നു.

അവസാനത്തെ സീനിൽ, ആ രണ്ട് പോസ്റ്റ്മാൻമാരും പച്ചപ്പ് നിറഞ്ഞ് വലിയ ഒരു നിലത്തിൽ വന്നു ചേരുന്നു. വി. ബനഡിക്ടിന്റെ ആപ്തവാക്യം ഇപ്രകാരമായിരുന്നു. "Ora et labora" "Pray and Work" പ്രാർത്ഥിക്കൂ, പ്രയത്നിക്കൂ പ്രയത്നമാണ് പ്രാർത്ഥന Work is Worship എന്ന സുഭാഷിതവും ഈ ഒരു കാര്യം തന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നതും. നാം ചെയ്യുന്ന ജോലിയുടെ മഹത്വത്തെ മനസിലാക്കുവാനും അതിൽ സന്തോഷം കണ്ടെത്താനും നാം ശ്രമിക്കണം. അപ്പോൾ നാം ചെയ്യുന്ന ജോലിയുടെ ഫലദായകത്വം കൂടും.

●



# ഉൾക്കണ്ണ്

## "കിട്ടുണ്ണി ചേട്ടാ...

ഇതുവരെ ശരിയാണോ ?
ഇതുവരെ വളരെ ശരിയാണ്
അടിച്ചു മോളേ.... അടിച്ചു."

ആ ലോട്ടറി കഥയ്ക്കു ശേഷം കാലം ഒത്തിരി കടന്നുപോയി. ഇത് ആ പഴയ ലോട്ടറികഥയല്ല. പഴയ ആ കിട്ടുണ്ണി ചേട്ടനുമല്ല. ഈ കിട്ടുണ്ണി ചേട്ടൻ അങ്ങ് പാർലമെന്റിൽ ചെല്ലുമോ, ചെന്നാൽ എന്തു ചെയ്യും എന്തു പറയും എന്നൊക്കെ ചിന്തിച്ചവർക്ക് തെറ്റി. എന്റെ കാറിൽ ഞാൻ തന്നെ കാണാൻ വരുമെന്നു പറഞ്ഞ് വെല്ലുവിളിച്ചിട്ട് പോയതുപോലെ തന്നെ സംഭവിച്ചു. കാറിൽ തന്നെ, അതും എം. പി. യുടെ കാറിൽ. അത് ശരിക്കും ലോട്ടറി അടിച്ച്.

കിട്ടുണ്ണി ചേട്ടൻ ആളത്ര നിസാരനല്ല എന്ന് പഠിക്കാൻ കോൺഗ്രസുകാർക്ക് അല്പം വൈകിപ്പോയി. ചാലക്കുടി, അങ്കമാലി, പെരുമ്പാവൂർ, ആലുവ, കുന്നത്തുനാട്, കൊടുങ്ങല്ലൂർ, കൈപ്പമംഗലം വഴി പടർന്നു കിടക്കുന്ന ചാലക്കുടി നിയോജകമണ്ഡലത്തിൽ അടി തെറ്റിയാൽ ആരും വീഴുമെന്ന് കോൺഗ്രസുകാർ തന്നായി പഠിച്ചു.




ഒരു സിനിമാക്കാരനോടുള്ള ആരാധന മാത്രമാണിതെന്ന് പ്രചരണ സമയത്ത് ഇടം വലം നോക്കാതെ പലരും തട്ടിവിട്ടു. പിന്നെ അത് തിരുത്തി. കാലുവാരിയതാണെന്നും കാലുപിടിച്ചതാണെന്നും ഒക്കെ പറഞ്ഞ് തലയൂരി, എന്നാലും നമ്മുടെ കിട്ടുണ്ണി ചേട്ടൻ ആള് പഴയതുപോലെയല്ല. പാർലമെന്റിൽ നല്ല ഗമയിൽ തന്നെ എത്തി. ഇനിയുള്ള അഞ്ചുവർഷം പാവത്തിന് ശരിക്കും ജോലിയുടെ കാലമാണ്. സിനിമ പോലെയല്ലല്ലോ രാഷ്ട്രീയം നമ്മുടെ പാവം ചാലക്കുടിക്കാർക്കുവേണ്ടി എന്തെങ്കിലും പറയാൻ നമ്മുടെ കിട്ടുണ്ണി ചേട്ടൻ പാർലമെന്റിൽ ഒന്ന് എഴുന്നേൽക്കുമോ ആവോ അത് നമുക്ക് കണ്ടറിയാം. അത് പ്രതീക്ഷിച്ച് കാത്തിരുന്ന് ഒടുവിൽ ചാലക്കുടിക്കാർ പറയുമോ?


## എന്റെ.... മ്മോ....



നീരേറ്റുപുറം പകലോമറ്റം കുമ്പന്താനത്ത് Prof. Dr. K.C Mathai (HOD Physics Vice Principal St. Aloysius College Edathuva) യുടെയും Mrs. Somy Zachariah (St. Ann's GHSS, Chengannur) യുടെയും മകൻ Sijo Mathew (Nest Software Trivandrum) തിരുവൻവണ്ടൂർ-പാണ്ടനാട് ഐക്കരേത്ത് ഗോപുരക്കാട്ടിൽ Late Mr. Joseph Mathew ന്റെയും Mrs. Marykutty Jose ന്റെയും മകൾ Dimpy Mary Jose (Asst. Manager Bank of India ) തമ്മിലുള്ള വിവാഹം 24-05-2014 ൽ അഭിവന്ദ്യ Philipose Mar Stephanos പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.




Date of Publication: 29-06-2014 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2012-14**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/90**
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 **July 2014**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Dr. Thomaskutty Pathinettil.*